
Aikyadeepam

# ഐക്യദീപം

മെയ് 2015

Since 1976 വില ₹ 10



- ചിലവു കുറഞ്ഞത്
- വൈദ്യുതി ആവശ്യമില്ല
- എളുപ്പത്തിൽ ലഭ്യമാകുന്ന മെറ്റൽ, ചിരട്ടക്കരി, മണൽ എന്നിവ ഉപയോഗിച്ചുള്ള പ്രവർത്തനം

# സുസ്ഥിര ജല ശുദ്ധീകരണ പദ്ധതി
# BODHANA WATER FILTER







**ബോധന**
(തിരുവല്ല സോഷ്യൽ സർവ്വീസ് സൊസൈറ്റി)
പുഷ്പഗിരി റോഡ്, തിരുവല്ല 689 101
ഫോൺ: 0469 - 2730561, 2606063
www.bodhanaspeaks.wordpress.com
E-mail: bodhanatiruvalla@gmail.com

# എഡിറ്റോറിയൽ

editorial



പ്രാർത്ഥനയുടെ ചില്ലുജാലകങ്ങൾ തുറന്ന് പ്രതീക്ഷയുടെ പള്ളിമണികൾ മുഴങ്ങുന്ന ദേവാലയങ്ങൾ നമ്മുടെ പ്രിയപ്പെട്ട ഇടങ്ങളാണ്. കാരണം ഓരോ ദേവാലയവും ഒരായിരം ഓർമ്മകളുടെ ചിത്രശാലകളാണ്. നടന്ന് വളർന്നതും പാടിപ്പഠിച്ചതും സ്നേഹിച്ചതും ഒക്കെ ആ മനോഹര മുറ്റത്താകുമ്പോൾ ഓർമ്മകൾക്ക് ജീവന്റെ ശ്വാസത്തോളം ആഴം ഉണ്ടാകും; മഷികൊണ്ടെഴുതിയ വെറും ഓർമ്മക്കുറിപ്പുകളല്ല പിന്നെയോ അവ സ്വയാനുഭവത്തിന്റെ ജീവനുള്ള ഓർമ്മകൾ കരയണയുന്ന തീരങ്ങളാണ്.

ദേവാലയം ദൈവാനുഭവത്തിന്റെ ആലയമാണ്; അവിടെ ഉയരുന്നത് പ്രാർത്ഥനയും വർഷിക്കപ്പെടുന്നത് ദൈവകൃപയും. പ്രാർത്ഥിക്കാൻ കരങ്ങൾ കൂപ്പിയ എത്ര തലമുറകളുടെ കഥകൾ പറയാനുണ്ട് നമ്മുടെ പുണ്യപുരാതന ദേവാലയങ്ങൾക്ക്. നൂറ്റാണ്ടുകളുടെ യാത്രയെ അതിജീവിച്ച് അവ ഇന്നും പ്രകാശഗോപുരങ്ങൾ പോലെ നിൽക്കുമ്പോൾ വിഭാഗീയതയുടെ അതിർവരമ്പുകളെ ഭേദിച്ച് മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യം ഉള്ള ക്രിസ്ത്യാനികൾ എന്ന ഒരേയൊരു ശീർഷകത്തിൻ കീഴിൽ ഈ ദേവാലയങ്ങളുടെ നന്മകൾ നാം പങ്കുവയ്ക്കേണ്ടതാണ്. ചരിത്രം അറിയുന്നത് സംസ്കാരത്തെ അറിയുന്നതിന് തുല്യം. അറിവിലൂടെ അനുഭവവും അനുഭവത്തിലൂടെ അറിവും ലഭിക്കുന്നതുപോലെ ഈ പുരാതന ദേവാലയങ്ങളെ അടുത്തറിയുമ്പോൾ നമ്മുടെ പാരമ്പര്യങ്ങളിൽ നാം കൂടുതൽ ഉറപ്പിക്കപ്പെടുകയാണ്. ചരിത്രത്തിലെ മുറിവുകൾ മറന്ന് മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യങ്ങളിൽ നാം ഒന്നാണെന്ന സത്യം തിരിച്ചറിയാം.

ഈ ദേവാലയമുറ്റത്ത് കുറച്ചുനേരം സ്വസ്ഥമായി നമുക്കിരിക്കാം. അകലെ കത്തിയെരിയുന്ന തിരികളെ കാറ്റ് ചലിപ്പിക്കുമ്പോൾ പ്രതീക്ഷയുടെ തിരിനാളം നമ്മിൽ കൂടുതൽ ശക്തമാക്കാം. സന്ധ്യയുടെ സിന്ദൂരനിറം ഭൂമിയെ മൂടുമ്പോൾ ഹൃദയത്തിൽ നിന്ന് ഒരു ചെറിയ പ്രാർത്ഥന അരികിൽ കേൾക്കുന്ന പള്ളിമണിപോലെ നമ്മിൽ മുഴങ്ങട്ടെ.

# ഐക്യദീപം

*Aikyadeepam*

2015 മെയ് പുസ്തകം 46 ലക്കം 5



- രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ
- സഹ രക്ഷാധികാരി
  മോസ്റ്റ് റവ. ഡോ. ഫീലിപ്പോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ
- ചീഫ് എഡിറ്റർ
  ഫാദർ വർഗ്ഗീസ് ചാമക്കാലായിൽ
- പ്രസാധകൻ
  തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ
- സർക്കുലേഷൻ മാനേജർ
  ബ്രദർ വർഗ്ഗീസ് കണ്ടത്തിൽ
- ഉപദേശക സമിതി
  മോൺ. ആന്റണി ചെത്തിപ്പുഴ
  റവ. ഫാ. ചെറിയാൻ താഴമൺ
  റവ. ഫാ. പ്രേമാനന്ദ് ഒ.ഐ.സി.
  ശ്രീ. ഷാജി കാരയ്ക്കൽ
  പ്രൊഫ. ജേക്കബ് എം. എബ്രഹാം
  ശ്രീ. ജോമി കലയപുരം
  ശ്രീ. ജിജി മുളമൂട്ടിൽ
  ശ്രീമതി ലീലാമ്മ കച്ചറയ്ക്കൽ



**Printing at: Dona Offset, Kottayam**


**Annual Subscription ₹ 120.00**
**Single Copy ₹ 10.00**
**Overseas: $40.00 or ₹ 2750**

**Bank Details :**
**Chief Editor, Aikyadeepam**
**Andhra Bank, Tiruvalla 689 101**
**A/c No. 110110100023901**
**IFSC. ANDB0001101**
**SWIFT CODE: ANDBINBB**

**Designed by :**
**Prasad P. S.**
**Greeshma Designs, Kottayam**
**Ph: 9447304348**
**gdesignktm@gmail.com**

























## സ്ഥിരം പംക്തികൾ


പ്രബോധനം,
കുടുംബവേദി
അമ്മ മനസ്സ്
ഔഷധത്തോട്ടം
ഉള്ളതുപറഞ്ഞാൽ
സീൻ ബൈ സീൻ

06 **പ്രാദേശിക പാരമ്പര്യങ്ങൾ**
റവ. ഡോ. സേവ്യർ കൂടപ്പുഴ

10 **മാർത്തോമ്മാ ശ്ലീഹായും പുരാതനദേവാലയങ്ങളും ചരിത്രത്തിൽ**
ഫാ. ജോർജ്ജ് കുരിശുംമൂട്ടിൽ

16 **അമ്മമാർക്കുവേണ്ടി ഒരമ്മ**
ഫാ. ജൻസൺ ലാസലെറ്റ്





18 **അമ്മയ്ക്കു വേണോ ഉമ്മ**
മേരി ഷീജാ ഷിബു

20 **'ത്രിത്വത്തിന്റെ കൂട്ടായ്മയിൽ'**
സി. ജൂലിയ ജോർജ്ജ്

24 **ദാമ്പത്യം വഴിപിരിയുമ്പോൾ**
അഡ്വ. ചാർളിപോൾ

27 **പുതിയ പ്രേഷിത വയലുകൾ**
ഫാ. ജോർജ്ജ് തേക്കെടയിൽ



All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly, St. John's Complex Kacheripady, Tiruvalla-1. Phone: 0469-2600626 Fax: 0469-2600822. E-mail: aikyadeepamtvla@gmail.com



# ഇടയശബ്ദം

## മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്







മലങ്കര കത്തോലിക്കാ സഭയെ സംബന്ധിച്ച് ഏറെ അനുഗ്രഹിക്കപ്പെട്ട ഒരു സുദിനമായിരുന്നു മാർച്ച് 26. സഭയുടെ ശുശ്രൂഷകൾ വ്യവസ്ഥാപിതമായ മേഖലകൾക്കപ്പുറമായി നിശ്ചയിച്ചുകൊണ്ട് ഭാരതത്തിലെ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും സുവിശേഷ ശുശ്രൂഷ അനുഷ്ഠിക്കുവാനുള്ള വലിയ നിയോഗമാണ് അതുവഴി ലഭിച്ചത്. മാർത്തോമാ നസ്രാണികളായ നമ്മെ സംബന്ധിച്ച് ഈ വലിയ ഭാഗ്യം നമ്മുടെ സഭയ്ക്കാണ് ആദ്യം ലഭിച്ചതെന്നുള്ള കാര്യം നമ്മെ പരിശുദ്ധ സഭ എത്രമാത്രം കരുതുന്നുവെന്നും, നമ്മുടെ ശുശ്രൂഷകളുടെ ആവശ്യകതയെന്തെന്നും വെളിവാക്കുന്നു. നമ്മുടെ പിതാക്കന്മാർ സ്വപ്നംകണ്ട എല്ലാ കാര്യങ്ങളും നമുക്ക് സാദ്ധ്യമായിത്തീർന്നിരിക്കുകയാണ്. ദീർഘനാളായുള്ള സഭയുടെ ഈ വലിയ ആഗ്രഹം ദൈവം സാദ്ധ്യമാക്കി തന്നിരിക്കുന്നു. ഡൽഹിയിലെ ഗുഡ്ഗാവ് രൂപതയും മഹാരാഷ്ട്രയിൽ പൂനെയിലെ ഘടകി എക്സാർക്കേറ്റും നമ്മുടെ സഭയ്ക്ക് നൽകിയ പ്രത്യാശ വലുതാണ്. അനുഗ്രഹീതരായ നമ്മുടെ ബർണബാസ് പിതാവും അന്തോണിയോസ് പിതാവും ഈ നിയോഗങ്ങൾ ഏറ്റെടുത്ത് പ്രാദേശികസഭയെ നയിക്കുന്നത് എല്ലാത്തരത്തിലും നാം പിന്തുണയ്ക്കണം. വന്ദ്യപിതാക്കന്മാരുടെ നേതൃത്വവും പരിചയസമ്പത്തും എല്ലാറ്റിലും ഉപരിയായി ദൈവമക്കളുടെ വലിയ പിന്തുണയും ആവേശവും നമ്മുടെ വൈദികസന്യസ്തരുടെ സമർപ്പണവും അജപാലന മികവും സഭയ്ക്ക് വലിയ ശുഭാപ്തിവിശ്വാസമാണ് നൽകുന്നത്.

ഡൽഹിയിലെ രൂപതയെ സംബന്ധിച്ച് പറയുമ്പോൾ നമ്മുടെ അതിരൂപതയുടെ നേതൃത്വവും ത്യാഗവും ഏറെ പരാമർശിക്കപ്പെടേണ്ടതാണ്. അഭി. തിമോത്തിയോസ് പിതാവിനെ ഓർമ്മിക്കാതെ ഡൽഹി രൂപതയെപ്പറ്റി പരാമർശിക്കുവാൻ പറ്റില്ല. അതിരൂപതയുടെ സാമ്പത്തികപരിമുറക്കത്തിലും ഡൽഹി പ്രദേശത്ത് അത്യാവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞത് അഭി. പിതാവിന്റെ ദീർഘവീക്ഷണത്തിന്റെയും സഭാസ്നേഹത്തിന്റെയും പ്രതീകമാണ്. ആദ്യ പ്രേക്ഷിതനെന്ന നിലയിൽ സമാദരണീയനായ ബഹു. കളക്കുടി അബ്രഹാം അച്ചന്റെ ഓർമ്മയുടെ മുമ്പിൽ നമ്രശിരസ്കരാകാം.

പരിശുദ്ധ സഭയെ സംബന്ധിച്ച് ഇത് വലിയ ഒരു അനുഗ്രഹമാണ്. സഭയുടെ മിഷണറി ചൈതന്യത്തെ പൊതുസമൂഹത്തിൽ ഉയർത്തിയ പരി. മാർപാപ്പയെയും പൗരസ്ത്യ സഭകളുടെ കാര്യാലയത്തെയും ഭാരതത്തിലെ മെത്രാൻ സമിതിയെയും വിശിഷ്യാ ലത്തീൻ സഭയിലെ പിതാക്കന്മാരെയും നന്ദിയോടെ ഓർക്കാം.

(ശേഷം പേജ് 32)

# പ്രാദേശിക പാരമ്പര്യങ്ങൾ



**റവ. ഡോ. സേവ്യർ ക്രൂടപ്പുഴ**

സുവിശേഷം പ്രസംഗിക്കുവാനുള്ള കല്പന ക്രിസ്തു എല്ലാ ശിഷ്യന്മാർക്കും നല്കി. അവർ എല്ലായിടത്തും സുവിശേഷം പ്രസംഗിച്ചുവെന്ന് വിശുദ്ധ ഗ്രന്ഥം രേഖപ്പെടുത്തി. ചില ശ്ലീഹന്മാരുടെ മാത്രം പ്രവർത്തനത്തെയും പ്രസംഗത്തെയുംകുറിച്ചേ വി. ഗ്രന്ഥത്തിൽ പറയുന്നുള്ളൂ. മറ്റുള്ളവരെപ്പറ്റി അറിയാനെന്തേ മാർഗം? അവർ പ്രവർത്തിച്ച രാജ്യങ്ങളിലെ സ്മാരകങ്ങൾ, പാരമ്പര്യങ്ങൾ, പുരാതന രേഖകൾ തുടങ്ങിയവ പരിശോധിക്കണം. തോമ്മാശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തെപ്പറ്റി അറിയാനും ഇതുതന്നെ മാർഗം.

ഭാരത ക്രൈസ്തവരുടെയിടയിൽ ക്രിസ്തുവർഷം ആദ്യനൂറ്റാണ്ടു മുതൽക്കേ നിലവിലിരുന്ന നിരവധി ഐതിഹ്യങ്ങളും പാരമ്പര്യങ്ങളും തോമാശ്ലീഹായുടെ ഭാരത പ്രവേശനത്തെയും സഭാസ്ഥാപനത്തെയും സൂചിപ്പിക്കുന്നു. വി. തോമാശ്ലീഹാ സുവിശേഷം പ്രസംഗിച്ച സ്ഥലങ്ങളിലെല്ലാം അദ്ദേഹത്തിന്റെ അത്ഭുതങ്ങളെപ്പറ്റിയും സ്ഥാപിച്ച ദേവാ

ലയങ്ങളെപ്പറ്റിയും ഒട്ടേറെ ഐതിഹ്യങ്ങൾ പരമ്പരയാ നിലവിലുണ്ട്. അവ അതേപടി വിശ്വസിക്കേണ്ടതില്ലെങ്കിലും അടിസ്ഥാന സത്യം അവഗണിക്കാവതല്ല. 'മാർത്തോമ്മാ ക്രിസ്ത്യാനികൾ' എന്ന പേരിൽ ഒരു വലിയ ക്രൈസ്തവ സമൂഹം ഇന്നാട്ടിൽ ഇന്നും ഉണ്ട്. ഇതുതന്നെ അപ്പോസ്തോലന്റെ പ്രേഷിതപ്രവർത്തനത്തെ വിളിച്ചറിയിക്കുന്നു. അക്രൈസ്തവരും ക്രൈസ്തവരും ഭാരതത്തിലെ ക്രിസ്തുമതത്തിന്റെ പ്രാചീനത സമ്മതിക്കുന്നു. തോമ്മാശ്ലീഹാ കപ്പലിറങ്ങിയ തുറമുഖവും സ്ഥാപിച്ച പള്ളികളും പ്രാർത്ഥിച്ച മലകളും സംസ്കരിക്കപ്പെട്ട കബറിടവും ഇന്നും സംപൂജ്യമായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ പാദസ്പർശത്താൽ പരിപാവനമായ ഒട്ടേറെ സ്ഥലങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. വിശുദ്ധ ശ്ലീഹാ വൈദികസ്ഥാനത്തേക്കുയർത്തിയവരുടേതെന്നു പറയപ്പെടുന്ന പകലോമറ്റം, ശങ്കരപുരി തുടങ്ങിയ അതിപുരാതന കുടുംബങ്ങൾ ഇന്നുമുണ്ട്. തോമ്മാശ്ലീഹായുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രകീർത്തിക്കുന്ന

**തോമ്മാശ്ലീഹാ കപ്പലിറങ്ങിയ തുറമുഖവും സ്ഥാപിച്ച പള്ളികളും പ്രാർത്ഥിച്ച മലകളും സംസ്കരിക്കപ്പെട്ട കബറിടവും ഇന്നും സംപൂജ്യമായി കരുതപ്പെടുന്നു. അദ്ദേഹത്തിന്റെ പാദസ്പർശത്താൽ പരിപാവനമായ ഒട്ടേറെ സ്ഥലങ്ങൾ കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെടുന്നു. വിശുദ്ധ ശ്ലീഹാ വൈദികസ്ഥാനത്തേക്കുയർത്തിയവരുടേതെന്നു പറയപ്പെടുന്ന പകലോമറ്റം, ശങ്കരപുരി തുടങ്ങിയ അതിപുരാതന കുടുംബങ്ങൾ ഇന്നുമുണ്ട്.**

പാട്ടുകൾ ഇപ്പോഴും ആലപിക്കപ്പെടുന്നു. പ്രാചീനകാലം മുതൽ തന്നെ ഇന്നാട്ടിൽനിന്നും വിദേശത്തുനിന്നും ഒട്ടനേകം പേർ മൈലാപ്പൂരിലെ വി. ശ്ലീഹായുടെ ശവകുടീരം സന്ദർശിക്കുകയും നേർച്ചകാഴ്ചകൾ സമർപ്പിക്കുകയും ചെയ്തുപോരുന്നു. മൈലാപ്പൂരിലല്ലാതെ മറ്റൊരിടത്തും ഇതുവരെയും തോമ്മാശ്ലീഹായുടെ കബറിടം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഈ പ്രാദേശിക പാരമ്പര്യങ്ങളെല്ലാം തോമ്മാ ശ്ലീഹായുടെ ഭാരതപ്രേഷിതത്വത്തിലേക്ക് വിരൽചൂണ്ടുന്നു.

## സപ്തദേവാലയങ്ങൾ

തോമ്മാശ്ലീഹാ കേരളത്തിൽ പ്രേഷിതപ്രവർത്തനം നടത്തിയെന്നതിന്റെ മറ്റൊരു തെളിവാണ് പാലയൂർ, കൊടുങ്ങല്ലൂർ, കോട്ടക്കാവ് (പറവൂർ), കോക്കമംഗലം, നിരണം (തുപ്പാലേശ്വരം), കൊല്ലം, നിലയ്ക്കൽ (ചായൽ) എന്നിവിടങ്ങളിലെ പുരാതന ക്രൈസ്തവ സമൂഹങ്ങൾ. ഇവ സപ്തദേവാലയങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. ഈ സ്ഥലങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ കയറ്റി അയയ്ക്കുന്ന വാണിജ്യകേന്ദ്രങ്ങളുമായിരുന്നു. ഇവിടങ്ങളിൽ വിദേശവാണിജ്യരംഗത്ത് മദ്ധ്യവർത്തികളായി വർത്തിച്ചിരുന്ന യഹൂദരുടെ സജീവസാന്നിദ്ധ്യത്തിന്റെ ഫലമായി യഹൂദകോളനികളുമുണ്ടായിരുന്നു. തന്മൂലം ആദ്യത്തെ ക്രൈസ്തവസമൂഹത്തിൽ ഇവരുടെ സാന്നിദ്ധ്യം സജീവം തന്നെ ആയിരുന്നു. 'ദേവാലയങ്ങൾ'എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഇന്നത്തേതുപോലുള്ള ദേവാലയങ്ങളല്ല. ഈ സ്ഥലങ്ങളിൽ നമ്മുടെ പിതാവ് രൂപംകൊടുത്ത ക്രൈസ്തവ സമൂഹങ്ങളാണ്.

## കൊടുങ്ങല്ലൂർ

പ്രാചീന ഇൻഡ്യയിലെ ഏറ്റവും വലിയ വാണിജ്യകേന്ദ്രമായിരുന്നു കൊടുങ്ങല്ലൂർ. എ.ഡി. 52-ൽ മാർത്തോമ്മാ ശ്ലീഹാ കൊടുങ്ങല്ലൂർ വന്നിറങ്ങിയപ്പോൾ സുറിയാനി ഭാഷ സംസാരിച്ചിരുന്ന ഒരു പ്രബല യഹൂദസമൂഹത്തെ അവിടെ കണ്ടെത്തി. ഭാഷയിലും ആചാരങ്ങളിലും ഒരേ പാരമ്പര്യമുണ്ടാ




യിരുന്ന ഇവരുടെ ഇടയിലായിരുന്നു തോമ്മാശ്ലീഹായുടെ ആദ്യകാല പ്രവർത്തനങ്ങൾ. 'കേരളത്തിലെ ആദ്യസംഘം ക്രിസ്ത്യാനികൾ യഹൂദന്മാർ ആയിരുന്നു. അല്ലാതെ സിറിയായിൽനിന്നു വന്നവരോ പേർഷ്യാക്കാരോ അല്ല' എന്ന് ചരിത്രകാരനായ വില്യം ലോഗൻ പ്രത്യേകം പ്രസ്താവിക്കുന്നു.

തോമ്മാശ്ലീഹാ വന്നിറങ്ങുകയും സുവിശേഷമറിയിക്കുകയും കുരിശു സ്ഥാപിക്കുകയും ചെയ്തത് കൊടുങ്ങല്ലൂരാണ് എന്ന് കെ.പി.പി. മേനോൻ 'കേരളചരിത്ര'ത്തിൽ പ്രസ്താവിക്കുന്നു. കേരളസഭയെ ലത്തീനീകരിക്കാനായി വിദേശമിഷനറി വിൻസെന്റ് ലാഗോസ് സുറിയാനി വൈദിക വിദ്യാർത്ഥികൾക്കായി 1541-ൽ ഒരു സെമിനാരി ആരംഭിച്ചതും ഇവിടെയാണ്. 15-ാം നൂറ്റാണ്ടിന്റെ അവസാനം കൊടുങ്ങല്ലൂരിൽ ഹൈന്ദവക്ഷേത്രമാതൃകയിൽ ഒരു സുറിയാനി ദേവാലയമുണ്ടായിരുന്നെന്ന് പല ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. 1504-ൽ പോർട്ടുഗീസ് സൈന്യാധിപൻ സ്വാരസ് മെനേസിസ് സാമൂ

'പോർട്ടുഗീസുകാർ' കേരളത്തിലെത്തിയപ്പോൾ പാലയൂർ ഒരു പ്രധാന സുറിയാനി ക്രൈസ്തവകേന്ദ്രവും മാർത്തോമ്മാ ക്രിസ്ത്യാനികളുടെ തീർത്ഥാടനസ്ഥലവുമായിരുന്നു. എ.ഡി. 1607-ൽ പാലയൂർ പള്ളി വികാരിയായിരുന്ന ഫാ. ഫിനീസിയോ എസ്. ജെ. തോമ്മാശ്ലീഹാ സ്ഥാപിച്ച പഴയം ദേവാലയം ഉള്ളിലാക്കി ഒരു വലിയ ദേവാലയം പണിതു. പിന്നീട് പഴയത് പൊളിച്ചു. 18-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ടിപ്പുസുൽത്താന്റെ നേതൃത്വത്തിലുള്ള മൈസൂർപട പാലയൂർ ദേവാലയം നശിപ്പിച്ചു. മതപരിവർത്തനത്തിനു വിസമ്മതിച്ചവർ നിഷ്കരുണം വധിക്കപ്പെട്ടു. മറ്റുചിലർ ഒളിച്ചോടി. ബ്രിട്ടീഷ് സൈന്യം ശ്രീരംഗപട്ടണം പിടിച്ചെടുക്കുകയും മൈസൂർപടയെ ഇവിടെനിന്നും തുരത്തുകയും ചെയ്തതോടെ ഒളിച്ചോടിയവർ തിരികെ വന്നു. ചുട്ടുകരിച്ച പള്ളിയുടെ സ്ഥാനത്ത് അവശിഷ്ടങ്ങൾ പുനരുദ്ധരിച്ച് പുതുതാക്കി.

## കോട്ടയ്ക്കാവ്

കോട്ടയ്ക്ക് അകത്തുള്ള കാവ് എന്നർത്ഥമുള്ള കോട്ടയ്ക്കാവ് ദ്രാവിഡ ഹൈന്ദവരുടെ കേന്ദ്രമായിരുന്നു. സർപ്പക്കാവുകൾ അവരുടെ പ്രത്യേകതയായിരുന്നല്ലോ. ഇന്ന് കോട്ടയ്ക്കാവ് പള്ളി കാണുന്നത് വടക്കൻ പറവൂർ (പറവൂർ) പട്ടണത്തിന്റെ പാർശ്വത്തിലായാണ്. കോട്ടയ്ക്കാവ് ഉൾപ്പെടുന്ന മാലിയങ്കരയിൽ ക്രയവിക്രയങ്ങൾക്കായും ചരക്കുകൾ കയറ്റി ഇറക്കുന്നതിനായും ഉപയോഗിച്ചിരുന്ന 'കടനാക്കുകൾ' (road steads) ഉണ്ടായിരുന്നു. കോട്ടയ്ക്കാവ് ദേവാലയം മാർത്തോമ്മാശ്ലീഹാ തന്നെയാണ് സ്ഥാപിച്ചതെന്ന് ക്യൂട്ടോ (Ceuto) എന്ന മിഷനറി 16-ാം നൂറ്റാണ്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

കോട്ടയ്ക്കാവിലെ അമ്പലം പള്ളിയാക്കി മാറ്റുകയായിരുന്നുവെന്നാണ് പുരാതന പാരമ്പര്യം. പള്ളിയുടെ മതിൽ പഴയ അമ്പലത്തിന്റേതന്നെ മതിലാണെന്നു പറയപ്പെടുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ പുരാവസ്തു ഗവേഷണ വകുപ്പ് ആ മതിൽ സംരക്ഷിച്ചുവരുന്നു.

പോർട്ടുഗീസുകാരാണ് ഈ ദേവാലയം ഗർവാസീസിന്റെയും പ്രോത്താസീസിന്റെയും നാമത്തിലാക്കിയത്. ഈ പള്ളിയിൽനിന്നും അരമൈൽ ദൂരത്താണ് 1712-ൽ സ്ഥാപിതമായ യാക്കോബായ ദേവാലയം. യാക്കോബായ വിശ്വാസവുമായി ആദ്യം (1665-ൽ) കേരളത്തിലെത്തിയ മാർ ഗ്രിഗോറിയോസ് മെത്രാന്റെ കബറിടം ഈ ദേവാലയത്തിലാണ്. ഇന്നത്തെ പുതിയ കോട്ടയ്ക്കാവ് പള്ളിക്കു തൊട്ടു പിറകിലായി പഴയ ദേവാലയത്തിന്റെ അവശിഷ്ടങ്ങളായി ഭിത്തികളും പടികളും ബലിപീഠങ്ങളും രണ്ടു കുളങ്ങളും കാണാം.

തിരിയുടെ അധീനതയിലായിരുന്ന കൊടുങ്ങല്ലൂർ പിടിച്ചെടുത്തു. 1536-ൽ പോർട്ടുഗീസുകാരുമായുണ്ടായ ഏറ്റുമുട്ടലിൽ മുഹമ്മദീയർ ഈ ദേവാലയം നശിപ്പിച്ചു. 1622-ൽ ഡച്ചുകാരുടെ കീഴിലായി കൊടുങ്ങല്ലൂർ. 1795-നു ശേഷം കൊടുങ്ങല്ലൂരിന്റെ അവകാശം ഇംഗ്ലീഷുകാർക്കായി. 1952-ൽ കാർഡിനൽ യൂജിൻ ടിസറാങ് കേരളം സന്ദർശിച്ചപ്പോൾ ഇറ്റലിയിലെ ഓർത്താണോ കത്തീഡ്രലിൽ ഉണ്ടായിരുന്ന തോമ്മാശ്ലീഹായുടെ തിരുശേഷിപ്പിന്റെ ഒരു ഭാഗം അഴിക്കോട്ട് സ്ഥാപിച്ചു. 1609 മുതൽ പോർട്ടുഗീസ് മെത്രാന്മാർ കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി ഭരിച്ചിരുന്നു. അവർ 1886-ൽ പിൻവാങ്ങിയെങ്കിലും കൊടുങ്ങല്ലൂരിന്റെ മെത്രാപ്പോലീത്ത എന്ന പദവി ഗോവയിലെ ലത്തീൻ മെത്രാപ്പോലീത്ത ഇപ്പോഴും ഉപയോഗിച്ചുവരുന്നത് വിചിത്രം തന്നെ.!

## പാലയൂർ

ബ്രാഹ്മണരുടെ കേന്ദ്രവും യഹൂദരുടെ ഒരു കമ്പോളവുമായിരുന്നു പാലയൂർ. ഇന്നും ഈ സ്ഥലം 'യൂദക്കുന്ന്' എന്നാണറിയപ്പെടുക. അവിടുത്തെ ഹൈന്ദവക്ഷേത്രം പള്ളിയായി രൂപാന്തരപ്പെടുത്തിയെന്നാണ് പാരമ്പര്യം. ഇതിന്റെ തെളിവുകൾ ഇന്നും ഇവിടടെ ദൃശ്യമാണ്. ശങ്കരപുരി, പകലോമറ്റം, കള്ളി, കാളിയങ്കാവ്, കോയിക്കര, മാടപുരു, നെടുമ്പള്ളി തുടങ്ങിയ മുപ്പത്തിരണ്ട് ഇല്ലക്കാരാണ് അവിടെ ആദ്യം ക്രിസ്തുമതം സ്വീകരിച്ചതെന്നു പാരമ്പര്യമുണ്ട്. ക്രിസ്തുമതത്തിൽ ചേരാതിരുന്ന നമ്പൂതിരിമാർ ഈ സ്ഥലത്തെ ശപിച്ചശേഷം വേമ്പനാട്ടേക്കുപോയി എന്നാണ് ഐതിഹ്യം. അങ്ങനെയാണ് ആ പ്രദേശത്തിനു ശാപക്കാട് (ചാവക്കാട്) എന്നു പേരുണ്ടായതെന്നു പറയപ്പെടുന്നു.



വേമ്പനാട്ടിലെ കുളത്തുമന ബ്രാഹ്മണകുടുംബത്തിൽ സൂക്ഷിച്ചിരിക്കുന്ന നാഗരഗ്രന്ഥവര്യോലയിൽ കലിവർഷം 3153-ൽ വിദേശിയായ തോമ്മാസന്യാസി അവരുടെ ഗ്രാമം അശുദ്ധമാക്കിയതിനെ തുടർന്ന് അവർ ആ ഗ്രാമം വിട്ടുപോന്ന ചരിത്രം രേഖപ്പെടുത്തിക്കാണുന്നു.

## കോക്കമംഗലം

കൊച്ചിയിൽനിന്ന് 32 കി.മീ. തെക്കുകിഴക്കാണ് നമ്പൂതിരി സങ്കേതമായിരുന്ന ഈ സ്ഥലം. അവിടെ മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച സ്ലീവാ ശത്രുക്കൾ പിഴുതെടുത്തു കടലിലെറിഞ്ഞു. അതൊഴുകി പള്ളിപ്പുറത്തിനടുത്തുള്ള മാട്ടേൽ എന്ന മണൽത്തുരുത്തിൽ അടിഞ്ഞു. ഇതു കണ്ടെത്തിയ ക്രിസ്ത്യാനികൾ ഒരു പുതിയ പ്രാർത്ഥനാലയം നിർമ്മിച്ച് ആ സ്ലീവാ പ്രതിഷ്ഠിച്ചു. ഇതാണ് കോക്കമംഗലത്തെ സംബന്ധിച്ച ഐതിഹ്യം.

## നിരണം


ക്രിസ്തുവർഷം ആദ്യ നൂറ്റാണ്ടുകളിൽ ഒരു അന്താരാഷ്ട്രവാണിജ്യകേന്ദ്രമായിരുന്നു നിരണമെന്ന് പറയപ്പെടുന്നു. കുട്ടനാട്ടിലെ 'മേൽ കുട്ടനാട്' എന്ന സ്ഥലത്താണ് നിരണം. ആധുനിക ഗവേഷണങ്ങൾ നിരണത്തിന്റെ വാണിജ്യപ്രാധാന്യം വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഇവിടെയെത്തിയ മാർത്തോമ്മാശ്ലീഹായിൽനിന്നും പട്ടമുക്ക്, തയ്യിൽ, മാങ്കി, മടത്തലാൻ എന്നീ നാലു കുടുംബക്കാർ ജ്ഞാനസ്നാനം സ്വീകരിക്കുകയും അവിടെ ഒരു കുരിശു സ്ഥാപിക്കുകയും ചെയ്തു. കുപിതരായ മറ്റു നമ്പൂതിരിമാർ ആ കുരിശെടുത്ത് പമ്പയാറ്റിൽ എറിഞ്ഞു. കുരിശു കരയ്ക്കടുത്ത സ്ഥലത്തു വീണ്ടും അത് സ്ഥാപിക്കപ്പെട്ടു. ഈ സ്ഥലത്താണ് നിരണം യാക്കോബായ പള്ളി.

## കൊല്ലം

പുരാതനകാലം മുതൽക്കേ കൊല്ലം തുറമുഖവും വാണിജ്യകേന്ദ്രവുമാണ്. മാർത്തോമ്മാശ്ലീഹാ മരിക്കുന്നതിനു മുമ്പ് കൊല്ലത്ത് അത്ഭുതകരമായി സ്ഥാപിച്ചുവെന്നു വിശ്വസിക്കപ്പെടുന്ന ഒരു വലിയ പള്ളിയുണ്ടെന്ന് 1514-ൽ കേരളം സന്ദർശിച്ച ഡുവാർട്ടെ ബർബോസ (Duarte Barbosa) രേഖപ്പെടുത്തുന്നു. കൊച്ചിറാണിയുടെ ആത്മമിത്രവും വിശ്വസ്ത കാര്യസ്ഥയുമായിരുന്നത് പ്രശസ്തയും കുലീനയുമായ ഒരു നസ്രാണി വനിതയായിരുന്നു. 1503-ൽ പോർട്ടുഗീസ് മേധാവി കൊല്ലത്തെത്തിയപ്പോൾ അവിടെ 6000 മാർത്തോമ്മാ ക്രിസ്ത്യാനി കുടുംബങ്ങളുണ്ടായിരുന്നു. ഇവരുടെയിടയിൽ ലത്തീൻ ആചാരങ്ങളും കർമ്മങ്ങളും പോർട്ടുഗീസുകാർ അടിച്ചേല്പിച്ചു. പോർട്ടുഗീസ് പീഡനം സഹിക്കവയ്യാതെ നസ്രാണികൾ ചാത്തന്നൂർ, അടൂർ എന്നിവിടങ്ങളിലേക്ക് പലായനം ചെയ്തു.

## നിലയ്ക്കൽ

മാർത്തോമ്മാശ്ലീഹാ നിലയ്ക്കൽ ഒരു വർഷം താമസിച്ചുവെന്നു 'റമ്പാൻപാട്ടിൽ' പറയുന്നു. നിലയ്ക്കൽ അഥവാ ചായൽ തോമ്മാശ്ലീഹാ ഒരു കുരിശും പ്രാർത്ഥനാലയവും സ്ഥാപിച്ചുവെന്നത് കേരള സഭയിലെ പാരമ്പര്യമാണ്. ഇത് ഐശ്വര്യ സമൃദ്ധമായ ഒരു സുഗന്ധവ്യഞ്ജന വാണിജ്യകേന്ദ്രമായിരുന്നു. പാണ്ടിയിൽനിന്നുവന്ന കൊള്ളക്കാരുടെയോ കൊലയാളികളുടെയോ ശല്യത്താൽ ജനങ്ങൾ നാടുവിട്ടോടി കാഞ്ഞിരപ്പള്ളി, വടശ്ശേരിക്കര, എരുമേലി, ചോറ്റി, റാന്നി മുതലായ സ്ഥലങ്ങളിൽ



അഭയം തേടി. നിലയ്ക്കൽ ദേവാലയം പുനരുദ്ധരിക്കാനുള്ള ക്രൈസ്തവരുടെ ശ്രമം മണത്തറിഞ്ഞ്, ക്രൈസ്തവശത്രുവായിരുന്ന അന്നത്തെ ദിവാൻ സർ. സി.പി. രാമസ്വാമി അവിടെ ഒരു ഹിന്ദുക്ഷേത്രം പണിയാൻ 1930-ൽ ഗവൺമെന്റ് സഹായം നൽകി. ആൾപ്പാർപ്പില്ലാത്ത വനമായ ഇവിടെനിന്നും പഴയ ക്രൈസ്തവസമൂഹത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

1923-ൽ ഫാ. ഹോസ്റ്റന്റെ നേതൃത്വത്തിൽ നടത്തിയ നിലയ്ക്കൽ തീർത്ഥാടനത്തിൽ പങ്കുചേർന്ന ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. നിലയ്ക്കൽ ദേവാലയം പുനരുദ്ധരിക്കുന്നതിനുള്ള മാർത്തോമ്മാ നസ്രാണികളുടെ ആഗ്രഹം അനുസരിച്ച് കേരളാ ഗവൺമെന്റ് 1976-ലും 1979-ലും നിലയ്ക്കലിൽ കുറേ സ്ഥലം തരാൻ തീരുമാനിക്കുകയുണ്ടായി. അവിടെ ഇപ്പോൾ വിവിധ സഭകളുടെ സഹകരണത്തോടെ ഒരു എക്യുമെനിക്കൽ ദൈവാലയവും പഠനകേന്ദ്രവും സ്ഥാപിച്ചിട്ടുണ്ട്. സഭൈക്യപ്രസ്ഥാനത്തിന് ഈ സംയുക്തസംരംഭം വലിയൊരു പ്രചോദനമാണ്.

*കടപ്പാട്: ഭാരതസഭാചരിത്രം*



# മാർത്തോമ്മാ ശ്ലീഹായും പുരാതന ദേവാലയങ്ങളും ചരിത്രത്തിൽ



ഫാ. ജോർജ്ജ്
കുരിശുംമൂട്ടിൽ

കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികളുടെ വിശ്വാസ പാരമ്പര്യമാണ് തോമാശ്ലീഹാ ഏഴ് പള്ളികൾ (സമൂഹങ്ങൾ) ഇവിടെ സ്ഥാപിച്ചു എന്നത്. അവ കൊടുങ്ങല്ലൂർ (മുസിരിസ്), പാലയൂർ, പറവൂർ (കോട്ടക്കാവ്), കോക്കമംഗലം, നിരണം, നിലയ്ക്കൽ (ചായൽ), കൊല്ലം മുതലായ സ്ഥലങ്ങളാണ്. കേരളവും പാശ്ചാത്യലോകവുമായുള്ള വാണിജ്യബന്ധത്തിന്റെ പശ്ചാത്തലത്തിലാണ് ശ്ലീഹാ ഇവിടെ സുവിശേഷമറിയിക്കാൻ എത്തിയത്. ക്രിസ്ത്വാബ്ദം ആദ്യനൂറ്റാണ്ടുകളിൽ മദ്ധ്യധരണി പ്രദേശവും റോമൻ സാമ്രാജ്യവുമായി സുഗന്ധദ്രവ്യങ്ങളുടെ വാണിജ്യബന്ധം കേരളത്തിനുണ്ടായിരുന്നു. കരമാർഗ്ഗത്തേക്കാൾ, കടൽമാർഗ്ഗമുള്ള കച്ചവട ബന്ധമായിരുന്നു അന്ന് ശക്തമായിരുന്നത്. കടൽമാർഗ്ഗമുള്ള കച്ചവടം പുഷ്ടിപ്പെടുത്തുവാൻ പ്രധാന കാരണം മൺസൂൺ കാറ്റിനനുസരിച്ച് കപ്പലിന് എളുപ്പമാർഗ്ഗം സഞ്ചരിക്കാമെന്ന് എ.ഡി. 45-ൽ ഹിപ്പാലൂസ് കണ്ടുപിടിച്ചതോടുകൂടിയാണ്. ഇത് കേരളവും റോമൻ സാമ്രാജ്യവുമായി ചെങ്കടൽ വഴിയുള്ള കച്ചവടബന്ധം വർദ്ധിക്കുവാൻ വഴിതെളിച്ചു. ചെങ്കടൽ കടന്ന് സാമ്രാജ്യത്തിന്റെ രണ്ടാം പട്ടണമായ അലക്സാണ്ട്രിയായിലാണ് ചരക്കുകൾ പ്രധാനമായും കേരളത്തിൽനിന്ന് എത്തിയിരുന്നത്.

അന്ന് ലോകവ്യാപാര രംഗത്ത് വളരെ സജീവമായി വ്യാപരിച്ചവരായിരുന്നു വിപ്രവാസികളായ യഹൂദവംശജർ. ലോകത്തെ പ്രധാന പട്ടണങ്ങളിലെല്ലാം അവർക്ക് കോളനികളുണ്ടായിരുന്നു. തോമാശ്ലീഹാ സ്ഥാപിച്ച ഏഴ് സമൂഹങ്ങളും പുരാതന യഹൂദ കേന്ദ്രങ്ങളായിരുന്നു (medlaycott). പാലയൂർ പള്ളിക്ക് സമീപം ഇന്നും 'യൂദക്കുന്ന്' എന്ന് പറയുന്ന സ്ഥലമുണ്ട്. തോമാശ്ലീഹാ വന്നിറങ്ങി പള്ളി സ്ഥാപിച്ച



**ചമ്പക്കുളം പള്ളി**

**നിരണം പള്ളിയിൽനിന്ന് ആദ്യം പിരിഞ്ഞ പള്ളികളിൽ ഒന്ന് ചമ്പക്കുളം (കല്ലൂർകാട്) പള്ളിയാണ്. കുട്ടനാട്ടിലെ പള്ളികളുടെയെല്ലാം മാതൃദേവാലയമായ ഈ പള്ളി സ്ഥാപിതമായത് എ.ഡി. 427 –ൽ ആണ്. പുരാതന തുറമുഖമായ പുറക്കാടിന്റെ സാമീപ്യം ഈ സ്ഥലത്തെ ഒരു പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു. ചമ്പകശേരി രാജാക്കന്മാരുടെ സഹായസഹകരണങ്ങൾ ഈ ദേവാലയത്തിന് നിരന്തരം ലഭിച്ചിട്ടുണ്ട്.**

കൊടുങ്ങല്ലൂർ അന്നത്തെ വിഖ്യാതമായ അന്തർദേശീയ തുറമുഖപട്ടണമായിരുന്നു. റോമൻ വാണിജ്യ ബന്ധത്തിന്റെ അടയാളമായി റോമൻ ചക്രവർത്തി അഗസ്റ്റസ് സീസറിന് പ്രതിഷ്ഠിച്ച ഒരു ക്ഷേത്രം അന്നവിടെ ഉണ്ടായിരുന്നു.

തോമാശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ ഒഴികെയുള്ള പള്ളികൾ അന്നത്തെ മനുഷ്യവാസ കേന്ദ്രങ്ങളും പ്രമുഖ തുറമുഖ പട്ടണങ്ങളുമായിരുന്നു. ഈ പ്രദേശങ്ങളിൽ ഏതെങ്കിലും ഒരിടത്തുനിന്നാണ് തങ്ങളുടെ വംശാവലി ആരംഭിക്കുന്നതെന്ന് വിശ്വസിക്കുന്നവരാണ് ഇന്നുള്ള മിക്ക നസ്രാണി കുടുംബങ്ങളും. നസ്രാണികൾ പുത്തൻകൂർ – പഴയകൂർ വിഭാഗങ്ങളായി പിരിഞ്ഞപ്പോഴും അവരെ ഒന്നിപ്പിക്കുന്ന പുക്കിൾക്കൊടി ബന്ധമാണ് അവർക്ക് ശ്ലീഹായുമായി ഉള്ളത്.

സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരത്തിലും കൃഷിയിലും പൂർണ്ണമായി പങ്കുചേർന്നുകൊണ്ട് അത് തങ്ങളുടെ കുലത്തൊഴിലാക്കി മാറ്റിയവരായിരുന്നു പുതിയതായി രൂപംകൊണ്ട മാർത്തോമ്മാ നസ്രാണി വർഗ്ഗം. ക്രിസ്ത്വാബ്ദത്തിന്റെ ആദ്യകാലത്ത് പമ്പാ നദീതീരവും കുട്ടനാടും കുരുമുളകു കൃഷിയുടെ കേന്ദ്രമായിരുന്നെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ കാലത്ത് പാശ്ചാത്യദേശത്ത് സുഗന്ധദ്രവ്യങ്ങളുടെ ആവശ്യം ക്രമാതീതമായി വർദ്ധിക്കുവാൻ തുടങ്ങി. ഈ ആവശ്യം നിറവേറ്റാൻ മദ്ധ്യകേരളത്തിൽ സുഗന്ധദ്രവ്യങ്ങളുടെ കൃഷിയിടങ്ങൾ വിപുലമാക്കേണ്ടി വന്നു. ഒന്നുമുതൽ നാലുവരെ നൂറ്റാണ്ടുകളിൽ, കൊടുങ്ങല്ലൂർ മുതൽ കൊല്ലംവരെയുള്ള സ്ഥലങ്ങളിലെ ഉൾപ്രദേശങ്ങൾ വലിയതോതിൽ പ്രസ്തുത കൃഷികൾക്കായി ഉപയോഗിക്കേണ്ടി വന്നു. അന്നത്തെ വനഭൂമികൾ കൃഷിഭൂമികളായി സജീവമായിരുന്നു.

ഇക്കാലത്തുതന്നെ പുരാതന കച്ചവടമാർഗ്ഗമായിരുന്ന പേർഷ്യൻ ഗൾഫ് കടലിടുക്കിലൂടെയുള്ള കേരളത്തിന്റെ കച്ചവടവും പൂർവ്വാധികം ശക്തിപ്രാപിച്ചുകൊണ്ടിരുന്നു. ഇതിന് പ്രധാന കാരണം എ.ഡി. 226 –ൽ സ്ഥാപിതമായ പേർഷ്യൻ സെസാനിയൻ സാമ്രാജ്യത്തിന്റെ കച്ചവട ആഭിമുഖമായിരുന്നു. 3–ാം നൂറ്റാണ്ടിൽ കേരളവുമായുണ്ടായിരുന്ന റോമാസാമ്രാജ്യത്തിന്റെ വാണിജ്യത്തിന് അല്പം മാന്ദ്യവും പ്രതിസന്ധിയും നേരിട്ടപ്പോൾ അവരുമായി ശത്രുതയിലായിരുന്ന പേർഷ്യൻ സാമ്രാജ്യം ആ അവസരം പ്രയോജനപ്പെടുത്തിക്കൊണ്ട് പേർഷ്യൻ ഗൾഫിലെ പല തുറമുഖങ്ങളും ശക്തിപ്പെടുത്തി കേരളവുമായുള്ള അവരുടെ കച്ചവടം സുഗമമാക്കി. പേർഷ്യക്കാർ ഔദ്യോഗികമായി സൗരാഷ്ട്രീയമതമാണ് അംഗീകരിച്ചിരുന്നത്. എങ്കിലും കേരളവുമായുള്ള കച്ചവടത്തിൽ ധാരാളം പേർഷ്യൻ ക്രിസ്ത്യാനികളും വ്യാപരിച്ചിരുന്നു. ഇത് പേർഷ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനമായ സെലൂഷ്യ – സ്റ്റെസിഫോൺ കേന്ദ്രീകരിച്ചുള്ള പൗരസ്ത്യ സുറിയാനി സഭയുമായി കേരള നസ്രാണികളെ കൂടുതൽ അടുപ്പിച്ചു. ഈ ബന്ധത്തിന്റെ വ്യക്തമായ തെളിവാണ്



**ചങ്ങനാശ്ശേരി പള്ളി**

**മാർത്തോമ്മാ ശ്ലീഹായുടെ പാദസ്പർശമേറ്റ നിരണത്ത് രൂപംകൊണ്ട നിരണം പള്ളിയിൽ നിന്ന് 1117 –ൽ ഒരു വിഭാഗം പിരിഞ്ഞാണ് ചങ്ങനാശ്ശേരിയിൽ പള്ളി വയ്ക്കുന്നത്. തെക്കുംകൂർ രാജവംശം നാടുവാഴുന്ന കാലഘട്ടമായിരുന്നു ഇത്. ഈ രാജകുടുംബത്തിന്റെ സഹായവും ഈ പള്ളിക്ക് ലഭിച്ചിട്ടുണ്ട്. തെക്കുംകൂർ രാജാവ് കൊടുത്ത സ്ഥലത്താണ് പള്ളി നിർമ്മിച്ചിരിക്കുന്നത്. ബ്രിട്ടീഷ് റസിഡന്റ് ആയിരുന്ന കേണൽ മൺട്രോ ഈ ദേവാലയം പുത്തൻകൂർ സമുദായത്തിന് നൽകാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല.**

കേരളത്തിലും മൈലാപ്പൂരും കാണുന്ന പേർഷ്യൻ ലിപിയോടുകൂടിയ 'മാർത്തോമ്മാ സ്ലീബാകൾ'. ഈ സഭയിൽനിന്നുമാണ് 'ക്നാനായ കുടിയേറ്റം' എ.ഡി. 345-ൽ നടന്നത് (ദക്ഷിണ മെസപ്പൊട്ടേമിയ/ബാബിലോണിൽ നിന്ന്). 72 കുടുംബങ്ങളിലായി 400 പേരും, യൗസേഫ് മെത്രാനും കാനായി തോമായോടൊപ്പം അയയ്ക്കപ്പെടുന്നത് പേർഷ്യൻ സഭാ തലവനായ കാതോലിക്കായാലാണ്. 'കീനായി' സെലൂഷ്യാ - സ്റ്റെസിഫോണിൽനിന്ന് 35 കിലോമീറ്റർ മാറി ടൈഗ്രീസ് നദീതീരത്ത് സ്ഥിതിചെയ്തിരുന്ന ഒരു ചെറുപട്ടണമാണ്. പ്രസ്തുത കുടിയേറ്റം കേരള സഭയെ ശക്തിപ്പെടുത്താനുള്ള ഒരു പ്രേക്ഷിത കുടിയേറ്റമായിരുന്നു. ആ കാലം മുതലാണ് വ്യക്തമായി പൗരസ്ത്യ സുറിയാനി ആരാധനാക്രമം കേരള സഭ സ്വീകരിക്കുന്നതും തുടർച്ചയായി പേർഷ്യൻ സഭയിൽനിന്നും മെത്രാന്മാർ കാലാകാലങ്ങളിൽ കേരളത്തിൽ എത്തിയിരുന്നതും. 5-ാം നൂറ്റാണ്ടിൽ ഇന്ത്യൻ സഭയുടെ ചുമതല പേർഷ്യൻ സഭ ഗൾഫ് കടലിടുക്കിന്റെ കിഴക്കേ തീരത്തുള്ള റിവാർദിഷീറിലെ (Fars) മെത്രാപ്പോലീത്തയെ ഏല്പിക്കുകയുണ്ടായി. പേർഷ്യൻ സഭയിൽനിന്നു വന്ന മെത്രാന്മാർ കേരള സഭയുടെ ആത്മീയ കാര്യങ്ങളാണ് നോക്കി നിർവ്വഹിച്ചിരുന്നത്. എങ്കിലും നസ്രാണികളുടെ നേതാവായ 'ജാതികർത്തവ്യൻ' പകലോമറ്റം തറവാട്ടിലെ അർക്കദിയാക്കോനായിരുന്നു (Archdeacon).

അന്ന് കേരളം ഭരിച്ചിരുന്ന ചേരരാജാവായ ചേരമാൻ പെരുമാൾ കുടിയേറ്റ സംഘത്തിന് കല്പിച്ചു നൽകിയ രാജശാസനമായിരുന്നു 'ക്നായി തൊമ്മൻ ചെപ്പേട്'. അതിൽ അവർക്ക് കൊടുങ്ങല്ലൂർ താമസിക്കുവാനും പള്ളി വയ്ക്കുവാനുമുള്ള അനുവാദം കൊടുത്തു. അവർക്ക് ലഭിച്ച 72 സാമൂഹ്യപദവികൾ നസ്രാണിസമൂഹത്തിന് പൊതുവിൽ ലഭിച്ച അംഗീകാരമായി. കൊടുങ്ങല്ലൂരെ അവരുടെ മാതൃദേവാലയം 1524-ലെ യുദ്ധത്തിൽ മുസ്ലീം പട നശിപ്പിച്ചു. പിന്നീട് അവർ കടുത്തുരുത്തി (എ.ഡി. 500), ഉദയംപേരൂർ (എ.ഡി. 510), തൊടുപുഴ ചുങ്കം (എ.ഡി. 1579), കോട്ടയം വലിയപള്ളി (1550), കല്ലിശേരി (1580) എന്നിവിടങ്ങളിൽ ദേവാലയങ്ങൾ സ്ഥാപിച്ചു.

കേരള നസ്രാണികൾക്കിടയിൽ നാലും അഞ്ചും നൂറ്റാണ്ടുകളിലുണ്ടായ മേൽപ്പറഞ്ഞ പുത്തൻ ഉണർവ് സമുദായത്തെ സമഗ്രപുരോഗതിയിലേക്ക് നയിച്ചു. കച്ചവടത്തിന് ആഭിമുഖ്യം കാണിച്ചിരുന്ന അവരുടെ ആവാസകേന്ദ്രങ്ങൾ പ്രധാനമായും ആദ്യകാലങ്ങളിൽ യാത്രയ്ക്കും കച്ചവടത്തിനും സൗകര്യമുള്ള തീരദേശങ്ങളിലും നദീതടങ്ങളിലും നിലയ്ക്കൽപോലുള്ള പ്രധാന വാണിജ്യപാതകളിലുമായിരുന്നു. എന്നാൽ പിന്നീട് ഉൾനാടുകളിൽ നാണ്യവിളകൾക്കായി ഉൾനാടൻ കൃഷിയിടങ്ങളിൽ ഏർപ്പെട്ട അവർ അവരുടെ പുതിയ ഇടങ്ങളിൽ പള്ളികൾ സ്ഥാപിച്ച് ആരാധന നടത്തുവാൻ തുടങ്ങി. ഇന്നത്തെ പല പുരാതന ദേവാലയങ്ങളും ഇങ്ങനെ തുടങ്ങിയതെന്നാണ് പാരമ്പര്യങ്ങൾ പറ



**തുമ്പമൺ വലിയപള്ളി**

മധ്യതിരുവിതാംകൂറിലെ ചരിത്രപ്രസിദ്ധവും പഴമകൊണ്ടും വാസ്തുശൈലികൊണ്ടും മനോഹരമായ ദേവാലയമാണ് തുമ്പമൺ വലിയപള്ളി. പന്തളത്തിനടുത്ത് തുമ്പമൺ പ്രദേശത്ത് സ്ഥാപിതമായിരിക്കുന്ന ഈ ദേവാലയം ആദ്യമായി നിർമ്മിക്കപ്പെടുന്നത് എ.ഡി. 717-ൽ ആണ്. മാർത്തോമ്മാ ശ്ലീഹായുടെ ആദ്യ ദേവാലയങ്ങളിൽ ഒന്നായ നിലയ്ക്കൽ പള്ളിയുടെ പാരമ്പര്യം പേറുന്ന നസ്രാണികൾ ആരാധനാ ആവശ്യങ്ങൾക്കായി ഈ ദേവാലയത്തെ ആശ്രയിച്ചിരുന്നു. ആദ്യമായി നിർമ്മിക്കപ്പെടുന്നത് ആരാധനായോഗ്യമായ ഒരു ചെറിയ ദേവാലയമായിരുന്നു. കാലക്രമേണ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ കൊല്ലവർഷം 350 (എ.ഡി. 900) -ൽ വീണ്ടും ഒരു ദേവാലയം അവിടെ പണിയുവാനുള്ള ക്രമീകരണം ചെയ്തു. ഏകദേശം 1100-ാം ആണ്ടോടുകൂടി ആ ദേവാലയവും പരിമിതമായി മാത്രമല്ല നിരന്തരമായ ആക്രമണങ്ങളും ശല്യവും നിമിത്തം കൂടുതൽ വിശാലവും മനോഹരവുമായ ഒരു ദേവാലയം നിർമ്മിക്കുക എന്നത് ആവശ്യമായി തീർന്നു. എ.ഡി. 1175 -ൽ നസ്രാണി ക്രിസ്ത്യാനികൾ പഴയ ദേവാലയം പൊളിച്ച് പുതിയ ഒരു ദേവലയം പണിതുടങ്ങാൻ ആഗ്രഹിച്ചു. എന്നാൽ തുമ്പമൺ വടക്കുംനാഥ ക്ഷേത്രത്തിലെ ശക്തമായ എതിർപ്പിനെ തുടർന്ന് ദേവാലയ നിമ്മാണം തടസ്സപ്പെട്ടു. എന്നാൽ പന്തളം രാജാവ് ക്രിസ്ത്യാനികളോടുള്ള പ്രത്യേകമായ സ്നേഹം നിമിത്തം അവിടെ നേരിട്ടെത്തി ദേവാലയത്തിനാവശ്യമായ സ്ഥലം അളന്ന് കൊടുത്തുവെന്ന് പറയപ്പെടുന്നു. അങ്ങനെ ആഗസ്റ്റ് 15-ാം തീയതി 1175-ാം ആണ്ടിൽ ഇപ്പോൾ നിലവിലുള്ള ദേവാലയത്തിന്റെ നിർമ്മാണം ആരംഭിച്ചു.



ചെങ്ങന്നൂർ മാതാപ്പള്ളി

ഈ ദേവാലയം എന്ന് സ്ഥാപിതമായി എന്നതിൽ കൃത്യതയില്ല. നിലയ്ക്കൽ പള്ളിയുടെ കുരിശുപള്ളിയായി എ.ഡി. 300-ൽ സ്ഥാപിക്കപ്പെട്ടു എന്നും 9-ാം നൂറ്റാണ്ടിൽ മാർ സബറീശോ സ്ഥാപിച്ച 9 പള്ളിയിൽ ഒന്ന് ചെങ്ങന്നൂർ പള്ളിയാണെന്നും പറയപ്പെടുന്നു. ഗോവൻ ആർച്ച് ബിഷപ്പ് അലക്സ് ഡി മെനസിസ് ചെങ്ങന്നൂർ പള്ളി സന്ദർശിച്ചതായും ചരിത്രം പറയുന്നു. മാർത്തോമ്മ ഏഴാമൻ വാഴിക്കപ്പെട്ടതും ഈ ദേവാലയത്തിൽവച്ചായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ചരിത്രപ്രധാനമായ ഒരു ദേവാലയമാണിത്. 1688-ലെ പ്രസിദ്ധമായ ചെങ്ങന്നൂർ സുന്നഹദോസ് ഉൾപ്പെടെ ചരിത്രപരമായ പല സംഭവങ്ങൾക്കും ഈ ദേവാലയം സാക്ഷ്യം വഹിച്ചിട്ടുണ്ട്.

യുന്ന്. ഉദാഹരണമായി അരുവിത്തുറപ്പള്ളി (300 എ.ഡി.), അമ്പഴക്കാട് (300), പള്ളിപ്പുറം (300), കുറവിലങ്ങാട് (335), പുതുക്കാട് (400), പുത്തൻചിറ (400), മുട്ടുചിറ (500), ചമ്പക്കുളം (500), അങ്കമാലി (500), അകപ്പറമ്പ് (500), ഇടപ്പള്ളി (600), മൈലക്കൊമ്പ് (600), ചാലക്കുടി (600).

മദ്ധ്യതിരുവിതാംകൂറിലെ നസ്രാണികളുടെ വേരു തേടുമ്പോൾ തോമാശ്ലീഹായുമായി അവരെ ബന്ധിപ്പിക്കുന്ന കണ്ണി 'നിരണം' തന്നെയാണ്. നിലയ്ക്കൽ നിന്നും എല്ലാ വിശ്വാസികളും കാലക്രമത്തിൽ കാഞ്ഞിരപ്പള്ളി തുടങ്ങിയ മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസമാക്കിയിരുന്നല്ലോ. പമ്പ, മണിമല, അച്ചൻകോവിൽ തുടങ്ങിയ നദികൾ ഫലഭൂയിഷ്ഠമാക്കുന്ന നിരണം പ്രദേശം ശ്ലീഹായുടെ കാലത്ത് കൊടുങ്ങല്ലൂർ കഴിഞ്ഞാൽ വലിയ വാണിജ്യതുറമുഖമായിരുന്നു. നിരണം കേരളോൽപത്തിയിൽ 'നീർമണ്ണാണ്'. ടോളമിയും, പെരിപ്ലസും പ്ലിനിയും വിളിച്ചത് 'നികിണ്ട'/'നെൽകിണ്ടാ' എന്നാണ്. അന്ന് പാണ്ഡ്യരാജ്യത്തിന്റെ തലസ്ഥാനമായ മധുരയിൽനിന്ന് ആരംഭിക്കുന്ന വാണിജ്യപാത അവസാനിക്കുന്നത് നിരണത്തായിരുന്നു. പെരിപ്ലസ് പറയുന്നു, "നെൽകിണ്ട കേരളത്തിലെ പ്രമുഖ കുരുമുളക് തുറമുഖ"മാണെന്ന്. തോമാശ്ലീഹാ എ.ഡി. 52-ൽ തന്നെ നിരണത്ത് വന്നുവെന്ന് പാരമ്പര്യം പറയുന്നു. പമ്പയുടെ കൈവഴിയായ കോട്ടച്ചാലിൽ ശ്ലീഹാ പായ്ക്കപ്പലിൽ വന്നിറങ്ങിയ തൊമ്മത്തുകടവ് ഇന്നുമുണ്ട്. കേരളോൽപത്തിയിൽ പറയുന്നു, 32 ബ്രാഹ്മണഗ്രാമങ്ങളുടെ പട്ടികയിൽ നിരണവും സമീപപ്രദേശങ്ങളായ വെൺമണി, തിരുവല്ല, കവിയൂർ, ചെങ്ങന്നൂർ തുടങ്ങിയ സ്ഥലങ്ങളുമുണ്ട്.

നിരണം പള്ളിയിൽനിന്ന് ആദ്യം പിരിഞ്ഞ പള്ളികളിൽ ഒന്ന് ചമ്പക്കുളം (കല്ലൂർകാട്) പള്ളിയാണ്. കുട്ടനാട്ടിലെ പള്ളികളുടെയെല്ലാം മാതൃദേവാലയമായ ഈ പള്ളി സ്ഥാപിതമായത് എ.ഡി. 427-ൽ ആണ്. പുരാതന തുറമുഖമായ പുറക്കാടിന്റെ സാമീപ്യം ഈ സ്ഥലത്തെ ഒരു പ്രധാന വാണിജ്യ കേന്ദ്രമായിരുന്നു. ചമ്പകശേരി രാജാക്കന്മാരുടെ സഹായസഹകരണങ്ങൾ ഈ ദേവാലയത്തിന് നിരന്തരം ലഭിച്ചിട്ടുണ്ട്.

എ.ഡി. 637-ൽ പേർഷ്യൻ തലസ്ഥാനമായ സെലൂഷ്യ-സ്റ്റെസിഫോണും അവിടുത്തെ കാതോലിക്കാ-പാത്രിയർക്കീസിന്റെ ആസ്ഥാനവും അറബി-മുസ്ലീം സൈന്യം പിടിച്ചെടുത്തു. പിന്നീട് പുതിയതായി രൂപംകൊണ്ട അറബി സാമ്രാജ്യത്തിന്റെ കാലീഫാ ആസ്ഥാനം എ.ഡി. 760-ൽ ബാഗ്ദാദിലേക്ക് മാറ്റി. തുടർന്ന് പേർഷ്യൻ സഭയുടെ ആസ്ഥാനവും എ.ഡി. 775-ൽ അവിടേക്ക് മാറ്റി. ഈ വലിയ രാഷ്ട്രീയമാറ്റത്തിന്റെ ഫലമായി കേരളവുമായുള്ള പേർഷ്യയുടെ കച്ചവടബന്ധം അറബി-മുസ്ലീങ്ങളുടെ കൈകളിൽ വന്നു. ഇത് കച്ചവടക്കാരായിരുന്ന ക്രിസ്ത്യാനികളെ പ്രതികൂലമായി ബാധിച്ചു. ഈ മാറ്റം പേർഷ്യൻസഭയും കേരളസഭയുമായുള്ള ബന്ധത്തിലും നിഴലിച്ചു. ശക്തവും സ്വതന്ത്രവുമാണ് ഇന്ത്യൻ സഭയെന്ന് തിരിച്ചറിഞ്ഞ പാത്രിയർക്കീസ് തിരുമേനി ഒന്നാമൻ (785-823), ഇന്ത്യൻ സഭയുടെ മേലുള്ള റിവാർദിഷിറിയെ (Fars) മെത്രാപ്പോലീത്തായുടെ അധികാരം എടുത്തുമാറ്റി. ഇന്ത്യൻ സഭയ്ക്ക് സ്വന്തമായ മെത്രാപ്പോലീത്തായെ നിയമിച്ചു. മുസ്ലീം ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ പേർഷ്യൻസഭ മദ്ധ്യേഷ്യയിലും ചൈനയിലുമുള്ള വിശാല ഭൂപ്രദേശത്ത് മിഷൻ പ്രവർത്തനത്തിന് ഇറങ്ങിത്തിരിച്ചു. ഈ കിഴക്കൻ പ്രദേശങ്ങളിലേക്ക് ധാരാളം സന്യാസിമാരെയും മെത്രാന്മാരെയും പ്രത്യേകിച്ച് പാത്രിയർക്കീസ് തിമോത്തി ഒന്നാമൻ അയച്ചു. എ.ഡി. 825-ൽ കൊല്ലത്ത് എത്തിയ സാപ്പോറും പ്രോത്തും ഇങ്ങനെ വന്ന മെത്രാന്മാരായിരുന്നു. അന്ന് കൊല്ലം വേണാടിന്റെ തലസ്ഥാനവും തുറമുഖ പട്ടണവുമായിരുന്നു. അത്ഭുതപ്രവർത്തകരായ ഈ രണ്ട് മെത്രാന്മാരും ഇവിടെ പ്രേഷിത പ്രവർത്തനം നടത്തി. ഇവരാണ് കൊല്ലത്ത് ഒരു പുതിയ പള്ളി പണികഴിപ്പിച്ചത്. ഇവരെ നസ്രാണികൾ വിശുദ്ധരായി (കന്തീശങ്ങൾ) കരുതുകയും ഇവരുടെ നാമത്തിൽ പല പള്ളികൾ സ്ഥാപിക്കുകയും ചെയ്തു. എ.ഡി. 849-ൽ അന്ന് വേണാട് ഭരിച്ചിരുന്ന അയ്യനടികൾ ഈ സപ്പോറിന് (സബർ ഈശോ) തരിസാപള്ളി ചെപ്പേട് നൽകി. അതിൽ കൊല്ലത്ത് പുതിയ പള്ളി പണിയാൻ സ്ഥലവും ആൾക്കാരെയും മറ്റ് അവകാശങ്ങളും ദാനമായി ലഭിച്ചു. ചെപ്പേടുകളിലൂടെ നസ്രാണികൾക്ക് സമൂഹത്തിൽ വിലയും നിലയും കൈവന്നതോടൊപ്പം പള്ളികൾ സ്ഥാപിക്കാനുള്ള അവകാശംകൂടി അവർക്ക് അതിലൂടെ ലഭിക്കുകയായിരുന്നു.

6-ാം നൂറ്റാണ്ടിൽ അറബി - മുസ്ലീങ്ങളുടെ കൈകളിൽ വന്നെങ്കിലും കേരളവുമായുള്ള വാണിജ്യബന്ധത്തിൽ യഹൂദരുടെയും ക്രിസ്ത്യാനികളുടെയും സജീവസാന്നിദ്ധ്യം ഉണ്ടായിരുന്നു. ഇതിന്റെ തെളിവാണ് എ.ഡി. 1000-ൽ ജൂതപ്രമാണിയായ ജോസഫ് റമ്പാന് കുലശേഖര പെരുമാൾ ഭാസ്കര രവിയും, എ.ഡി. 1225-ൽ മഹോദയപുരത്ത് ക്രിസ്ത്യാനി വണിക് ആയ ഇരവികോർത്തന് പെരുമ്പടപ്പ് രാജാവായിരുന്ന വീരരാഘവ ചക്രവർത്തിയും കൊടുക്കുന്ന ചെപ്പേടുകൾ.

9-ാം നൂറ്റാണ്ടുമുതൽ 12-ാം നൂറ്റാണ്ടുവരെ 2-ാം ചേരസാമ്രാജ്യമായ മഹോദയപുരം (കൊടുങ്ങല്ലൂർ) കുലശേഖര പെരുമാക്കന്മാരുടെ കാലമായിരുന്നു. ക്ഷേത്ര സംസ്കാരവും ജാതിവ്യവസ്ഥയും സമൂഹത്തിൽ രൂഢമൂലമായ ആ കാലത്ത് നസ്രാണികൾ കെട്ടുറപ്പുള്ള ഒരു ജാതിയായി മാറേണ്ടിയിരുന്നു. ഇത് നസ്രാണികളെ കൂടുതൽ കൂടുതൽ കാർഷികവൃത്തിയിലേക്ക് തിരിച്ചുവിടാൻ ഇടയാക്കി. കാരണം കേരളത്തിലെ ഹൈന്ദവ സമൂഹം സൃഷ്ടിച്ച ജാതിവ്യവസ്ഥയിൽ വണിക് സമൂഹമായ 'വൈശ്യർ' സമുദായത്തിന്റെ അഭാവം ശ്രദ്ധേയമാണ്. ഈ അഭാവം കേരളത്തിൽ നികത്തിയിരുന്നത് പ്രധാനമായും അഹിന്ദുക്കളായിരുന്നു. കേരളത്തിൽ ജാതിവ്യവസ്ഥയുടെ ചട്ടക്കൂട്ടിൽ നിലനിന്നാലെ അഹിന്ദുക്കൾക്കും നിലനിൽപ്പുള്ളൂ എന്ന് നസ്രാണികളും തിരിച്ചറിഞ്ഞു. അതിന് കാർഷികജീവിതമാണ് ഉചിതമെന്നവർ മനസ്സിലാക്കി. ഇതിന്റെ ഫലമായി നസ്രാണികൾക്ക് പുതിയ ആവാസകേന്ദ്രങ്ങൾ ഉണ്ടാവുകയും അവിടങ്ങളിൽ പുതിയ പള്ളികൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. അങ്ങനെ സ്ഥാപിതമായ ചില പള്ളികളാണ്, കായംകുളം (900), മാവേലിക്കര (900), അതിരംപുഴ (900), നാകപ്പുഴ (10-ാം നൂറ്റാണ്ട്), ആലപ്പുഴ (10-ാം നൂറ്റാണ്ട്), മഞ്ഞപ്ര (10-ാം നൂറ്റാണ്ട്), കാഞ്ഞൂർ (10-ാം നൂറ്റാണ്ട്), പാല (10-ാം നൂറ്റാണ്ട്), ചേർപ്പുങ്കൽ (10-ാം നൂറ്റാണ്ട്), ഭരണങ്ങാനം (10-ാം നൂറ്റാണ്ട്), നെടിയശാല-തൊടുപുഴ (10-ാം നൂറ്റാണ്ട്), വടകര (11-ാം നൂറ്റാണ്ട്), ചങ്ങനാശേരി (12-ാം നൂറ്റാണ്ട്), കുടമാളൂർ (12-ാം നൂറ്റാണ്ട്), എറണാകുളം (12-ാം നൂറ്റാണ്ട്), കോതനല്ലൂർ (12-ാം നൂറ്റാണ്ട്), കുന്നംകുളം (12-ാം നൂറ്റാണ്ട്), മുട്ടം (12-ാം നൂറ്റാണ്ട്), ചെങ്ങന്നൂർ (12-ാം നൂറ്റാണ്ട്), മുളംതുരുത്തി (12-ാം നൂറ്റാണ്ട്), തൃപ്പൂണിത്തുറ (12-ാം നൂറ്റാണ്ട്). ഈ ദേവാലയങ്ങൾ മിക്കവാറും എല്ലാം മദ്ധ്യകേരളത്തിലെ ഫലഭൂയിഷ്ഠമായ നദീതടങ്ങളിൽ യാത്രാസൗകര്യമുള്ള ഇടങ്ങളിൽ ആണ് സ്ഥിതിചെയ്യുന്നത്. ഈ സ്ഥിതി തുടർന്നു പോരുമ്പോഴാണ് 12-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ചേരസാമ്രാജ്യം ശിഥിലമാകുന്നത്. ഇതിന്റെ പ്രധാന കാരണം, നാട്ടുരാജ്യങ്ങൾ സ്വതന്ത്രമാവുകയും കൂടുതൽ ശക്തിപ്രാപിക്കുകയും ചെയ്തത്. പല സ്വതന്ത്രരാജ്യങ്ങളും അനേകം നാടുവാഴികളും രംഗപ്രവേശം ചെയ്തു. ഇവർ തമ്മിൽ ആധിപത്യമുറപ്പിക്കാൻ യുദ്ധങ്ങൾ സർവ്വസാധാരണമായി. ധാരാളം പടയാളികൾ ആവശ്യമായി വന്നു. നായർ സമൂഹത്തെപ്പോലെ, ഈ ആവശ്യം നിറവേറ്റാൻ നസ്രാണി സമൂഹവും മുൻപോട്ടു വന്നു. ഒരു വിഭാഗം നസ്രാണികൾ ആയോധനകലയിൽ നൈപുണ്യം നേടുകയും കളരികൾ സ്ഥാപിക്കുകയും ചെയ്തുകൊണ്ട് നാട്ടുരാജ്യങ്ങളുടെ പടയോട്ടങ്ങളിൽ സജീവപങ്കാളികളായി. ഇന്നത്തെ പല പുരാതന ദേവാലയങ്ങൾക്കും ആയുധപുരകളുണ്ട്. കാരണം യോദ്ധാക്കളായ നസ്രാണികൾ ആരാധ



**കല്ലൂപ്പാറപ്പള്ളി**

ദൈവമാതാവായ പരി. കന്യകാമറിയം അമ്മയുടെ നാമത്തിൽ 14-ാം നൂറ്റാണ്ടിൽ സ്ഥാപിതമായ കല്ലൂപ്പാറപ്പള്ളി തെക്ക് നിരണം പള്ളിയ്ക്ക് ശേഷം രൂപപ്പെട്ട ആദ്യ ദേവാലയമാണ്. ഇടപ്പള്ളി രാജവംശത്തിന്റെ ഭരണകാലത്ത് പണികഴിപ്പിക്കപ്പെട്ട ദേവാലയമായിട്ടാണ് കല്ലൂപ്പാറപ്പള്ളി കണക്കാക്കപ്പെടുന്നത്. പുരാതന മാർത്തോമ്മാ ക്രിസ്ത്യാനികൾ അവരുടെ ആത്മീയാവശ്യങ്ങൾക്കായി ആശ്രയിച്ചിരുന്നത് നിരണം പള്ളിയെയായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ ഏക ദേവാലയം നിരണമായിരുന്നതിനാൽ വിശ്വാസികളുടെ യാത്രാക്ലേശവും മണിമല, പമ്പ നദികളിലൂടെ നിരണത്തേക്കുള്ള പോക്കുവരവിന്റെ ബുദ്ധിമുട്ടും മനസിലാക്കിയ രാജാവ് ദേവാലയത്തിന് ആവശ്യമായ സ്ഥലവും അനുവാദവും കൊടുത്തു എന്നും ചരിത്രം പറയുന്നു. ഇന്ന് ലഭ്യമാകുന്ന ചരിത്രരേഖകൾ പരിഗണിച്ച് കൊല്ല വർഷം 515 കർക്കിടകം 3-ാം തീയതി (എ.ഡി 1339) ൽ ഈ ദേവാലയത്തിന് തറക്കല്ലിട്ട് പണി ആരംഭിച്ചുവെന്ന് കരുതപ്പെടുന്നു. 14-ാം നൂറ്റാണ്ടുമുതൽ തലയെടുപ്പോടെ നിലനിൽക്കുന്ന ഈ ദേവാലയം പഴക്കവും പാരമ്പര്യവും കൊണ്ട് ശ്രേഷ്ഠമാണ്. ഭാരതീയ ക്ഷേത്രനിർമ്മാണ രീതി നിറഞ്ഞുനില്ക്കുന്ന ദേവാലയം പ്രത്യേകമായ ഒരു കാഴ്ചാനുഭവം തന്നെ നല്കുന്നുണ്ട്. കെസ്ത്യുമയിൽ നിലത്ത് കൊത്തിവച്ചിരിക്കുന്ന പഴയകാല ലിപികൾ, മദ്ബഹായുടെ മുഖവാരത്തിലെ കുരിശിന്റെ അപൂർവ്വമായ ഒരു ചിത്രീകരണം, പരിശുദ്ധ പരുമല തിരുമേനി ഉപയോഗിച്ചിരുന്ന കട്ടിൽ എന്നിവയൊക്കെ ഈ ദേവാലയത്തിന്റെ പ്രത്യേകതകളാണ്. കാലക്രമത്തിൽ ഈ ദേവാലയം 10 ദേവാലയങ്ങൾക്ക് ജന്മം നല്കി.

നയ്ക്ക് പള്ളിയിൽ എത്തുമ്പോൾ തങ്ങളുടെ കൈവശമുള്ള ആയുധങ്ങൾ അവർ ഈ ആയുധപ്പുരകളിലാണ് സൂക്ഷിച്ചിരുന്നത്. അതുപോലെ പല പുരാതന ദേവാലയങ്ങളുടെയും പുറത്തെ ചുവർഭിത്തിയിൽ 'വേട്ട'യുടെ ചിത്രങ്ങൾ ആലേഖനം ചെയ്തിട്ടുള്ളത് കാണാം. ഓരോ നാടുവാഴികളുടെയും കീഴിലായ നസ്രാണിക്കൂട്ടങ്ങൾക്ക് അതാത് നാട്ടുരാജ്യങ്ങളിൽ തങ്ങളുടെ ജാതീയമായ സ്വത്വബോധത്തിന്റെ പ്രതീകങ്ങളായ ദേവാലയങ്ങൾ പുതിയ സാമൂഹ്യവ്യവസ്ഥയിൽ ഒരു അനിവാര്യതകൂടിയായി. 13-ാം നൂറ്റാണ്ടുമുതൽ ധാരാളം പുതിയ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടതായി പാരമ്പര്യം പറയുന്നു.



**പാലിയേക്കര പള്ളി**

തിരുവല്ല ഭാഗത്തുള്ള നിരണം ഇടവകക്കാർ 18-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ സ്ഥാപിച്ചതാണ് ഈ പള്ളി (1815-ൽ). തിരുവല്ല പള്ളി എന്ന് മുളന്തുരുത്തി സുന്നഹദോസിൽ ഈ പള്ളിയെപ്പറ്റി പരാമർശിക്കുന്നുണ്ട്. ആദ്യം നിർമ്മിച്ച പള്ളി ഓലകൊണ്ടായിരുന്നു. എന്നാൽ ആ പ്രദേശത്തുള്ള ഹിന്ദുക്കൾ പത്തില്ലത്ത് പോറ്റിമാരുടെ നേതൃത്വത്തിൽ പള്ളി തീവെച്ച് നശിപ്പിച്ചു. ഈ സാഹചര്യത്തിൽ 50 പേരടങ്ങുന്ന ഒരു നിവേദനസംഘം തിരുവനന്തപുരത്ത് പോയി അന്നത്തെ ദിവാനായിരുന്ന കേണൽ മൺട്രോയെ കണ്ട് സങ്കടം അറിയിച്ചു. പള്ളി നശിപ്പിച്ചതിന് ഉത്തരവാദികളായവരിൽ നിന്ന് നിർബന്ധപിരിവ് എടുത്ത് പള്ളി വച്ചുകൊടുക്കുക എന്ന് കേണൽ മൺട്രോ ഉടൻ കല്പന പുറപ്പെടുവിച്ചു. സ്ഥലത്തെ സമ്പന്നരായ ബ്രാഹ്മണരിൽ നിന്ന് നിർബന്ധമായി പള്ളിവയ്ക്കാനുള്ള സ്ഥലം ഏറ്റെടുത്തു. പള്ളി പണിതശേഷം അധികം വന്ന പണം അന്ന് പണി നടന്നുകൊണ്ടിരുന്ന കോട്ടയം പഴയസെമിനാരിക്ക് നൽകുവാൻ കേണൽ മൺട്രോ ഉത്തരവിട്ടു. എഞ്ചിനീയർ ഫെർണാണ്ടസ് ആയിരുന്നു പള്ളി പണിക്ക് നേതൃത്വം നൽകിയത്. മദ്ബഹായിൽ പ്രാദേശികശൈലി ഉൾക്കൊള്ളുന്ന അതിമനോഹരമായ ചുവർ ചിത്രമുണ്ട്. അതിമനോഹരമാണ് ഈ ദേവാലയം.

ഇക്കാലത്ത് കേരളത്തിന്റെ വാണിജ്യ ഭൂപടത്തിനും വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു. 1341-ലെ പെരിയാറിലെ വലിയ വെള്ളപ്പൊക്കം സഹസ്രാബ്ദങ്ങൾ നിലനിന്ന കൊടുങ്ങല്ലൂർ തുറമുഖത്തെ എന്നന്നേക്കുമായി അടച്ചുകളഞ്ഞു. ഈ ജലപ്രളയം കൊച്ചി എന്ന പുതിയ തുറമുഖത്തിന് രൂപം നൽകി. കൊടുങ്ങല്ലൂരിന്റെ അഭാവത്തിൽ 14-ാം നൂറ്റാണ്ടിൽ തന്നെ കോഴിക്കോട് പ്രധാന തുറമുഖ പദവിയിലേക്ക് ഉയർന്നു. കോഴിക്കോട് സാമൂതിരി അറബി-മുസ്ലീം വ്യാപാരികളുമായി നല്ല കച്ചവടബന്ധത്തിലാവുകയും ചെയ്തു. 12-നും 15-ാം നൂറ്റാണ്ടിനും ഇടയ്ക്ക് സ്ഥാപിതമായ ദേവാലയങ്ങളാണ് ആലങ്ങാട്, മുതലക്കോടം, ഞാറയ്ക്കൽ, കൊരട്ടി, പൂഞ്ഞാർ, ആലപ്പുഴ, കല്ലൂപ്പാറ, കാഞ്ഞിരപ്പള്ളി, കുടവെച്ചൂർ, പുറക്കാട് (അമ്പലപ്പുഴ), ചേന്നമംഗലം, മാപ്രാനം (ഇരിഞ്ഞാലക്കുട). എ.ഡി. 1347-ൽ ജോൺ മരിഞ്ഞോനി എന്ന ഇറ്റാലിയൻ, മാർപാപ്പയുടെ പ്രതിനിധിയായി ചൈനയിലേക്ക് പോകുമ്പോൾ കൊല്ലത്തെ ക്രിസ്ത്യാനികളെപ്പറ്റി പറഞ്ഞത് 'അവർ വളരെ ധനാഢ്യരായ കുരുമുളകു കൃഷിക്കാരാണെ'ന്നാണ്.

16-ാം നൂറ്റാണ്ടിൽ ആഫ്രിക്ക ചുറ്റി കേരളത്തിലെത്തിയ യൂറോപ്യന്മാരായ പോർട്ടുഗീസുകാർ സമുദ്രവ്യാപാരരംഗത്ത് ആധിപത്യം നേടാൻ ശ്രമിച്ചു. ഇത് അന്ന് കച്ചവടത്തിന്റെ കുത്തക നിലനിർത്തിയിരുന്ന അറബി - മുസ്ലീം വ്യാപാരികൾക്ക് ഭീഷണിയായി. ഇത് വ്യാപാരരംഗത്തിന് കൂടുതൽ രാഷ്ട്രീയനിറം പകരാൻ ഇടയായി. സാമൂതിരിയുമായി ശത്രുതയിലായിരുന്ന കൊച്ചിരാജ്യം മേൽക്കോയ്മ നേടാൻ, സൈന്യശക്തി കൂടുതലുള്ള പോർട്ടുഗീസുകാരെ സ്വീകരിച്ചു. അറബി-മുസ്ലീം കച്ചവടക്കാരുടെ മേൽ ആധിപത്യം നേടാൻവന്ന സ്വന്തവിശ്വാസികളായ പോർട്ടുഗീസുകാരെ സ്വാഭാവികമായി കേരളത്തിലെ നസ്രാണി സമൂഹവും തുണച്ചു. 16-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ പോർട്ടുഗീസുകാരും നസ്രാണികളും സൗഹൃദത്തിലായിരുന്നു.

പോർട്ടുഗീസ് കച്ചവടക്കാരോടും സൈന്യത്തോടും കൂടി വന്ന മിഷനറിമാർ കേരള സഭയിൽ കണ്ടത് തങ്ങളുടെ ലത്തീൻ രീതിയിൽ നിന്ന് വിഭിന്നമായ സുറിയാനി പാരമ്പര്യത്തെയാണ്. ഇങ്ങനെ വ്യതിരക്തരായവരെ അപൂർണ്ണ ക്രിസ്ത്യാനികളായാണ് മിഷനറിമാർ കണ്ടിരുന്നത്. അതിനാൽ സുറിയാനിസഭയെ പാശ്ചാത്യ ലത്തീൻ രീതികളോട് താദാത്മ്യപ്പെടുത്തുവാൻ അവർ മിഷൻ തീക്ഷ്ണതയോടെ ശ്രമിച്ചു. ഇതിന്റെ ഫലമായിരുന്നു 1599-ലെ ഉദയംപേരൂർ സുന്നഹദോസ്. തുടർന്ന് അര നൂറ്റാണ്ടുകാലം ലത്തീൻ മെത്രാന്മാർ സുറിയാനിക്കാരെ ഭരിച്ചപ്പോൾ വലിയ തോതിൽ 'ലത്തിനീകരണം' നടന്നു. ഇത് 1653-ലെ 'കൂനൻ കുരിശ് സത്യ'ത്തിന് വഴിവെച്ചു. തുടർന്ന് നസ്രാണിനേതാവായ തോമ്മാ അർക്കദിയാക്കോനെ 'മാർത്തോമ്മ'

*(ശേഷം പേജ് 33)*






# അമ്മമാർക്കു വേണ്ടി ഒരമ്മ



ഫാ. ജെൻസൺ ലാസലെറ്റ്

ശിമയോന്റെ പ്രവചനം സത്യമായിരുന്നു. മറിയത്തിന്റെ നെഞ്ചുപിളർന്ന് ആ വാൾ കടന്നുപോയി. കാൽവരിയിലെ കുരിശ്; അത് നാട്ടപ്പെട്ടത് അവളുടെ ഹൃദയത്തിലാണ്. അവളുടെ ഹൃദയത്തിൽ കുത്തിനിറുത്തപ്പെട്ട കുരിശിലാണ് മകൻ കരങ്ങൾ വിരിച്ച് പ്രാണൻ വെടിഞ്ഞത്. കുരിശിൻ കീഴിലെ മറിയത്തെ ഒന്ന് ഉറ്റുനോക്കൂ. അവളാ കുരിശിനെ നെഞ്ചോടു ചേർത്ത് വാരിപുണരുന്നത് കാണാം. കുരിശിൽ തന്റെ മകൻ ഒരു രക്തപുഷ്പമായി മാറിയപ്പോൾ മകന്റെ മുറിവുകളിൽ നിന്നും ഒലിച്ചിറങ്ങിയ രക്തത്താൽ അവൾ അഭിഷേകം ചെയ്യപ്പെടുന്നു. കുരിശിൻ കീഴിലെ മറിയത്തിനും രക്തവർണ്ണം തന്നെയാണ്. അവളവന്റെ പാദങ്ങളിൽ തന്റെ കരങ്ങളാൽ തലോടി. കുരിശിൻ മുകളിലേക്കവൾ ഉറ്റുനോക്കിയപ്പോൾ മകന്റെ ശിരസ് അമ്മയുടെ മുർദ്ധാവിനു നേരെ താഴ്ന്നു. മൂന്നാണികളിൽ ശരീരം വലിഞ്ഞുമുറുകിയപ്പോൾ മറിയത്തിന്റെ ശിരസിനു മുകളിൽ തന്റെ മകന്റെ രക്തം

വാർന്ന ശിരസ്സുയർന്നു നിന്നു. അവളുടെ മുഖത്തേക്കു നോക്കി അവൻ പറഞ്ഞു, "സ്ത്രീ ഇതാ നിന്റെ മകൻ." അപ്പോൾ അവന്റെ മുൾക്കിരീടത്തെ തഴുകിവന്ന രക്തത്തുള്ളികൾ അവളുടെ ശിരസ്സിൽ നിപതിച്ചു. അമ്മയുടെ നയനങ്ങളിൽ തന്റെ രക്തമയമായ മുഖം മകൻ ദർശിച്ചു. അവന്റെ കണ്ണുകളിൽ അവളുടെ പ്രതിബിംബം തെളിഞ്ഞുനിന്നു. അവന്റെ ഹൃദയം കുന്തത്താൽ കുത്തപ്പെട്ടപ്പോൾ അവളുടെ ഹൃദയവും ഛേദിക്കപ്പെട്ടു. വർഷങ്ങൾക്കുമുമ്പ് ഗബ്രിയേൽ ദൈവദൂതനോടവൾ പറഞ്ഞു, "ഇതാ കർത്താവിന്റെ ദാസി. നിന്റെ ഹിതം നിറവേറട്ടെയെന്ന്." വർഷങ്ങൾക്കുശേഷം കുരിശിൻ കീഴിലെ അമ്മയോട് മകൻ പറയുന്നു, ഇതാ കർത്താവിന്റെ ഹിതം നിറവേറ്റിയ മകൻ എന്ന്. വിലാപത്തോടുകൂടി എന്നതിനേക്കാൾ അഭിമാനത്തോടുകൂടിയായിരിക്കും അവളവന്റെ ശരീരം മടിയിൽ കിടത്തിയത്. പിതാവിന്റെ ഹിതം നിറവേറ്റണമെന്ന പിടിവാശിയുമായി പന്ത്രണ്ടാം വയസ്സിൽ ദേവാലയത്തിൽ തങ്ങിയ മകനിതാ സകലം നിറവേറ്റി തന്റെ മടിയിൽ കിടക്കുന്നു. കല്ലറയിലേക്കോടുന്ന മഗ്ദലനയോടൊപ്പമോ ശിഷ്യരോടൊപ്പമോ നാം അവളെ കാണുന്നില്ല. കുരിശിൽ മരിക്കാമെങ്കിൽ മൃത്യുവിൽ നിന്നുയിർക്കുവാനും തന്റെ മകനാകുമെന്നവൾ വിശ്വസിച്ചു. ശൂന്യമാക്കപ്പെട്ട കല്ലറയും ഉപേക്ഷിക്കപ്പെട്ട വസ്ത്രങ്ങളും നൽകിയ ഉത്ഥാന പ്രതീകങ്ങളേക്കാൾ അപ്പുറത്തായിരുന്നു അവളുടെ വിശ്വാസം. ചിന്നിച്ചിതറിയ ശിഷ്യന്മാർക്ക് പ്രത്യക്ഷം നൽകി ശക്തിപ്പെടുത്തുന്ന ക്രിസ്തു തന്റെ അമ്മയ്ക്ക് മാത്രം പ്രത്യക്ഷനാകുന്നില്ല. കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ എന്ന ക്രിസ്തു മൊഴികൾ ആദ്യം നിറവേറിയതും അവളിൽതന്നെ. വിശ്വാസത്തിന്റെ കെടാവിളക്കാണ് മറിയം. സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ട മറിയത്തെ നോക്കി എലിസബത്ത് പറഞ്ഞതുപോലെ നമ്മളും പറയണം, എന്റെ രക്ഷകന്റെ അമ്മ എന്റെ ഭവനത്തിൽ വരാൻ എനിക്കെന്തു യോഗ്യത?

കുരിശിൻ കീഴിലെ മാതാവിന് ഭൂമിയിലെ പല അമ്മമാരുടെയും മുഖഛായ ഉള്ളതുപോലെ മക്കളെയോർത്ത് ഹൃദയം നുറുങ്ങുന്ന എത്രയോ അമ്മമാരാണുള്ളത്. എല്ലാ അമ്മമാരുടെയും സഹനങ്ങൾ രക്ഷാകരമായിരുന്നെങ്കിൽ എന്ന് പ്രാർത്ഥിക്കുകയാണ്. ദൈവഹിതം നിറവേറ്റുന്ന മക്കളെക്കുറിച്ച് ഹൃദയം നുറുങ്ങുന്ന അമ്മമാർ എത്രയോ ധന്യരാണ്. എന്നാൽ മക്കളുടെ അകൃത്യങ്ങളും അവഹേനങ്ങളും വഴി ഹൃദയം നുറുങ്ങുന്ന അമ്മമാരാണല്ലോ ഏറെയും എന്നോർക്കുമ്പോൾ സത്യത്തിൽ കരച്ചിൽ വരുന്നു. നമ്മിൽ എത്രപേരുണ്ട് സ്വന്തം മാതാപിതാക്കളെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർ? അച്ഛനും അമ്മയും ജീവിതയാത്രയിൽ ഒരു ഭാരമല്ല എന്ന് ആണയിട്ടു പറയാനാകുന്നവർ? കുഞ്ഞുനാളിൽ അമ്മയുടെ സാരിത്തലപ്പു പിടിച്ച് ലോകത്തെ ഉറ്റുനോക്കിയ മക്കൾ, വലുതാകുമ്പോൾ അവർ പോലുമറിയാതെ എന്തുമാത്രം നൊമ്പരങ്ങളാണവർക്ക് സമ്മാനിക്കുന്നത്. അവരോടൊന്നു സ്നേഹത്തോടെ സംസാരിക്കാനിഷ്ടപ്പെടാത്ത മക്കൾ. അവർ തങ്ങളുടെ ജീവിത സുരക്ഷയ്ക്ക് തടസ്സമാകുമെന്നു കരുതുന്നവരും. മക്കളെ പ്രതി ഏറ്റുവാങ്ങുന്ന സഹനങ്ങൾ മക്കൾക്ക് വേണ്ടിത്തന്നെ കുരിശിൻകീഴിൽ സമർപ്പിച്ച് പ്രാർത്ഥിക്കുവാൻ അമ്മമാർക്ക് സാധിച്ചിരുന്നെങ്കിൽ. വേദനയേറ്റുവാങ്ങുന്ന അമ്മമാരെല്ലാവരും ഈശോയുടെ കുരിശിൻ കീഴിലേക്ക് നീങ്ങട്ടെ. അവിടെയാണ് എല്ലാ അമ്മമാരും ഒരുമിച്ചു ചേരേണ്ട ഇടം. അവിടെ നിങ്ങളുടെ ഹൃദയഭാരങ്ങൾ ഇറക്കുക. അപ്പോൾ നിങ്ങൾപോലും അറിയാതെ തന്റെ മകന്റെ കുരിശിനെ ആശ്ലേഷിച്ച മറിയം നിങ്ങളേയും അവളോടു ചേർത്തുപിടിക്കും. അവൾ നിങ്ങൾക്ക് ധൈര്യം പകരും. അവളിലൂടെയല്ലാതെ നിങ്ങൾക്കായി മധ്യസ്ഥം വഹിക്കുന്ന മറ്റൊരമ്മയെ നിങ്ങൾക്ക് കാണുവാനാകില്ല. ഇത് വായിക്കുന്ന മക്കൾക്കുവേണ്ടി ഒരു നൊമ്പരം കുറിക്കുന്നു. ഒരമ്മയുടെ നൊമ്പരമാണത്. അവരെന്നോടിങ്ങനെയാണതു പങ്കുവച്ചത്. "എന്റെ ഏക മകനുവേണ്ടിയാണെന്റെ പ്രാർത്ഥന. അവന്റെ സ്നേഹത്തിനുവേണ്ടി. ഈ പ്രായത്തിൽ വിധവയായ എനിക്ക് മറ്റെന്തു പ്രാർത്ഥനയാണുള്ളത്? എനിക്കറിയാം അവൻ നന്നാകുമെന്ന്. പലതും അവൻ അവന്റെ ജീവിതാനുഭവങ്ങളിൽനിന്നും പഠിക്കും. അവന്റെ മക്കൾ അവനെ അവഹേളിക്കുമ്പോൾ അവനെന്നെ ഓർക്കും. അങ്ങനെയൊന്നും വരാതെ തന്നെ അവന് തിരിച്ചറിവു ലഭിച്ചാൽ എത്രയോ നല്ലത്. എന്റെ മരണശേഷം അവൻ നന്നാകുമെന്നതിനേക്കാൾ ഞാൻ ജീവിച്ചിരിക്കുമ്പോൾ തന്നെ അവനൊന്നു നന്നായി കാണുവാൻ ആശയുണ്ട്. അച്ചനതിനായൊന്നു പ്രാർത്ഥിക്കണം. അതിനുവേണ്ടി മാത്രം. ഇതൊരമ്മയുടെ സ്വാർത്ഥതയാണെങ്കിൽ ദൈവം എന്നോടു പൊറുക്കട്ടെ."

**നമ്മിൽ എത്രപേരുണ്ട് സ്വന്തം മാതാപിതാക്കളെ ആത്മാർത്ഥമായി സ്നേഹിക്കുന്നവർ? അച്ഛനും അമ്മയും ജീവിതയാത്രയിൽ ഒരു ഭാരമല്ല എന്ന് ആണയിട്ടു പറയാനാകുന്നവർ? കുഞ്ഞുനാളിൽ അമ്മയുടെ സാരിത്തലപ്പു പിടിച്ച് ലോകത്തെ ഉറ്റുനോക്കിയ മക്കൾ, വലുതാകുമ്പോൾ അവർപോലുമറിയാതെ എന്തുമാത്രം നൊമ്പരങ്ങളാണവർക്ക് സമ്മാനിക്കുന്നത്.**

അവരുടെ വിതുമ്പലിന്നലകൾ കാതുകളിൽ ഇപ്പോഴും അലയടിക്കുകയാണ്. കുരിശിൻ കീഴിലെ അമ്മയോടു പറയാൻ അമ്മമാരുടെ നൊമ്പരങ്ങൾ ഇനിയുമെത്രനാൾ അവശേഷിക്കും?







# അമ്മയ്ക്ക് വേണോ... ഉമ്മ!?

**സ്നേഹവും ആദരവും പ്രകടിപ്പിക്കാനുള്ള ശ്രദ്ധേയമായ രണ്ട് മാർഗ്ഗങ്ങളാണ് ഉമ്മകളും പൂക്കളും! നിർഭാഗ്യവശാൽ മരണശേഷമാണ് നമ്മുടെ നാട്ടിൽ അവ ഏറ്റവുമധികം പങ്കുവയ്ക്കപ്പെടുന്നത്.**



**മേരി ഷീജാ ഷിബു**

അമ്മമാർ എന്നെന്നും ആദരിക്കപ്പെടേണ്ടവരാകയാൽ അവർക്കായി പ്രത്യേകം സമർപ്പിക്കപ്പെട്ടിരിക്കുന്ന ദിവസമാണല്ലോ മദേഴ്സ് ഡേ. മെയ് മാസത്തിലെ രണ്ടാമത്തെ ഞായറാഴ്ചയാണ് മദേഴ്സ് ഡേയായി ഇന്ത്യയൊട്ടാകെ ആഘോഷിക്കുന്നത്.

തിരുവല്ലായിലുള്ള ഞങ്ങളുടെ കൊച്ചമ്മാച്ചന് മൂന്നു മക്കളാണ്. മൂത്തവൻ നഴ്സിംഗ് പഠനം കഴിഞ്ഞ് പ്രാക്ടീസ് ചെയ്യുന്നു. ഈയടുത്ത കാലത്ത് വീട്ടുവിശേഷങ്ങൾ പങ്കുവയ്ക്കവേ മൂത്തമകന്റെ വാത്സല്യം തുളുമ്പുന്ന പെരുമാറ്റരീതികളെക്കുറിച്ച് കൊച്ചമ്മായി പറയുകയുണ്ടായി. അമ്മായിയെ സ്നേഹത്തോടെ കെട്ടിപ്പിടിക്കുകയും കവിളിലൊരു മുത്തം കൊടുക്കുകയും ചെയ്യുന്ന ചെറുപ്പം മുതലേയുള്ള അവന്റെ സ്വഭാവം താഴെയുള്ള രണ്ടുമക്കൾക്കും പ്രചോദനമാകുന്നുണ്ട്. അവരും വാശിക്ക് ഉമ്മ കൊടുക്കാറുണ്ടത്രേ. അതുകേട്ടുനിന്ന അമ്മാച്ചൻ പറയുന്നു, "ഇതു പാരമ്പര്യമാണത്രേ, അമ്മായിയുടെ മൂത്ത ആങ്ങളയും അവരുടെ അമ്മയോട് ഇങ്ങനെ ആയിരുന്നത്രേ." എന്തായാലും ക്രോമോസോമുകളിലൂടെ കൈമാറ്റം ചെയ്യപ്പെട്ട ആ സ്വഭാവഗുണം വിളിച്ചുപറയുന്നത് അമ്മയ്ക്ക് ഉമ്മകൊടുക്കുന്നതിൽ ദൈവവും സന്തുഷ്ടനാണെന്നു തന്നെയല്ലേ?

ഒരു കുടുംബത്തിൽ അപ്പനുമായുള്ള നല്ല ബന്ധത്തിലേക്ക്, അതിലും ഉന്നതമായി പിതാവായ ദൈവത്തിലേക്ക് മക്കളെ അടുപ്പി

ക്കുന്നതിൽ അമ്മയ്ക്ക് വലിയ പങ്കുണ്ട്. അമ്മമാരായ നമ്മുടെ കൈകളിലേക്ക് വലിയ പ്രതീക്ഷയോടെയാണ് ദൈവം മക്കളെ തരുന്നത്. ദൈവത്തിന്റെ വിളിക്ക് യോജിച്ച വിധത്തിൽ അവിടുത്തോടു വിധേയപ്പെടാൻ നാം തയ്യാറാകണം. ഓരോ മനുഷ്യജീവനെക്കുറിച്ചുമുള്ള രക്ഷാകരപദ്ധതിയുടെ പൂർത്തീകരണത്തിൽ അമ്മമാരുടെ സഹകരണം ദൈവം ആഗ്രഹിക്കുന്നുണ്ട്.

കുഞ്ഞുനാളിൽ അമ്മമാർ കുഞ്ഞുങ്ങൾക്ക് കൊടുക്കുന്ന മുത്തങ്ങൾക്ക് കൈയ്യും കണക്കുമില്ലല്ലോ. കാലാന്തരത്തിൽ അവയെല്ലാം അമ്മമാർക്ക് മക്കളിൽനിന്ന് തിരിച്ചു കിട്ടണം. മക്കൾക്ക് എത്ര പ്രായമായാലും അവർക്ക് അമ്മയുടെ അടുത്തേക്ക് വരാനും വിശേഷങ്ങൾ പങ്കുവയ്ക്കാനും വാത്സല്യത്തോടെ ഉമ്മ കൊടുക്കാനുമൊക്കെ സാധിക്കണമെങ്കിൽ അതിനുള്ള അടിസ്ഥാനമൊരുക്കേണ്ടത് അമ്മ തന്നെയാണ്. എന്റെ വീട്ടിലെ 'നന്മ മരമാണ്' എന്റെ അമ്മ എന്ന് ഓരോ മക്കളും അഭിമാനത്തോടെ പറയണം. 'നന്മ നിറഞ്ഞ അമ്മ'യോട് ചേർന്ന് ഓരോ അമ്മയും പ്രാർത്ഥിക്കുമ്പോൾ ഇമ്പമുള്ള കുടുംബങ്ങൾ ഉണ്ടാകും. പ്രാർത്ഥനയും നന്മപ്രവൃത്തിയും ഒത്തുചേരുന്നിടത്താണല്ലോ സ്നേഹത്തിന്റെ സൗരഭ്യമുള്ള പൂക്കൾ വിരിയുന്നത്.

വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ അമ്മമാരുടെ വിവേകമില്ലാത്ത പെരുമാറ്റങ്ങൾ കുഞ്ഞുങ്ങളിൽ ഒട്ടേറെ സ്വഭാവ വൈകൃതങ്ങൾക്ക് കാരണമാകാറുണ്ട്. രണ്ടാമത്തെ കുഞ്ഞിന്റെ വളർച്ചയിൽ അമിത ശ്രദ്ധ കൊടുക്കുന്ന അമ്മയാൽ ആദ്യത്തെ കുഞ്ഞ് പലപ്പോഴും അവഗണിക്കപ്പെടുന്നു. പിന്നെ മറ്റുള്ളവരുടെ ശ്രദ്ധ പിടിച്ചുപറ്റുവാൻ അവൻ കാട്ടിക്കൂട്ടുന്നതൊക്കെ അസാധാരണമായ കാര്യങ്ങളായിരിക്കും. 'മൂത്തവനെ എന്തിനുകൊള്ളാം, ഇളയവനെ കണ്ടു പഠിക്ക്' തുടങ്ങിയ അമ്മമാരുടെ വികട വർത്തമാനങ്ങൾ ദൈവികപദ്ധതികളെ തന്നെ തകിടംമറിക്കുന്നവയാണ്. എന്റെ അമ്മ എന്നെ സ്നേഹിച്ചിട്ടില്ല, അംഗീകരിച്ചിട്ടില്ല എന്ന വേദന ഒരു മക്കളിലും ഉണ്ടാകാതിരിക്കട്ടെ. അതിനുവേണ്ടി അല്പം കൂടുതൽ ഭാരവും വേദനയും അമ്മ ഏറ്റെടുക്കേണ്ടി വന്നേക്കാം. അമ്മമാർ ദൈവത്തിൽ ആശ്രയിച്ചും സ്വയം വിശുദ്ധീകരിച്ചും മക്കളെ വളർത്താനുള്ള 'കൃപ' നേടിയെടുക്കണം. ഒറ്റ കുഞ്ഞുമതി എന്നു വാശിപിടിക്കുന്ന അമ്മമാരോട് തിരുവചനം മാത്രമേ പങ്കുവയ്ക്കാനുള്ളൂ. 'സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ, ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ' (ഉൽപത്തി 1:28).

പൊക്കിൾക്കൊടി (അസംബ്ലിക്കൽ കോഡ്) ബന്ധത്തിന്റെ മാഹാത്മ്യം നമുക്കെല്ലാം അറിയാമല്ലോ. പ്രസവസമയത്ത് മുറിച്ചുമാറ്റപ്പെടുന്ന അസംബ്ലിക്കൽ കോഡിലെ ബ്ലഡ് സെൽസ് കാലങ്ങളോളം സൂക്ഷിച്ചുവയ്ക്കാനുള്ള സംവിധാനങ്ങൾ ഇന്നുണ്ട്. പിന്നീട് പ്രായമായിക്കഴിയുമ്പോൾ ഉണ്ടാകാവുന്ന ഡയബറ്റിസ്, ക്യാൻസർ തുടങ്ങിയ ഏതാണ്ട് 90-ൽ പരം രോഗങ്ങളുടെ ചികിത്സയ്ക്ക് ഈ ബ്ലഡ് സെൽസ് ഉപകരിക്കുമത്രേ. അതിനുവേണ്ടി പ്രവർത്തിക്കുന്ന life cells representatives നോട് ബന്ധപ്പെടാൻ ഹോസ്പിറ്റലുകളിൽ ഇന്ന് സംവിധാനങ്ങളുമുണ്ട്. (എനിക്ക് മൂന്നു മക്കളെ ദൈവം തന്നു. എങ്കിലും തിരുവല്ലാക്കാരൻ ബ്ലസിയുടെ 'കളിമണ്ണ്' എന്ന ഫിലിം കണ്ടതിൽനിന്നുമാണ് ഈ അറിവ് ലഭിച്ചത്.) 'എന്റെ ഉദരഫലമേ നീ അനുഗ്രഹിക്കപ്പെടട്ടേ' എന്ന സുകൃതജപം (fruit of my womb, you will be blessed) എല്ലാ അമ്മമാരുടെയും ചുണ്ടുകളിൽ ഉണ്ടായിരിക്കട്ടെ. വല്ലപ്പോഴുമൊക്കെ ഈ സുകൃതജപം ഉറക്കെ പറഞ്ഞ് നമ്മുടെ മക്കളെ നമുക്ക് അനുഗ്രഹിക്കാം.



സ്നേഹവും ആദരവും പ്രകടിപ്പിക്കാനുള്ള ശ്രദ്ധേയമായ രണ്ട് മാർഗ്ഗങ്ങളാണ് ഉമ്മകളും പൂക്കളും! നിർഭാഗ്യവശാൽ മരണശേഷമാണ് നമ്മുടെ നാട്ടിൽ അവ ഏറ്റവുമധികം പങ്കുവയ്ക്കപ്പെടുന്നത്. ജീവിച്ചിരിക്കുമ്പോൾ തന്നെ നമ്മുടെ മക്കളുടെ മനസ്സിൽ സ്നേഹത്തിന്റെ പൂക്കൾ യഥേഷ്ടം വിരിയിക്കാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും പരിശ്രമിക്കുകയും ചെയ്യാം. തിരിച്ചുകിട്ടാത്ത സ്നേഹം മനസ്സിന്റെ വിങ്ങലാകാത്തവിധം ഉമ്മകൾ സമ്മാനിച്ച് അവർ നമ്മുടെ ജന്മം ധന്യമാക്കട്ടെ. അമ്മയും മക്കളും തമ്മിലുള്ള ബന്ധം നിത്യഹരിതമായിരിക്കട്ടെ!




# 'ത്രിത്വത്തിന്റെ കൂട്ടായ്മയിൽ' ബസീലിയൻ സിസ്റ്റേഴ്സ്

സന്യാസവർഷം 2015

റവ. സി. ജൂലിയ ജോർജ്ജ്

കപ്പഡോഷ്യൻ പിതാവായ വി. ബേസിലിന്റെ നിയമത്തെ അടിസ്ഥാനപ്പെടുത്തി 1004-ൽ ഗ്രോത്ത ഫെറത്തയിൽ സ്ഥാപിതമായ ബസീലിയൻ സന്യാസ സമൂഹത്തിലെ വലിയ പണ്ഡിതനും കർമ്മയോഗിയും ദൈവസ്നേഹത്തിൽ അടിയുറച്ച ഒരു സന്യാസ വൈദികനായിരുന്നു ഫാദർ നീലോബോർജിയ. 1870-ൽ സിസിലിയിലെ 'പ്യാന യെദി ഗ്രേച്ചി'യിൽ ഭൂജാതനായ അദ്ദേഹം, സഭാ വിലക്കും ഭിന്നാഭിപ്രായങ്ങളും മൂലം 1054-ൽ മന്ദീഭവിച്ച ക്രിസ്ത്യാനികളുടെ സാർവ്വത്രിക സാഹോദര്യം പുനർസ്ഥാപിക്കാനായുള്ള പല സംവാദങ്ങളിലും ചർച്ച, പഠനങ്ങളിലും പങ്കെടുക്കുകയും എക്യുമെനിക്കൽ പ്രസ്ഥാനത്തോട് തികഞ്ഞ ആഭിമുഖ്യം പുലർത്തിയിരുന്നു. ഈ പുണ്യാത്മാവാണ് ബസീലിയൻ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകൻ.

കത്തോലിക്കാ സഭ ഏറെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരുന്ന ഈ കാലഘട്ടത്തിൽ പ്രതിസന്ധികളിൽ തെല്ലും തളരാതെ, ഗ്രീക്ക് ബൈസന്റിയൻ പാരമ്പര്യത്തിൽ അടിയുറച്ച് നിന്നുകൊണ്ട് യുദ്ധക്കെടുതികൾ മൂലം ജനങ്ങൾ അനുഭവിച്ചുപോന്ന ദുരിതങ്ങളിൽ വേദനിച്ച് പിതാവ് അവരെ അതിൽ നിന്ന് കരകയറ്റി ആദിമ ക്രൈസ്തവരുടെ ചൈതന്യത്തിൽ ജീവിച്ച് ആ ഐക്യത്തിന് സാക്ഷ്യംവഹിക്കുന്ന, അതിനായി ജീവിക്കുന്ന ഒരു സന്യാസിനി സമൂഹത്തിന്റെ രൂപീകരണത്തെക്കുറിച്ചുള്ള ആശയം മനസ്സിൽ ഉദിക്കുകയും തീവ്രമായി ആഗ്രഹിക്കുകയും ചെയ്തു. ഫാദർ നീലോബോർജിയ തന്റെ ആഗ്രഹവും ചൈതന്യവുമെല്ലാം താൻ നയിച്ചുകൊണ്ടിരുന്ന ആത്മീയ മക്കളിലേക്കും പകർത്തി. ദൈവകൃപ നിറഞ്ഞ ഒരു ജനസമൂഹത്തെ വാർത്തെടുക്കുന്നതിനായി തന്റെ ജീവിതം തന്നെ ഉഴിഞ്ഞുവെച്ചു.

ഗ്രോത്ത ഫെറാത്തയിലെ ഒരു കുലീന കുടുംബത്തിൽ വിൻജേൻസോ റപ്പറേലിയുടെയും മിഖലീന റപ്പറേലിയുടെയും ഒൻപതു മക്കളിൽ മൂന്നാമത്തെ മകളായി 1893 ഏപ്രിൽ 2-ന് എലൈന ഭൂജാതയായി. ധനാഢ്യരായ മാതാപിതാക്കൾ ഭൗതിക കാര്യങ്ങൾക്കൊപ്പം മക്കളുടെ ആത്മീയമായ വളർച്ചയിലും പ്രത്യേക നിഷ്കർഷ വച്ചുപുലർത്തിയിരുന്നു. ഫാ. നീലോബോർജിയയുടെ ആത്മീയ നിയന്ത്രണത്തിൽ കുഞ്ഞുനാൾ മുതൽ ജീവിച്ചുവളർന്നവളാണ് എലൈന. അങ്ങനെ അനുസരണയിലും ദൈവഭയത്തിലും വളർന്നുവന്ന എലൈന പതിനൊന്നാമത്തെ വയസ്സിൽ ദിവ്യമണവാളനായ ഈശോയെ തന്റെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു. അനന്തമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മഹാസാഗരമായ

ഈശോയെ മനസ്സിൽ ധ്യാനിച്ച് വളർന്നുവന്ന എലെന, 18 വയസ്സായപ്പോൾ തന്റെ സഹോദരി ആഗ്നസിനോടൊപ്പം ആത്മീയ പിതാവായ ഫാ. നീലോബോർജിയയെ സമീപിക്കുകയും ഈശോയുടെ സ്വന്തമായിതീർന്നുകൊണ്ട് പൗരസ്ത്യസഭകൾക്കുവേണ്ടിയും യുദ്ധക്കെടുതികൾമൂലം കുടിയേറിപ്പാർത്ത ജനതകൾക്കുവേണ്ടിയും സേവനം ചെയ്യുന്നതിനുള്ള ആഗ്രഹത്തെ അറിയിക്കുകയും ചെയ്തു. ഇത് ദൈവിക പദ്ധതിയുടെ ഭാഗമായിക്കണ്ട പിതാവ്, വളരെ സന്തോഷവാനായി തന്റെ ആഗ്രഹം ആത്മീയ മക്കളെ അറിയിക്കുകയും ചെയ്തു. സമൂഹത്തിന്റെ സ്ഥാപനത്തിനായി ബനഡിക്ട് XV -ാമനെ സമീപിച്ചപ്പോൾ പ. പിതാവിന്റെ സമീപനം വളരെ അത്ഭുതപ്പെടുത്തുന്നവയായിരുന്നു. "ഈ സമൂഹത്തിന് അംഗീകാരം മാത്രമല്ല ഇത് ഞാൻ അത്യധികം ആഗ്രഹിക്കുകയും സഭയ്ക്കും ഈ കാലഘട്ടത്തിനും അത്യാവശ്യവുമായ ഒന്നാണ്" എന്ന അനുഗ്രഹാശംസകളോടെ അവരുടെ ആഗ്രഹത്തെ അംഗീകരിച്ചു.

അങ്ങനെ നിരവധി കഷ്ടപ്പാടുകൾക്കും കാത്തിരിപ്പിനും ശേഷം വി. ബേസിലിന്റെ സഹോദരിയായ വി. മക്രീനയുടെ മദ്ധ്യസ്ഥതയിൽ വിശ്വാസം, സ്നേഹം, ത്യാഗം, ലാളിത്യം, എളിമ എന്നീ പുണ്യങ്ങളിൽ അടിസ്ഥാനമുറപ്പിച്ചുകൊണ്ട് ഒരു പുതിയ സന്യാസിനീ സമൂഹം ഇറ്റലിയിലെ ഒരു വലിയ ദ്വീപായ മെസ്സൊയുസ്സോ ആസ്ഥാനമാക്കി 1920 ജൂലൈ 18-ന് രൂപം കൊള്ളുകയും അവിടെ അവരുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രാർത്ഥനയിലൂടെയും വിശുദ്ധമായ ജീവിതത്തിൽനിന്നും ഫാ. നീലോ നൽകിയ ഉപദേശങ്ങളും ആ ജീവിതം തന്നെയും ഈ സഹോദരികൾക്ക് ശക്തിയും കരുത്തും നൽകി. 1930 ജൂലൈ 30-ൽ എലനയോടൊപ്പം മറ്റ് എട്ട് സഹോദരിമാരും തങ്ങളുടെ ദിവ്യമണവാളന്റെ മുൻപിൽ പ്രഥമവ്രതവാഗ്ദാനം നടത്തി. വി. ബേസിലിന്റെ സഹോദരിയായ വി. മക്രീനായുടെ നാമധേയം എലെന സ്വീകരിച്ചു.

ആദ്ധ്യാത്മികതയുടെ അടിസ്ഥാനം ആദ്ധ്യാത്മിക ശൈശവത്വം ആണെന്നും ഒരു കൊച്ചുകുട്ടി തന്റെ പിതാവിനെ എങ്ങനെ ആശ്രയിക്കുന്നുവോ ആ നിഷ്കളങ്ക സ്നേഹത്തോടെ ദൈവത്തിൽ ആശ്രയിക്കുന്നതിനും എളിമയിൽ ജീവിക്കുന്നതിനും കുഞ്ഞുമക്കളെ ഒരുക്കിക്കൊണ്ട് "ഈശോയുടെ കുഞ്ഞുമക്കൾ" എന്ന പേരിൽ ഈ സമൂഹം അറിയപ്പെടണമെന്ന് ഫാ. നീലോബോർജിയ ആഗ്രഹിച്ചു. എങ്കിലും വളർന്നുവരുന്ന ഈ കൊച്ചുസമൂഹത്തെ സന്ദർശിച്ച മോൺ. ലുവാൾദി അവരുടെ പ്രവർത്തനത്തിൽ തൃപ്തനാവുകയും ഈ സമൂഹത്തിന് ബസീലിയൻ സിസ്റ്റേഴ്സ് എന്ന നാമകരണം നൽകി. 'സ്നേഹത്തിൽ ഐക്യം' എന്ന തിരിനാളം തെളിച്ചുതന്ന പുണ്യാത്മാവ് പ. ത്രിത്വത്തിന്റെ കൂട്ടായ്മയിലേക്ക് 1942 മാർച്ച് 3-ന് യാത്രയായി.




യേശുവിന്റെ ദിവ്യമണവാട്ടികളായ മദർ മക്രീനയുടെ നേതൃത്വത്തിലുള്ള സഹോദരികൾ യുദ്ധാനന്തര ഇറ്റലിയിലെ ജനതകളുടെ ജീവിത ദുരിതങ്ങളിലേക്ക് കടന്നുചെന്നു. പീരങ്കികളുടെയും തോക്കിന്റെയും ആക്രമണ ഭീതിയിൽ ഞെരുങ്ങിയമർന്നവരുടെയും മുറിവേറ്റവരുടെയും, ഉറ്റവരും ഉടയവരും ഉൾപ്പെടെ എല്ലാം നഷ്ടപ്പെട്ടവരെയും നീറുന്ന തേങ്ങലുകളിലേക്ക് സാന്ത്വനമായി, ആശ്വാസമായി ഈ സഹോദരിമാർ ഒരു മാലാഖ സമം കടന്നുചെന്നു. രോഗശയ്യയിൽ കിടക്കുന്നവരെ ശുശ്രൂഷിക്കുക, ആലംബഹീനരെ സംരക്ഷിക്കുക, യുവജനങ്ങളുടെ വളർച്ചയ്ക്കുവേണ്ടി പരിശീലനകേന്ദ്രങ്ങൾ തുറന്നുകൊടുക്കുക, ഈശോയിലേക്ക് അവരെ അടുപ്പിക്കുക, കുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിന് സ്കൂളുകൾ തുറക്കുക തുടങ്ങിയ പ്രവർത്തനങ്ങളിൽ ആത്മാർത്ഥമായി അവർ ഏർപ്പെട്ടു. രൂക്ഷമായ ഭിന്നതകളിൽ കലഹിച്ച് നിലനിൽക്കുന്ന സഭകളുടെ ഐക്യത്തിനുവേണ്ടി നിരന്തരമായി പ്രാർത്ഥിച്ചും പ്രവർത്തിച്ചും 'പിതാവേ ഞാനും അങ്ങും ഒന്നായിരിക്കുന്നതുപോലെ അവരും നമ്മിൽ ഒന്നായിരിക്കുന്നതിന്'എന്ന തിരുവചനത്തെ ആത്മാവിൽ ഏറ്റുവാങ്ങി സഭകളുടെ ഐക്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ മുഴുകി. പ. ആത്മാവിൻ നിറവിൽ ദൈഹിതം അനുസരിച്ച് പോൾ ആറാമൻ മാർപാപ്പ ഈ സമൂഹത്തിന് പൊന്തിഫിക്കൽ അംഗീകാരം നൽകി.

മദർ മക്രീനയെ സംബന്ധിച്ചിടത്തോളം അമ്മ, പുണ്യങ്ങളുടെ വിളനിലമായിരുന്നു. വിശ്വസിച്ചാൽ നീ ദൈവമഹത്വം കാണും എന്നുള്ള ഈശോയുടെ വചനങ്ങൾ അമ്മയുടെ ജീവിതത്തിൽ അനുഭവവേദ്യമായ അവസരങ്ങൾ നിരവധിയാണ്. ഈ സമൂഹം വിശ്വാസത്തിൽനിന്നും ഉടലെടുത്തതാണെന്നും വിശ്വാസത്തിനായി നിലനിൽക്കുന്നതാണെന്നും ഉള്ള

പരിപൂർണ്ണ ബോധ്യത്തിൽ ജീവിതത്തിൽ ഉണ്ടാകാവുന്ന പ്രതിസന്ധികളെ കണ്ട് ആത്മധൈര്യം കൈവെടിയാതെ, സഹനങ്ങളെ ദൈവമഹത്വത്തിനും ആത്മാക്കളുടെ വിശുദ്ധീകരണത്തിനുമായി ഈശോയുടെ കുരിശിനോട് ചേർത്തുകൊണ്ട് നമ്മെ തന്നെ മറന്ന് ദൈവത്തിൽ ആശ്രയിക്കണം എന്ന് ഉദ്ബോധിപ്പിച്ച്, ഉദാത്തമായ ജീവിതമാതൃക കാണിച്ച്, ഈ പുണ്യാത്മാവ് 1970 ഫെബ്രുവരി 26 –ന് നിത്യാനന്ദത്തിലേക്ക് പ്രവേശിക്കുകയും 2005 ഏപ്രിൽ 2–ന് ദൈവദാസിയായി ഉയർത്തപ്പെടുകയും 2009 ഏപ്രിൽ 12–ന് വി. പദവിയിലേക്കുള്ള പ്രക്രിയ (Canonisation) പൂർത്തിയാവുകയും ചെയ്തു. ഈ പുണ്യചരിത തെളിച്ചുതന്ന മാർഗ്ഗദീപം അണയാതെ കാത്തുകൊണ്ട് ഈശോയുടെ കുഞ്ഞുമക്കളായ ബസീലിയൻ സിസ്റ്റേഴ്സ് ഇറ്റലി, അൽബേനിയ, യുഗോസ്ലാവിയ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിൽ സേവനം ചെയ്തുവരുന്നു.


പൗരസ്ത്യ പാരമ്പര്യത്തിൽ ജനിച്ചു വളർന്ന ഈ സമൂഹത്തിന്റെ സാന്നിദ്ധ്യം മറ്റ് പൗരസ്ത്യ സഭകളിൽ വളരെ പ്രസക്തിയുള്ളതാണ്. "പ്രാർത്ഥനയിലൂടെയും സ്നേഹപൂർണ്ണമായ ജീവിതമാതൃകയിലൂടെയും അതിനെ തുടർന്നുള്ള പ്രവർത്തനത്തിലൂടെയും ക്രൈസ്തവ സഹോദരങ്ങളെ, ആത്മാവിലും ശരീരത്തിലും ബുദ്ധിയിലും ആഗ്രഹത്തിലും ഹൃദയത്തിലും നമ്മൾ ഒന്നാകണം." (Statute of Basilian Sisters, Daughters of St. Macrina art:3) അതിനുള്ള പ്രവർത്തന വേദികളാണ്. ഇടവകതല പ്രവർത്തനങ്ങൾ, അവശരെയും ആലംബഹീനരെയും ശുശ്രൂഷിക്കൽ, ഭവനസന്ദർശനം, വിദ്യാഭ്യാസ പ്രവർത്തനങ്ങൾ, യുവജന പ്രവർത്തനങ്ങൾ എന്നിവയും, യഥാർത്ഥ ഐക്യത്തിൽ ആയിത്തീരുവാൻ സൗഹൃദസംവാദങ്ങളും, പരസ്പര ധാരണകളെ പ്രോത്സാഹിപ്പിക്കുകയും അവ നടപ്പിലാക്കാൻ ശ്രമിക്കുകയും, കാതോലികവും അകത്തോലികവുമായ മറ്റെല്ലാ സഭകളോടും മതസ്ഥാപനങ്ങളോടും വ്യക്തികളോടും ഒന്നുചേർന്ന് പ്രവർത്തിക്കുന്നു. ഇത് ഐക്യത്തിന്റെയും വിശുദ്ധിയുടെയും വലിയ അടയാളമാണ്.

**ഉപകാരസ്മരണ**



**A Firm Believer**

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**

ഇപ്രകാരം സഭൈക്യത്തിനുവേണ്ടി അനുദിനം പ്രാർത്ഥിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുക, പാശ്ചാത്യ സഭയുടെയും പൗരസ്ത്യസഭയുടെയും നടുവിൽ ഒരു കണ്ണിയായിരിക്കുക, ഇവയെല്ലാം ആണ് ഈ സമൂഹത്തിന്റെ വിളിയും വരദാനവും. ആരാധനാക്രമവും യാമപ്രാർത്ഥനകളും ദൈവവചന ധ്യാനവും വഴി ദൈവിക പദ്ധതിക്ക് അനുദിനം പ്രത്യുത്തരം നൽകാൻ ഈ സമൂഹം ശ്രദ്ധിക്കുന്നു. അനുസരണം, ദാരിദ്ര്യം, കന്യാത്വം, എന്നീ സുവിശേഷ ഉപദേശങ്ങളും ബൈസന്റിയൻ സഭയുടെ ആദ്ധ്യാത്മികതയും പാരമ്പര്യങ്ങളും ധ്യാനവും പ്രവർത്തനവും കൂട്ടിയിണക്കിയുള്ള ഒരു ജീവിതശൈലിയാണ് ഈ സമൂഹത്തിനുള്ളത്. എങ്കിലും തങ്ങൾ ആയിരിക്കുന്നതായ സഭാ സമൂഹത്തിന്റെ സമ്പത്തായ ആരാധനാക്രമങ്ങളും പാരമ്പര്യങ്ങളും സ്വന്തമാക്കുകയും ആ സഭയുടെ വളർച്ചയിൽ പങ്കാളികളാകുകയും ചെയ്യുവാൻ ഈ സമൂഹം തീക്ഷ്ണമായി പരിശ്രമിക്കുന്നു. ഈ സന്യാസ സമൂഹത്തിന്റെ ചൈതന്യം മറ്റ് സഹോദരീസഭകളിലേക്കും ഒഴുകിയെത്തുന്നു എന്നത് ദൈപരിപാലനയുടെ അടയാളമായി കാണുന്നു.

ബസീലിയൻ സഹോദരികൾ പ. ത്രിത്വത്തിന്റെ ഐക്കൺ തങ്ങളുടെ കാരിസത്തിന്റെ ചിഹ്നമായി സ്വീകരിച്ച് പ. ത്രിത്വത്തിന്റെ ഐക്യത്തിൽനിന്ന് ശക്തിയും മാതൃകയും ഉൾക്കൊണ്ട് ഉയിർത്തെഴുന്നേറ്റ് ക്രിസ്തുവിനെ അനുഗമിച്ച ഭക്തസ്ത്രീകളെപ്പോലെ ദൈവസ്നേഹത്തിന്റെ പരിമളം പരത്തുന്നു. 1992–ൽ ആദ്യമായി ഇന്ത്യയിൽ എത്തിയ ബസീലിയൻ സഹോദരിമാരെ മലങ്കര സഭയിലേക്കും അതിന്റെ സമ്പത്തായ പാരമ്പര്യത്തിലേക്കും തിരുവല്ല രൂപത മുൻ അദ്ധ്യക്ഷൻ അഭിവന്ദ്യ ഗീവർഗീസ് മാർ തിമോത്തിയോസ് പിതാവ് തന്റെ ഹൃദയവിശാലതയുടെ നിറവിൽ സ്വീകരിച്ചും അങ്ങനെ മലങ്കര സഭാപാരമ്പര്യത്തിൽ ഇഴുകിച്ചേർന്നുകൊണ്ട് സഭയുടെ ഐക്യത്തിനായും വളർച്ചയ്ക്കായും വിവിധ അപ്പോസ്തല പ്രവർത്തനങ്ങളിലൂടെ പുളിമാവെന്ന വണ്ണം പ്രവർത്തിക്കുന്നു. പല എക്യുമെനിക്കൽ കോൺഫറൻസുകളിൽ പങ്കെടുത്തിട്ടുള്ള ഫാ. നീലോബോർജിയ മലങ്കര സഭയുടെ പുനരൈക്യശില്പിയായ ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം എക്യുമെനിക്കൽ ചർച്ചകളിൽ പങ്കെടുത്തിട്ടുണ്ടെന്ന സത്യം വിസ്മയാവഹമാണ്.

ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നതുപോലെ നമ്മെത്തന്നെ ഇല്ലായ്മ ചെയ്തുകൊണ്ട് അനേകരുടെ നന്മയ്ക്കും ആത്മാക്കളുടെ രക്ഷയ്ക്കും കാരണമാകാം. അങ്ങനെ ഈശോയെ ഞാൻ നിന്നിലും നിന്നോടുകൂടെയും നിനക്കുവേണ്ടിയും ജീവിക്കുവാൻ ഇടയാകട്ടെ എന്ന സ്ഥാപക പിതാവിന്റെ പ്രാർത്ഥനയോട് നമുക്കും ഏക ഹൃദയത്തോടെ ചേർന്നുനിന്ന് "പിതാവ് അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും" എന്ന ഈശോയുടെ പ്രാർത്ഥന നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാക്കാം.




# അച്ഛനൊരു അശ്രുപൂജ

കവിത

അഞ്ജു

എന്റെ അച്ഛനെന്നോട് സ്നേഹമില്ല...
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്
എന്റെ അച്ഛനെന്നെ മടിയിലിരുത്തി താലോലിച്ചിട്ടില്ല
താരാട്ടുപാടിയിട്ടില്ല, വാരിയെടുത്ത് ഉമ്മവച്ചിട്ടില്ല
എന്റെ അച്ഛനെനിക്ക് കഥകൾ പറഞ്ഞുതന്നിട്ടില്ല... എങ്കിലും...
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്.
കടുത്ത പനിച്ചൂടിലെന്റെ നെറ്റിയിലൊരു
തണുത്ത സ്പർശമായിരുന്നെന്റെ അച്ഛൻ
നിദ്രയിലുണർന്നപ്പോളച്ഛന്റെ കരത്തിൻ കരുതൽ
ഞാൻ തൊട്ടറിഞ്ഞു.
ഞാൻ വീടണയാൻ വൈകിയ വേളകളിലച്ഛൻ
ഉമ്മറകോലായിലാധിയോടെ ഉറക്കമിളച്ചിരിക്കും
എന്റെ അച്ഛനെന്നെ ശാസിച്ചിട്ടില്ല, വടിയെടുത്ത് അടിച്ചിട്ടില്ല
എങ്കിലും... എപ്പോളോ ഞാൻ പറഞ്ഞു
എന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്...
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്.
ഞാനുണ്ണാതെ ഉറങ്ങിയ വേളകളിലച്ഛന്റെ
ദീർഘനിശ്വാസങ്ങളെന്റെ നിദ്രയ്ക്കു ഭംഗമായിരുന്നു
അച്ഛന്റെ സ്വപ്നങ്ങളൊക്കെ തല്ലിക്കൊഴിച്ചെത്തിയെന്നെ
മാറോടണച്ചുള്ളിലൂറിയ തേങ്ങൽ കടിച്ചമർത്തിയെന്റെ അച്ഛൻ...
എങ്കിലും അച്ഛന്റെ മാർഗമൊക്കെ തെറ്റെന്നോതി ഞാൻ.
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്.
തെറ്റിയ പാതയിലച്ഛന്റെ നീതിയെനിക്ക് തുണയായി...
അച്ഛന്റെ നാമമെനിക്കു കൈത്താങ്ങായി
ഇനിയുമീയച്ഛന്റെ മകനാകുവാനെത്ര കാതം
ഞാൻ പിന്നോട്ട് നടക്കണം.
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്.
പത്തുമാസം പേറിയ കണക്കമ്മ പറഞ്ഞപ്പോളച്ഛന്റെ ...
കണക്കുപുസ്തകത്തിലെനിക്കായി താളുകളില്ലായിരുന്നു.
എന്നോടുള്ള സ്നേഹത്താൽ ഹൃദയതാളം
തെറ്റിയ എന്റെയച്ഛനെ അറിഞ്ഞിടാൻ;
ഞാനൊരച്ഛനാകേണ്ടി വന്നു.
കാലം ഒരു ചരിത്രം ആവർത്തിച്ചുതന്നു
ഇനിയുമീയച്ഛന്റെ മകനാകുവാനൊരു
പുനർജന്മം ഈശ്വരൻ കനിഞ്ഞു നൽകുമോ...
ഇനി ഞാൻ പറയില്ലെന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്
എന്റെ അച്ഛനെന്നോട് സ്നേഹമില്ലെന്ന്...
ഇത് അച്ഛന്റെ പാദത്തിലെന്റെ അശ്രുപൂജ.

# ദാമ്പത്യം വഴിപിരിയുമ്പോൾ



അഡ്വ. ചാർളിപോൾ



ഇന്ത്യയിൽ ഏറ്റവുമധികം വിവാഹമോചനകേസുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് കേരളത്തിലാണ്. ഏഷ്യയുടെ ഡിവോഴ്സ് ക്യാപിറ്റലാണ് കേരളം. 20 കുടുംബകോടതികളിലായി ഒരുദിവസം ശരാരശി 170 ൽ പരം കേസുകൾ ഫയൽ ചെയ്യപ്പെടുന്നു. ഇന്ത്യയിലെ ഏറ്റവും വിദ്യാസമ്പന്നമായ സംസ്ഥാനത്താണ് ഈ ദുരന്തം. എറണാകുളം കുടുംബക്കോടതിയിൽ 2014 ൽ മാത്രം 17,139 പേരാണ് വിവാഹമോചന അപേക്ഷ നൽകി കാത്തിരിക്കുന്നത്. 2015 -ൽ ആദ്യത്തെ 2 മാസം പിന്നിടുമ്പോൾ എറണാകുളത്ത് മാത്രം 506 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. മറ്റ് 19 കുടുംബകോടതികളിലും സമാനമായ വിധത്തിൽ കേസുകൾ ഫയൽ ചെയ്യപ്പെടുന്നുണ്ട്.

25 നും 35 നും മധ്യേ പ്രായമുള്ള ഉദ്യോഗസ്ഥരും വിദ്യാസമ്പന്നരുമായ ചെറുപ്പക്കാർക്കിടയിലാണ് വിവാഹമോചന കേസുകൾ ഫയൽ ചെയ്യപ്പെടുന്ന പ്രവണത കൂടുതൽ കാണപ്പെടുന്നത്. വിവാഹം കുട്ടിക്കളിയായി മാറുകയാണ്. 100 വിവാഹങ്ങളിൽ 40 എണ്ണവും വിവാഹമോചന കേസുകളായി മാറുന്നുണ്ട്. നഗരങ്ങളിൽ കാണപ്പെടുന്ന ലീവിംങ് ടുഗദർ പോലുള്ള ബന്ധങ്ങളും വീട്ടുകാർ അറിയാതെയുള്ള വിവാഹങ്ങളും വിവാഹമോചനത്തിൽ ചെന്നാണ് അവസാനിക്കുക.

മുൻപ് സ്ത്രീകൾക്ക് പുരുഷപങ്കാളിയുമായി ഒത്തുപോകണമെന്ന് ആഗ്രഹമുണ്ടായിരുന്നു. കാലം മാറിയതോടെ രണ്ടുപേരും വിട്ടുവീഴ്ചയില്ലാത്ത മനോഭാവത്തോടെയാണ് പെരുമാറുന്നത്.



**നാസ്തികനായ ഇംഗർസോൾ പറയുന്നു : ഭാര്യാസമേതനായി കുട്ടികളോടൊത്ത് ഉദ്യാനത്തിൽ വിശ്രമിക്കുമ്പോൾ ഞാൻ സ്വർഗ്ഗം അനുഭവിക്കുന്നു'. കുടുംബജീവിതം സന്തോഷകരമെങ്കിൽ അതൊരു സ്വർഗ്ഗാനുഭവമാണ്. ഈ സ്വർഗ്ഗാനുഭവത്തെയാണ് നിസ്സാരകാരണങ്ങളുടെ പേരിൽ നമ്മൾ തല്ലിത്തകർക്കുന്നത്.**

പാശ്ചാത്യ രാജ്യങ്ങളിലെയും ബാംഗ്ലൂരിലെയും പോലെ സോഫ്ട്‌വെയർ സംസ്കാരം നമ്മുടെ നാട്ടിലേക്കു പടർന്നു കയറുകയാണ്. സഹിക്കാനും ക്ഷമിക്കാനും കഴിയാത്ത ഒരുതലമുറയാണ് വളർന്നുവന്നുകൊണ്ടിരിക്കുന്നത്. ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ഫെയ്സ്ബുക്ക്, വാട്സ്ആപ്, തുടങ്ങിയ സാങ്കേതിക-സാമൂഹിക മാധ്യമങ്ങളുടെ കടന്നുവരവ് വിവാഹബന്ധങ്ങളുടെ പവിത്രതയെ ഇല്ലാതാക്കിയിട്ടുണ്ട്. നിസ്സാരമായ കാരണങ്ങളുടെ പേരിലാണ് ഇന്ന് ഭൂരിപക്ഷം വിവാഹമോചനങ്ങളും നടക്കുന്നത്. ഭർത്താവിന്റെ വിയർപ്പുനാറ്റം, വായ്നാറ്റം, കൂർക്കം വലിച്ചുള്ള ഉറക്കം തുടങ്ങിയ നിസ്സാര കാരണങ്ങൾ പോലും ഇന്ന് വിവാഹമോചനത്തിലേക്ക് നയിക്കുന്നുണ്ട്. കൂട്ടുകുടുംബങ്ങളിൽ നിന്ന് അണുകുടുംങ്ങളിലേക്കുള്ള ചുവടുമാറ്റവും ഇത്തരം വിഴിപിരിയലുകൾക്ക് ആക്കം കൂട്ടുന്നു. കൂട്ടുകുടുംബങ്ങളിൽ ശരിയും തെറ്റും പറഞ്ഞുകൊടുക്കാൻ ആളുണ്ടായിരുന്നു. മുത്തശ്ശിമാർ പറഞ്ഞ് കുടുംബത്തിന്റെ ഭദ്രതയെക്കുറിച്ച് കുട്ടികൾക്ക് അറിയാമായിരുന്നു. കാലം മാറിയതോടെ കൂട്ടുകുടുംബവും കുടുംബഭദ്രതയും സങ്കല്പം മാത്രമായി.

ഏഷ്യയിൽ ഏറ്റവും കൂടുതൽ വിവാഹമോചന കേസുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്നതിനു പിന്നിൽ ലൗകിക സമ്മർദ്ദങ്ങളാണ്. ഭൗതിക സാഹചര്യങ്ങൾ ഊതിവീർപ്പിക്കപ്പെടുകയും സുഖലോലുപത, സുഖജീവിത തൃഷ്ണ എന്നിവയിൽ മനുഷ്യൻ ആനന്ദം കണ്ടെത്തുകയും ചെയ്യാനിടവന്നതോടെ സഹനജീവിതം, ലളിത ജീവിതം, മിതവ്യയശീലം എന്നീ മൂല്യങ്ങൾ വിസ്മരിക്കപ്പെട്ടു. രണ്ടുപേരും സ്വന്തംകാലിൽ നിൽക്കാൻ പ്രാപ്തി കൈവരിച്ചതോടെ വിധേയത്വം, എളിമപ്പെടൽ, ഒതുങ്ങൽ എന്നിവ ഇല്ലാതെയായി. 'ഞാനെന്ന ഭാവ'ത്തിൽ വിട്ടുവീഴ്ചയ്ക്ക് തയ്യാറാകാൻ ഒരുക്കമില്ലാതെ വന്നു. 'ഈഗോ'യാണ് ദാമ്പത്യബന്ധങ്ങളുടെ തകർച്ചയുടെ മൂലഹേതു. കമ്പോള സംസ്കാരം, സ്ത്രീധന പീഡനം, വ്യക്തിത്വവൈകല്യങ്ങൾ, സംശയപ്രവണത, മദ്യാസക്തി, മറ്റുലഹരിവസ്തുക്കളുടെ ഉപയോഗം, മാനസിക രോഗങ്ങൾ, ശാരീരിക-മാനസിക-വൈകാരിക ക്രൂരത, ഇരുവരുടെയും അവിഹിതബന്ധങ്ങൾ, മാറാവ്യാധികൾ, വിഷാദം, നിരാശ, ലൈംഗീക പ്രശ്നങ്ങൾ, പ്രത്യുല്പാദന ശേഷിക്കുറവ്, നിയമസാക്ഷരത, വീട്ടുകാരുടെ ഇടപെടലുകൾ, സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയത്വം, ബന്ധുക്കളുടെ അനാവശ്യ ഇടപെടൽ, മുറിപ്പെടുത്തലുകൾ തുടങ്ങി നിരവധി കാരണങ്ങൾ ഒരാളെ വിവാഹമോചനത്തിലേക്ക് നയിക്കുന്നുണ്ട്. 80 ശതമാനത്തിലേറെ വിവാഹമോചനത്തിനും കാരണം മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തെ തുടർന്നുണ്ടാകുന്ന പ്രശ്നങ്ങളാണ്. ഒന്നു തുറന്നു സംസാരിച്ചാൽ തീർക്കാവുന്ന കൊച്ചുകൊച്ചു പ്രശ്നങ്ങൾപോലും വിവാഹമോചനത്തിലേക്ക് ചെന്നെത്തിക്കുന്ന കാരണങ്ങളായി രൂപാന്തരപ്പെടുകയാണ്. അതുകൊണ്ടാണ് വിവാഹമോചനകേസുകളിൽ കൗൺസിലിംഗ് നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കുന്നത്.

'ദാമ്പത്യത്തിന്റെ വിജയം നല്ലയാളെ വിവാഹം കഴിക്കുന്നതിലല്ല മറിച്ച് വിവാഹത്തിൽ നല്ലയാളായിരിക്കുന്നതിലാണ്'. എന്ന് ബി.ആർ. ബ്രിക്നർ എന്ന ചിന്തകൻ പറയുന്നു. 'നല്ല ഭാര്യയേ വേണാ നല്ല ഭർത്താവായിരുന്നാൽ മതി. നല്ല ഭർത്താവിനെ വേണോ നല്ല ഭാര്യയായിരുന്നാൽ മതി' എന്നാണ് പ്രമാണം. ദാമ്പത്യത്തിൽ പരസ്പരം മനസ്സിലാക്കൽ പ്രധാനമാണ്. ഒരാളും മറ്റൊരാളെക്കാൾ മേലേയോ താഴേയോ തുല്യമോ അല്ല. മറിച്ച് തികച്ചും വ്യത്യസ്തനാണെന്നറിയുക. ആ വ്യത്യസ്തത ഉൾക്കൊണ്ട് ഒത്തുജീവിക്കുമ്പോഴാണ് ദാമ്പത്യത്തിൽ വിജയിക്കാനാവുക. പരസ്പരസ്നേഹം, ത്യാഗമനോഭാവം, ക്ഷമ, സമർപ്പണം, കടമകൾ നിർവഹിക്കൽ, പരസ്പര ധാരണ, പരസ്പരം വളർത്തൽ, പരിലാളന, മൂല്യബോധം, പങ്കുവയക്കൽ, സാമ്പത്തിക അച്ചടക്കം, കൂട്ടായ്മ തുടങ്ങി നിരവധി ഘടകങ്ങൾ സമന്വയിപ്പിച്ചാലേ ദാമ്പത്യത്തിൽ വിജയിക്കാൻ കഴിയൂ.

പൊരുത്തപ്പെട്ട് കഴിയേണ്ടവർ പോരാടുമ്പോൾ സ്വയം തകരുകയും മക്കളുടെ ഭാവി തകർക്കപ്പെടുകയുമാണ് ചെയ്യുന്നത്. വളരെ വൈകിമാത്രമേ ഈ പ്രത്യാഘാതങ്ങളുടെ ദുരന്തഫലങ്ങൾ മനസിലാകൂ. മോൺട്രിയാലിൽ, ഫ്രാങ്കോയിസ് ചെങ്ങലെ റോഷെയും റെയ്മൺ ഫ്രാൻസും 64 വിവാഹിതരേയും 64 വിവാഹമോചിതരേയും പഠനവിധേയരാക്കി. വിവാഹമോചിതരിൽ ഭൂരിപക്ഷവും മനോരോഗത്തിനടിമകളായി മാറിയതായി കണ്ടു. വിവാഹമോചനം ആരോഗ്യത്തെ ക്ഷയിപ്പിക്കും. പലരും ലിവർ സീറോസിസ്, ന്യുമോണിയ, ക്ഷയം എന്നിവ ബാധിച്ചവരായി കണ്ടു. ആത്മഹത്യയിലേക്കും അപകടമരണത്തിലേക്കും വിവാഹമോചിതർ ചെന്നുപെടുന്നു. വിവാഹമോചിതരുടെ മക്കൾ അധികവും വിഷാദരോഗികളായി മാറുന്നു. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്ക് ഇവർ പെട്ടെന്ന് അടിമകളാകുന്നു. കുറ്റവാസന ഇവരിൽ വർദ്ധിക്കുന്നു. അവിവാഹിതരായ പെൺകുട്ടികളിൽ വഴിവിട്ട ബന്ധങ്ങൾ, ഗർഭധാരണം എന്നിവ സംഭവിക്കുന്നു. ഇവർ വിവാഹിതരായാലും



കുടുംബശൈഥില്യം വന്നു ഭവിക്കുന്നു. മക്കളുടെ മനസിനേറ്റ മുറിവുകൾ മായാതെ കിടക്കുന്നതിനാൽ മാനസിക–വൈകാരിക പ്രശ്നങ്ങൾ, സ്വഭാവ–വ്യക്തിത്വവൈകല്യങ്ങൾ എന്നിവ വിവാഹമോചിതരുടെ മക്കളിൽ കാണാനാകും. ദാമ്പത്യത്തിലെ വഴിപിരിയൽ സാമൂഹ്യ ദുരന്തമാണ്.

അമേരിക്കയിലെ കൊളംബിയ യൂണിവേഴ്സിറ്റിയിലെ മന:ശാസ്ത്രജ്ഞനായ റിച്ചാർഡ് ഗാർഡനർ, വിവാഹബന്ധം വേർപെടുത്തിയ മാതാപിതാക്കളുടെ കുട്ടികളെ പഠന വിധേയരാക്കിയതിൽ നിന്നും അവർ പേരന്റൽ ഏലിയനേഷൻ സിൻഡ്രം (Perental Alination Syndrum - PAS) ഉള്ളവരായി കണ്ടു. വൈകാരിക ഒറ്റപ്പെടൽ അവരെ മനോരോഗികളായി മാറ്റിയേക്കാം.

റിൻസാ ലാൻസർ പറയുന്നു: 'ഭർത്താവ്–ഭാര്യ–കുട്ടികൾ' ഇവരാണ് ലോകത്തിലെ ഏറ്റവും ശക്തമായ ടീം. ബന്ധങ്ങളാണ് ജീവിതത്തിന് അർത്ഥം നൽകുന്നത്. ബന്ധങ്ങളിലെ കണ്ണികൾ എവിടെ ദുർബലമായാലും പൊട്ടിയാലും നിങ്ങൾ പ്രശ്നത്തിലായിരിക്കും. അതുകൊണ്ട് ബന്ധങ്ങളെ വിലകൊടുത്ത് വിജയിപ്പിക്കുവാൻ തയ്യാറാവണം. ഇഴയടുപ്പമുള്ള അഗാധമായ ബന്ധങ്ങൾ കുടുംബത്തിൽ രൂപപ്പെടുത്തിയെടുക്കണം. സ്നേഹം (പ്രേമം), പ്രശംസ, പ്രതീക്ഷ എന്നിവയാണ് മനുഷ്യനെ ജീവിക്കാൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളെന്ന് വില്യം വേഡ്സ്വർത്ത് അഭിപ്രായപ്പെടുന്നു.

'കാതുപാടില്ല കാന്തന്, കണ്ണുപാടില്ല കാന്തയ്ക്ക് എന്നാൽ ദാമ്പത്യം കാന്തമായിടും അല്ലെങ്കിൽ കുന്തമായിടും' എന്നാണ് കവി കുഞ്ഞുണ്ണി പറഞ്ഞുവയ്ക്കുന്നത്. ചിലത് കണ്ടില്ലെന്നും ചിലത് കേട്ടില്ലെന്നും വെയ്ക്കണം. കുറ്റം തേടി നടന്നാൽ കുറ്റം മാത്രമേ കണ്ടെത്തൂ. നന്മതേടി നടക്കുക, നന്മകൾ കണ്ടെത്താനാകും. ദാമ്പത്യവിജയത്തിന് ഗോട്ടുമാൻ നാലു നിർദ്ദേശങ്ങൾ പറയുന്നുണ്ട്.

(1) മുൻവിധി ഒഴിവാക്കുക, (2) സ്വാഭാവിക രീതിയിൽ ഇരുവരും സംസാരിക്കുകയും ഇടപെടുകയും ചെയ്യുക. (3) പ്രതികൂലാന്തരീക്ഷം നർമ്മബോധത്തോടെ ഉൾക്കൊള്ളുക (4) മികച്ച ശ്രോതാവായി പങ്കാളിയുടെ മാനസികാവസസ്ഥയോട് താദാത്മ്യം പ്രാപിക്കുക.

നാസ്തികനായ ഇംഗർസോൾ പറയുന്നു : 'ഭാര്യാസമേതനായി കുട്ടികളോടൊത്ത് ഉദ്യാനത്തിൽ വിശ്രമിക്കുമ്പോൾ ഞാൻ സ്വർഗ്ഗം അനുഭവിക്കുന്നു'. കുടുംബജീവിതം സന്തോഷകരമെങ്കിൽ അതൊരു സ്വർഗ്ഗാനുഭവമാണ്. ഈ സ്വർഗ്ഗാനുഭവത്തെയാണ് നിസ്സാരകാരണങ്ങളുടെ പേരിൽ നമ്മൾ തല്ലിത്തകർക്കുന്നത്. മണ്ണാങ്കട്ടയും കരിയിലയും കാശിക്കു പോയ ഒരു കഥയുണ്ട്. കാറ്റുവന്നപ്പോ കരിയിലയിൽ മണ്ണാങ്കട്ടയും മഴവന്നപ്പോൾ മണ്ണാങ്കട്ടയിൽ കരിയിലയും സുരക്ഷിത കൂടാരമൊരുക്കി. ദാമ്പത്യവും ഇതുപോലൊരു യാത്രയാണ്. പരസ്പരം ഇണയും തുണയുമായി, ഉള്ളും ഉള്ളതും പങ്കുവച്ച്, പരസ്പരം ക്ഷമിച്ച്, പൊറുത്ത് മുന്നേറിയാൽ നിങ്ങൾക്കും ഈ ഭൂമിയിൽ സ്വർഗ്ഗ തീരമൊരുക്കാം. കൂടുമ്പോൾ ഇമ്പമുള്ളതാകട്ടെ ഓരോ കുടുംബവും. ഭൂമിയിൽ സ്വർഗ്ഗം തീർക്കാൻ പരസ്പരം യത്നിക്കുക.

●

## വിവാഹ ഒരുക്ക സെമിനാർ 2015

**സ്ഥലം: ശാന്തിനിലയം, തിരുവല്ല.**
**ഫോൺ 0469–2603968, 9446270259, 9895556074**

**തീയതി: മെയ് 5, 6, 7 – 26, 27, 28**
**ജൂൺ 9, 10,11 – 23, 24, 25**

**നിർദ്ദേശങ്ങൾ**

- സെമിനാറിൽ പങ്കെടുക്കുന്നവർ മൂന്ന് ദിവസം മുമ്പെങ്കിലും പേര് രജിസ്റ്റർ ചെയ്യണം.
- സെമിനാർ ചൊവ്വാഴ്ച രാവിലെ 9.00 ന് ആരംഭിച്ച് വ്യാഴാഴ്ച വൈകുന്നേരം 4 മണിക്ക് അവസാനിക്കും.
- സെമിനാറിൽ പൂർണ്ണമായും പങ്കെടുക്കുന്നവർക്ക് മാത്രമേ സർട്ടിഫിക്കറ്റ് നല്കുകയുള്ളൂ.
- രജിസ്ട്രേഷൻ ഫീസ് 750 രൂപയായിരിക്കും. പങ്കെടുക്കുന്നവർ വികാരിയച്ചന്റെ സാക്ഷ്യപത്രവും 2 ഫോട്ടോയും കൊണ്ടുവരണം.
- സെമിനാറിന്റെ അവസാന ദിവസമായ വ്യാഴാഴ്ച 2 മണിക്ക് വിവാഹ ഒരുക്ക സെമിനാറിൽ പങ്കെടുക്കുന്ന കുട്ടികളുടെ മാതാപിതാക്കൾക്കായി പ്രത്യേക ക്ലാസ് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ എല്ലാ മാതാപിതാക്കളും നിർബന്ധമായും പങ്കെടുക്കണം.



# പുതിയ പ്രേഷിത വയലുകൾ



**ഫാ. ജോർജ് തേക്കെടയിൽ**

## ആമുഖം

സഭ സ്വഭാവത്താൽ തന്നെ മിഷനറിയാണ്. മിഷനറി എന്ന വാക്ക് ആധുനിക കാലത്ത് ഒത്തിരിയേറെ തെറ്റിദ്ധരിക്കപ്പെട്ട വാക്കാണ്. മിഷനറിമാരെന്നാൽ എല്ലാവരെയും ക്രിസ്ത്യാനികളാക്കാൻ വന്നവരാണെന്നും ആയതിനാൽ സംശയത്തോടെ കാണേണ്ടവരാണെന്നും, ക്രിസ്തുമതമെന്നാൽ പാശ്ചാത്യ സംസ്കാരം ഭാരതത്തിൽ ഇറക്കുമതി ചെയ്ത് ഭാരതത്തിന്റെ സംസ്കാരത്തെ മലീമസപ്പെടുത്തുന്നതാണെന്നുമാണ് ഭാരതത്തിൽ പൊതുവെയുള്ള ചിന്ത. യേശുക്രിസ്തുവിനെയും അവന്റെ ദൈവരാജ്യപ്രബോധനങ്ങളെയും ഒരു പരിധിവരെ തെറ്റായി ഭാരതത്തിൽ അവതരിപ്പിച്ചതിൽ പാശ്ചാത്യ മിഷനറിമാർ പുറകിലല്ല. അപ്പസ്തോല കാലഘട്ടം മുതൽ തന്നെ ഭാരതനാട്ടിൽ സുവിശേഷം പ്രഘോഷിക്കപ്പെടുകയും ഭാരതത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ ജീവിക്കുകയും ചെയ്ത ക്രൈസ്തവ സമൂഹമാണ് മാർത്തോമ്മാ നസ്രാണിമാർ. ഇന്ന് പല ചേരികളിലായി നിലകൊള്ളുന്നുവെങ്കിലും മാർത്തോമ്മാ പൈതൃകത്തിൽ അഭിമാനിക്കുന്നവരാണെല്ലാവരും.

മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് ഗുഡ്ഗാവ് കേന്ദ്രമാക്കി പുതിയൊരു രൂപതയും പൂന-കട്കി കേന്ദ്രമാക്കി പുതിയൊരു എക്സാർക്കേറ്റും രൂപപ്പെട്ടിരിക്കുകയാണ്. ഇത് ഭാരതസഭാ ചരിത്രത്തിൽ പുതിയൊരു നാഴികക്കല്ലാണ്. പെരിയാറിനും ഭാരതപ്പുഴയ്ക്കുമിടയിൽ ഒരു കാലഘട്ടത്തിൽ ഒതുക്കപ്പെട്ട മലങ്കരയിലെ സഭ വീണ്ടും പുതിയൊരു മിഷനറി മുന്നേറ്റം കുറിക്കുകയാണ്. ദൈവദാസൻ മാർ ഈവാനിയോസ് തിരുമേനിയുടെ സ്വപ്നങ്ങൾ യാഥാർത്ഥ്യത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നു.

സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവായുടെ നേതൃത്വത്തിലുള്ള മലങ്കര സഭയിലെ പിതാക്കന്മാരുടെ നിതാന്ത പരിശ്രമം

ഈ നേട്ടത്തിനു പിന്നിലുണ്ട്. മലങ്കര സഭയുടെ അധികാര പരിധിക്കു പുറത്തുള്ള MCCETRI എന്ന സംവിധാനം അഭി. ജേക്കബ് മാർ ബർണ്ണബാസ് പിതാവിന്റെ നേതൃത്വത്തിൽ 2007 മാർച്ച് മാസം 22-ാം തീയതി നിലവിൽ വന്നു. ചിതറി കിടന്നിരുന്ന മലങ്കര സഭാമക്കളെ അഭി. പിതാവിന്റെ നിതാന്ത പരിശ്രമഫലമായും ETRI യിൽ ശുശ്രൂഷ ചെയ്ത ബഹു. വൈദികരുടെയും സന്യസ്തരുടെയും സഹകരണത്തോടെയും ഒന്നിപ്പിക്കുകയും അത് ഒരു രൂപതയുടെയും ഒരു എക്സാർക്കേറ്റിന്റെയും ഉദയത്തിനു കാരണമാവുകയും ചെയ്തു.

ഇനിയുമാണ് മലങ്കര കത്തോലിക്കാ സഭ കൂടുതൽ ഉത്സാഹവതിയാകേണ്ടത്. സുവിശേഷകയായ മലങ്കര സഭയുടെ മിഷൻ വയലുകളാണ് പുതിയ രൂപതയും എക്സാർക്കേറ്റും. ഗുഡ്ഗാവ് രൂപതയെക്കുറിച്ചും പൂനാ-കട്കി എക്സാർക്കേറ്റിനെക്കുറിച്ചും ചുരുങ്ങിയ വാക്കുകളിൽ വിശദമാക്കാനാണ് ഈ ലേഖനം വഴി ഉദ്ദേശിക്കുന്നത്.

## I ഗുഡ്ഗാവ് രൂപത

ഇൻഡ്യയിലെ വടക്ക് കിഴക്കൻ മേഖലയിലെ 22 സംസ്ഥാനങ്ങളിലായിട്ടാണ് ഗുഡ്ഗാവ് രൂപത നിലകൊള്ളുന്നത്. "വിളവധികം വേലക്കാർ ചുരുക്കം" എന്ന ക്രിസ്തു വചനത്തെ രൂപത ഓർമ്മിപ്പിക്കുന്നു. മലങ്കര സഭയുടെ മിഷൻ വയലുകളിലൊന്നാണ് ഗുഡ്ഗാവ് രൂപത. ഡൽഹിയിലാണ് പുതിയ രൂപതയുടെ ആസ്ഥാനം. ലത്തീൻ സഭയുടെ ഡൽഹി അതിരൂപതയുടെയും സീറോ മലബാർ സഭയുടെ ഫരീദാബാദ് രൂപതയുടെയും ആസ്ഥാനം ഡൽഹിയാണ്. ഡൽഹി അതിരൂപത ആളുകൊണ്ടും അർത്ഥംകൊണ്ടും വളർന്നതും വ്യവസ്ഥാപിതവുമാണ്. ഫരീദാബാദ് രൂപത വളർച്ചയുടെ പടവുകൾ കയറിക്കൊണ്ടിരിക്കുന്നു. അനേകം വൈദികരും സന്യസ്തരും നല്ല സാമ്പത്തിക - വിദ്യാഭ്യാസ നിലവാരമുള്ളവരുമാണ് ഈ രൂപതയിൽ അംഗങ്ങൾ. സീറോ മലബാർ സഭയ്ക്ക് സ്വതവെയുള്ള പ്രേഷിത ചൈതന്യം ഈ രൂപതയുടെ മുതൽക്കൂട്ടാണ്.

ഗുഡ്ഗാവ് രൂപത 22 സംസ്ഥാനങ്ങളിലായി വ്യാപിച്ചുകിടക്കുന്നുവെങ്കിലും ഡൽഹി, ഭോപ്പാൽ, ഭിലായി, കൽക്കട്ട, പഞ്ചാബ്, ജയ്പൂർ, ഫരീദാബാദ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെയാണ് പ്രധാനമായും മലങ്കര മക്കളുടെ സാന്നിദ്ധ്യമുള്ളത്. ഒറീസാ മിഷൻ മലങ്കര സഭയുടെ മിഷനറി ചൈതന്യം വിളിച്ചറിയിക്കുന്നു.

## ഡൽഹി റീജൻ

ഭാരതത്തിന്റെ തലസ്ഥാന നഗരമായ ഡൽഹിയിലേക്ക് ജോലിക്കും പഠനത്തിനുമായി പോയവരും അവരുടെ അടുത്ത തലമുറക്കാരുമാണ് ഡൽഹിയിലുള്ള മലങ്കര കത്തോലിക്കർ. 1978-ൽ മലങ്കരക്കാരായ അൽമായരെ ചേർത്ത് ഡൽഹി മലങ്കര കാതലിക്ക് അസോസിയേഷൻ രൂപീകരിച്ച അഭി. ആർച്ചുബിഷപ്പ് ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ നിർദ്ദേശപ്രകാരം മലങ്കരക്കാർക്ക് ഇടയ്ക്കൊക്കെ വി. കുർബാനയും മറ്റും ക്രമീകരിക്കുമായിരുന്നു. 1983-86 കാലഘട്ടത്തിൽ തിരുവല്ലാ രൂപതയിലെ ബഹു. എബ്രഹാം കളക്കുടിയിലച്ചൻ CBCI ഡപ്യൂട്ടി സെക്രട്ടറിയായി ഡൽഹിയിൽ എത്തിയതിനുശേഷം ഡൽഹി സേക്രട്ട് ഹാർട്ട് കത്തീഡ്രലിൽ മാസത്തിൽ ഒരിക്കൽ മലങ്കര ക്രമത്തിൽ വി. കുർബാനയർപ്പിക്കാനാരംഭിച്ചു. 1989 മുതൽ സ്ഥിരമായി തിരുവല്ലാ രൂപതയിൽനിന്നും വൈദികരെ അയയ്ക്കുവാൻ തുടങ്ങി. വെസ്റ്റ് ഡൽഹി, സെൻട്രൽ ഡൽഹി, മയൂർ വിഹാർ, ദിൽഷാദ് കോളനി, ഗാസിയാബാദ്, ഓഖ്ല, നെബ്സറായി, ഫരീദാബാദ്, ഗുഡ്ഗാവ് തുടങ്ങിയ സ്ഥലങ്ങളിലൊക്കെ ഇടവക പള്ളികളായിട്ടുണ്ട്. ബഥനി വൈദികരും സിസ്റ്റേഴ്സും DM സിസ്റ്റേഴ്സും സേവ



നമനുഷ്ഠിക്കുന്നു. തിരുവല്ലാ രൂപതാദ്ധ്യക്ഷനായിരുന്ന അഭി. തിമോത്തിയോസ് പിതാവിന്റെ പ്രോത്സാഹനവും താല്പര്യവും ഡൽഹി മിഷനുകളുടെ വളർച്ചയെ ത്വരിതപ്പെടുത്തി. ETRI യുടെ അപ്പ. വി. സിറ്റേറ്റർ എന്ന നിലയിൽ അഭി. ബർണ്ണബാസ് പിതാവ് ഡൽഹി കേന്ദ്രമാക്കിയായിരുന്നു തന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചിരുന്നത്. 'പ്രചോദന' സാമൂഹിക ക്ഷേമ കേന്ദ്രത്തിന്റെ സഹായത്തോടെ അനേകം നന്മകൾ ചെയ്യുവാൻ സാധിക്കുന്നുണ്ട്. ഓഖ്‌ലയിലെ അനാഥകേന്ദ്രം സഭയുടെ കരുണയുടെ മറ്റൊരു മുഖമാണ്. ETRI യുടെ മുഖപത്രമായിരുന്ന വിശാല മലങ്കര വോയിസ് ഡൽഹിയിൽ നിന്നുമാണ് പ്രസിദ്ധീകരിക്കുന്നത്. മാർ ഈവാനിയോസ് മൈനർ സെമിനാരി ഭാവി വൈദികരെ വാർത്തെടുക്കുന്നതിനുള്ള പരിശ്രമത്തിന്റെ ഭാഗമാണ്. എക്സാർക്കേറ്റ് സംവിധാനമായിരുന്നപ്പോൾ തന്നെ ഒരു രൂപതാസംവിധാനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞത് ഗുഡ്ഗാവ് രൂപതയ്ക്ക് വലിയ ഗുണം ചെയ്യുമെന്നതിന് സംശയമില്ല.

## വിവിധ മിഷനുകൾ

''പഞ്ചാബിലെ ഒരു ഗ്രാമത്തിൽ പോയി ദൈവവേല ചെയ്യണമെന്ന് ഞാൻ അതിയായി ആഗ്രഹിക്കുന്നു. മാർ ഈവാനിയോസ് മെത്രാപ്പോലീത്താ 1925-ൽ ബഥനി മാസികയിൽ പറഞ്ഞ കാര്യമാണിത്. 2005-ൽ ലുധിയാനയിൽ മലങ്കര കത്തോലിക്കാ പള്ളി നിലവിൽ വന്നു. 2006 മുതൽ ജലന്ധർ കേന്ദ്രമാക്കി ഇടവക പ്രവർത്തനങ്ങൾ നടക്കുന്നു. ബഥനി ആശ്രമത്തിലെ ബഹു. വൈദികരും D.M.സിസ്റ്റേഴ്സും മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

തിരുവനന്തപുരം അതിരൂപതയിൽ നിന്നുള്ള വൈദികരാണ് ഭോപ്പാൽ മിഷൻ ആരംഭിച്ച് വളർത്തിയെടുത്തത്. 1982-ൽ തുടങ്ങിയ സെന്റ് തോമസ് പ്രാർത്ഥനാ ഗ്രൂപ്പാണ് ഭോപ്പാൽ മിഷനിലേക്ക് വളർന്നത്. ഭോപ്പാൽ ഇടവക വളരെ സജീവമാണിന്ന്. ഹയർ സെക്കൻഡറി സ്കൂളും നേഴ്സിംഗ് കോളജും ഭോപ്പാലിൽ പ്രവർത്തിക്കുന്നു. ബഥനി സന്യാസിനികളുടെ സഹകരണവും അവിടെ ലഭ്യമായുണ്ട്.

ബഥനി സന്യാസ വൈദികരുടെ നേതൃത്വത്തിലും ബഥനി സിസ്റ്റേഴ്സിന്റെ സഹകരണത്തിലും ഭിലായിൽ മലങ്കര സഭ തന്റെ മിഷനറി പ്രവർത്തനങ്ങൾ നടത്തുന്നു. ഒരു നേഴ്സിംഗ് സ്കൂളും ഇംഗ്ലീഷ് മീഡിയം സ്കൂളും ഭിലായിൽ ബഥനി വൈദികരുടെയും സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ നടത്തപ്പെടുന്നു.

ETRI സംവിധാനത്തിൽ മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിത തീക്ഷ്ണതയാൽ രൂപംകൊണ്ടതാണ് ഒറീസാ മിഷൻ. സ്വതന്ത്രമായി സുവിശേഷം പ്രഘോഷിക്കാൻ കഴിയുന്ന സാഹചര്യത്തിൽ ഒറിസാ മിഷൻ പോലെ അനേകം മിഷൻ കേന്ദ്രങ്ങൾ മലങ്കര സഭയിൽ ഉയർന്നുവരുന്നു എന്നത് സഭയുടെ വളർച്ചയുടെ അടയാളമാണ്.

ഡൽഹിയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന വൈദികരാണ് ജയ്പൂർ മിഷന്റെ ആരംഭം കുറിച്ചത്. ഇന്നത് നല്ലൊരു ഇടവക സമൂഹമായി നില നിൽക്കുന്നു.

ബഥനി ആശ്രമ



ത്തിലെ ബഹു. വൈദികരുടെ നേതൃത്വത്തിൽ കൽക്കത്തായിൽ മലങ്കര കത്തോലിക്കാ മിഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ബഹു. ബർക്കുമാസ് OCI അച്ചന്റെ നിരന്തരമായ പ്രയത്നങ്ങളുടെ ഫലമായിട്ടാണ് ഗുജറാത്തിലെ സൂറത്ത്, അഹമ്മദാബാദ്, ബറോഡ മിഷനുകൾ യാഥാർത്ഥ്യമായത്. പൂനായിൽനിന്നും ദീർഘദൂരം യാത്രചെയ്ത് ഗുജറാത്തിലെത്തിയാണ് ബർക്കുമാൻസ് അച്ചൻ തന്റെ മിഷൻ പ്രവർത്തനങ്ങൾ നടത്തിയത്. ഇപ്പോൾ സൂറത്ത് മിഷന്റെ പ്രവർത്തനങ്ങൾ ബഹു. ബഥനി വൈദികർ നടത്തിവരുന്നു. വളരെ നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു സ്കൂളും സൂറത്തിലുണ്ട്. അഹമ്മദാബാദിലും ഒരു മിഷൻ ആരംഭിച്ച് അതിന്റെ പ്രവർത്തനങ്ങൾ സജീവമായിക്കൊണ്ടിരിക്കുന്നു. 1997-ലാണ് അഹമ്മദാബാദിൽ മലങ്കര കുർബാനയർപ്പിച്ച് മിഷൻ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ബറോഡ മിഷൻ ആരംഭിക്കുന്നത് 2007-ലാണ്. ഗുജറാത്തിലെ മലങ്കര കത്തോലിക്കാ സഭാ



സമൂഹം സജീവമായി പുതിയൊരു മിഷനറി മുഖം നൽകാനാകട്ടെയെന്ന് ആശംസിക്കുന്നു.

## II പൂനാ – കട്കി എക്സാർക്കേറ്റ്

ഒരു എക്സാർക്കേറ്റിന് രൂപതയുടെ പദവിയില്ലെങ്കിലും രൂപതയുടേതായ നൈയ്യാമിക സംവിധാനങ്ങളെല്ലാമുണ്ട്. പൂനാ-കട്കി കേന്ദ്രമാക്കി മലങ്കര കത്തോലിക്കാ സഭയ്ക്ക് ഒരു എക്സാർക്കേറ്റ് രൂപീകൃതമാക്കുന്നതിന് വളരെ പ്രസക്തിയുണ്ട്. മലങ്കര സഭയുടെ ബാഹ്യകേരള മിഷൻ (കാനോനിക പരിധിക്ക് പുറത്ത്) ആരംഭിക്കുന്നത് പൂനായിലാണ്. മലങ്കര കത്തോലിക്കാ സഭയുടെ കൂരിയാ ബിഷപ്പായ അഭി. തോമസ് മാർ അന്തോണീയോസ് പിതാവിനാണ് എക്സാർക്കേറ്റിന്റെ അദ്ധ്യക്ഷനാകാൻ നിയോഗം ലഭിച്ചിരിക്കുന്നത്. അഭി. പിതാവ് പൂനാ – ബോംബെ പ്രദേശത്ത് വളരെ തീക്ഷ്ണതയോടെ മിഷൻ പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ള വ്യക്തിയാണ്.

## പൂനാ – മലങ്കര സമൂഹം

ബാഹ്യകേരള മലങ്കര സഭയുടെ 'പിള്ളത്തൊട്ടിൽ' എന്ന് വേണമെങ്കിൽ പൂനായെ വിശേഷിപ്പിക്കാം. 1955-ലാണ് പൂനാ രാംവാഡിയിൽ ബഥനി ആശ്രമത്തിന് തുടക്കം കുറിക്കുന്നത്. പൂനായിലെ സുപ്പീരിയറായിരുന്ന ബഹു. ഗബ്രിയേലച്ചൻ ആ പ്രദേശത്തുണ്ടായിരുന്ന മലങ്കരക്കാരെ ഒന്നിപ്പിക്കുന്നതിന് പരിശ്രമമാരംഭിച്ചു. പൂനാ ബഥനി ആശ്രത്തിലെ വൈദികരും വൈദിക വിദ്യാർത്ഥികളും മിഷൻ പ്രവർത്തനങ്ങളിലേർപ്പെട്ടു. ലത്തീൻ, സീറോ മലബാർ, മലങ്കര സഭകളിലെ ആളുകളുടെ പൊതുവേദിയായി കേരള കാത്തലിക് അസോസിയേഷൻ 1960 -കളിൽ രൂപീകൃതമായി. 1983-ൽ അഭി. ബനഡിക്ട് മാർ ഗ്രീഗോറിയോസ് പിതാവിന്റെ താല്പര്യപ്രകാരം പൂനാ ബിഷപ്പായിരുന്ന വലേറിയൻ ഡിസൂസ പിതാവ് പൂനായിലെ മലങ്കരക്കാരുടെ ചാപ്ലയിനായിട്ട് ബഹു. ആന്റണി വലിയവിളയിലച്ചനെ നിയോഗിച്ചത് ഇന്നത്തെ അദ്ദേഹത്തിന്റെ പുതിയ നിയോഗത്തിന്റെ മുന്നോടിയായിട്ടായിരിക്കണം. കിർക്കി, കലേവാടി, പൂനാ സെൻട്രൽ, ദേഹുറോഡ്, ചിഞ്ചുവാട്, ഭോസരി, വടഗാവ്ശേരി, വാർജെ മൽവാടി തുടങ്ങിയ സ്ഥലങ്ങളിലൊക്കെ മിഷനുകൾ തുടങ്ങി. വളരെ സജീവമായ ഒരു മലങ്കര കത്തോലിക്കാ സമൂഹമാണ് പൂനാ പ്രദേശത്തുള്ളത്. പൂനാക്കാരുടെ സ്വന്തം മിഷനറി തന്നെ അവരുടെ ഇടയനായി ചെല്ലുന്നത് ഏറ്റവും സന്തോഷമുള്ള കാര്യം തന്നെ.

## മുംബൈ – വസായ് റീജൻ

1973 മുതൽ പൂനെ ആശ്രമത്തിൽ നിന്ന് വൈദികർ എത്തി ബോംബെയിലെ മലങ്കര കത്തോലിക്കാ സമൂഹത്തിനുവേണ്ടി ശുശ്രൂഷകൾ ചെയ്യുവാനാരംഭിച്ചു. 1974-ൽ സീറോ മലങ്കര എക്യൂമെനിക്കൽ അസോസിയേഷൻ രൂപീകരിച്ചു. ചെമ്പൂർ, ബാന്ദ്ര, വഡാല തുടങ്ങിയ സ്ഥലങ്ങളിലായി മലങ്കരസഭയുടെ ആരാധനകൾ നടന്നു. 1982-ൽ അന്ധേരിയിൽ ബഥനി ആശ്രമം ആരംഭിച്ചു. 1989-ൽ അണുശക്തി നഗറിലുള്ള BARC ചാപ്പലിൽ ശുശ്രൂഷകൾ ആരംഭിച്ചു. മലാഡിൽ മിഷൻ ആരംഭിച്ചു. 1990-ൽ ഡോംബിവിലിയിൽ മലങ്കര സഭയ്ക്കായി ഫ്ളാറ്റ് വാങ്ങി. 1991 -ൽ ഉല്ലാസ് നഗറിൽ ദേവാലയം നിർമ്മിച്ചു. ബഥനി സിസ്റ്റേഴ്സ് ഉല്ലാസ് നഗറിൽ സ്കൂളാരംഭിച്ചു. 1992 -ൽ ബോംബെ അതിരൂപതയുടെ മൂന്ന് വ്യക്തിഗത ഇടവകകൾ സ്ഥാപച്ചു: ഉല്ലാസ് നഗർ, സാക്കിനക്ക, ബോറിവല്ലി ഇടവകകൾ. 1999-ൽ വസായ് രൂപത വസായി പള്ളിയെ വ്യക്തിഗത ഇടവകയായി പ്രഖ്യാപച്ചു. ഇപ്പോൾ പത്ത് ഇടവകകളും രണ്ട് മിഷൻ സ്റ്റേഷനുകളും ബോംബെ – വസായ് പ്രദേശത്ത് മലങ്കര കത്തോലിക്കാ സഭയുടേതായുണ്ട്. വളരെ സജീവമായ സഭാ സമൂഹമാണിവിടുത്തേത്. ബഥനി ആശ്രമസ്ഥരും ഇടവടപ്പട്ടക്കാരും ബഥനി സിറ്റേഴ്സും ഇവിടെ ശുശ്രൂഷകൾ നടത്തുന്നു.

## ബാംഗ്ലൂർ – മലങ്കര കത്തോലിക്കാ സമൂഹം

സഭയുടെ തലവനും പിതാവുമായിരിക്കുന്ന മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് ബാവാ തിരുമേനി വൈദികനായശേഷം ഉപരിപഠനാർത്ഥം ബാംഗളൂർ എത്തിയതാണ് ബാംഗളൂർ മലങ്കര സഭാ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലായത്. 1986 -ലായിരുന്നു അത്. 1999-ൽ ഹെന്നൂർ പള്ളി ആരംഭിച്ചു. 2005-ൽ സിംഗസാന്ദ്രയിൽ പള്ളിയാരംഭിച്ചു. മൂന്ന് വ്യക്തിഗത ഇടവകകളും വളരെ സജീവമാണ്. സഭയുടേതായി പറയത്തക്ക സ്ഥാപനങ്ങളോ പ്രസ്ഥാനങ്ങളോ ഇല്ല എന്നതും ശ്രദ്ധി

ക്കേണ്ട കാര്യമാണ്. ഇനിയും വളരെയേറെ വളർച്ചാ സാദ്ധ്യതയുള്ളതാണ് ബാംഗളൂർ മിഷൻ. ETRI സംവിധാനം ആരംഭിക്കുന്നതിനു മുൻപ് ബത്തേരി രൂപതയുടെ കീഴിലായിരുന്നു ബാംഗളൂർ മിഷൻ.

## മദ്രാസ് മലങ്കര സമൂഹം

1966-ൽ മലങ്കരക്കാരുടേതായി ആരംഭിച്ച പ്രാർത്ഥനാ ഗ്രൂപ്പാണ് മദ്രാസ് മലങ്കര മിഷന്റെ ആരംഭം. 1974-ൽ അഭി. ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ അനുഗ്രഹാശിസുകളോടെ മദ്രാസ് ആർച്ചുബിഷപ്പ് അഭി. അരുളപ്പ തിരുമേനിയുടെ അനുവാദത്തോടെയും മലങ്കര സഭാ പ്രവർത്തനങ്ങൾ ആരംഭിച്ചു. 1974-ൽ സേക്രട്ട് ഹാർട്ട് സ്കൂൾ ആരംഭിച്ചു. 1979-ൽ പുതിയ ദേവാലയം പണിതു. 1994-ൽ പുതിയ കോളജ് ആരംഭിച്ചു. തമിഴ്-മലയാളം ഭാഷകൾ സംസാരിക്കുന്ന മലങ്കരക്കാർക്കുവേണ്ടിയുള്ള ആരാധനാ സൗകര്യങ്ങൾ മദ്രാസ് സമൂഹം ക്രമീകരിച്ചിട്ടുണ്ട്. വളരെ സജീവമായ ഒരു മലങ്കര സഭാ സമൂഹമാണ് മദ്രാസിലുള്ളത്.



## ഹൈദരാബാദ് മിഷൻ

ഹൈദരാബാദിൽ ബഥനി വൈദികരുടെയും ബഥനി സിസ്റ്റേഴ്സിന്റെയും നേതൃത്വത്തിൽ മലങ്കര സമൂഹം സ്ഥാപിക്കപ്പെട്ട് സജീവമായി പ്രവർത്തിക്കുന്നു.

## നാസിക്, ഔറംഗബാദ്

പൂനാ ബഥനി ആശ്രമത്തിൽ നിന്നുമുള്ള ബഹു. വൈദികരാണ്. ഈ രണ്ട് മിഷനുകളും സ്ഥാപിക്കുന്നതിന് മുന്നിട്ടിറങ്ങിയത്. സജീവമായ രണ്ട് മലങ്കര സമൂഹങ്ങളായി ഇവ മുന്നേറിക്കൊണ്ടിരിക്കുന്നു.

## സമാപനം

മലങ്കര സുറിയാനി കത്തോലിക്കാ സഭ അവളുടെ പ്രേഷിത ജീവിതത്തിൽ പുതിയൊരു കാലഘട്ടത്തിലേക്ക് പ്രവേശിക്കുകയാണ്. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിത തീക്ഷ്ണതയാൽ രൂപം കൊണ്ട മലങ്കര സഭാ ചരിത്രത്തിന്റെ ഗതി വിഗതികളിൽ ഒത്തിരിയേറെ പ്രതിസന്ധി ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്. 16-ാം നൂറ്റാണ്ടുവരെ ഭാരത ഉപഭൂഖണ്ഡം മുഴുവന്റെയും മെത്രാപ്പോലീത്തായും വാതിലുമായിരുന്നു മലങ്കരയുടെ മെത്രാപ്പോലീത്ത. 1599-ലെ ഉദയംപേരൂർ സുന്നഹദോസോടുകൂടി മലങ്കര സഭ കേരളത്തിന്റെ കുറെ പ്രദേശങ്ങളിലായി തളച്ചിടപ്പെട്ടു. ഈ അസ്വാതന്ത്ര്യത്തിൽനിന്നുമുള്ള മോചനമാണ് മലങ്കര കത്തോലിക്കാ സഭയ്ക്ക് പുതിയ രൂപതാ -എക്സാർക്കേറ്റ് പ്രഖ്യാപനത്തോടെ ലഭ്യമായിരിക്കുന്നത്.

മലങ്കര കത്തോലിക്കാ സഭയുടെ തലവനും പിതാവുമായിരിക്കുന്ന മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമ്മീസ് ബാവായുടെ നേതൃ-പാടവവും അദ്ദേഹത്തിന്റെ യുക്തമായ ഇടപെടലുകളും സഭാത്മക വീക്ഷണങ്ങളും ആണ് മലങ്കര കത്തോലിക്കാ സഭയ്ക്ക് ഇൻഡ്യ മുഴുവനും കാനോനിക അധികാര സ്വാതന്ത്ര്യം ലഭ്യമാക്കിയത്. ഒപ്പം സഭയുടെ പരി. സുന്നഹദോസിന്റെ ശക്തമായ നിലപാടുകളും ഈ നേട്ടത്തിന്റെ പിന്നിലുണ്ട്.

പൗരസ്ത്യ കത്തോലിക്ക സഭാ സമൂഹങ്ങളിൽ ഏറ്റവും സജീവമായതും വൈദിക - സന്യസ്ത - മിഷനറി ദൈവവിളികളാൽ സമൃദ്ധമായതും ആളുകൊണ്ടും അർത്ഥംകൊണ്ടും വിദ്യാഭ്യാസ സാംസ്കാരിക നന്മകളാൽ സമൃദ്ധമായതുമായ സീറോ മലബാർ സഭയ്ക്ക് ഇൻഡ്യ മുഴുവനും സ്വതന്ത്രമായി കാനോനിക അധികാരം ഇതേവരെ ലഭ്യമായിട്ടില്ല എന്നത് അസ്വസ്ഥപ്പെടുത്തുന്ന കാര്യമാണ്. അത് എത്രയും വേഗം ലഭ്യമാകുമെന്ന് പ്രത്യാശിക്കാം.

സഭ സ്വഭാവത്താലെ തന്നെ മിഷനറിയാണ്. പിതാവായ ദൈവത്തിന്റെ മിഷനറിയായ യേശുക്രിസ്തു തന്റെ മിഷൻ സഭയെ ഏല്പിച്ചിരിക്കുന്നു. മിഷനറി എന്നാൽ വെട്ടിപ്പിടിക്കലോ കീഴടക്കലോ അല്ല. ദൈവത്തിന്റെ സ്നേഹവും കരുണയും യേശുക്രിസ്തുവിലൂടെ സർവ്വജനങ്ങൾക്കും അറിയിക്കലാ

ണിത്. മലങ്കര കത്തോലിക്കാ സഭയുടെ മിഷൻ വയലാണ് ഗുഡ്ഗാവ് രൂപതയും, പൂനാ കട്ക്കി എക്സാർക്കേറ്റും. കാലഘട്ടത്തിന്റെ പ്രവാചകനായിരുന്ന മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നം ഭാരത ഉപഭൂഖണ്ഡത്തിന്റെ സുവിശേഷീകരണമായിരുന്നു. അതിനുള്ള രണ്ടു മാർഗ്ഗങ്ങളായിരുന്നു മാർത്തോമ്മാ നസ്രാണി സഭകളുടെ ഐക്യവും ബഥനി സന്യാസ-സന്യാസിനീ സഭകളുടെ രൂപീകരണവും.

രണ്ട് ബഥന്യാന്മാരായ പിതാക്കന്മാർ പുതിയ രൂപതയുടെയും എക്സാർക്കേറ്റിന്റെയും അദ്ധ്യക്ഷ സ്ഥാനത്ത് വരുന്നത് ഒരു ദൈവനിയോഗമാണ്. മാർ ഈവാനിയോസ് പിതാവിന്റെ സ്വപ്നങ്ങൾക്ക് ചിറകു മുളയ്ക്കുന്നതിന്റെ സൂചനയും നിയോഗവും.

ബഥനി സന്യാസി - സന്യാസിനീ സഭകൾ എട്ടു ദശാബ്ദങ്ങൾ കഴിഞ്ഞിട്ടും ഒരു മിഷൻ പ്രോവിൻസ് തുടങ്ങിയില്ല എന്നത് ചിന്തിക്കേണ്ട വിഷയമാണ്. പുതിയ രൂപതാതിർത്തിയിലും എക്സാർക്കേറ്റിന്റെ അതിർത്തിയിലുമുള്ള സന്യാസ ഭവനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ബഥനി സന്യാസസഭയും സന്യാസിനീ സഭയും എല്ലാ പ്രോവിൻസുകളിൽ നിന്നും മിഷൻ തീക്ഷ്ണതയുള്ള സന്യസ്തരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഓരോ മിഷൻ പ്രോവിൻസുകൾക്ക് തുടക്കം കുറിക്കുമെന്ന് പ്രത്യാശിക്കാം.

പുതിയ രൂപതയും എക്സാർക്കേറ്റും സ്ഥാപിതമായത് മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഉത്തരവാദിത്വം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു. സഭയൊന്നാകെ പുതിയ നിയോഗത്തെ ഏറ്റെടുക്കേണ്ടതുണ്ട്. മിഷൻ തീക്ഷ്ണതയുള്ള ചെറുപ്പക്കാരായ വൈദികരെയും സന്യസ്തരെയും വൈദിക വിദ്യാർത്ഥികളെയും പുതിയ രൂപതയിലേക്കും എക്സാർക്കേറ്റിലേക്കും പറഞ്ഞയയ്ക്കേണ്ടതുണ്ട്. വൈദിക-സന്യാസ ജീവിതം ഭൗതിക സമ്പാദനത്തിന്റെ ജീവിതമല്ലെന്നും ആത്മാക്കളുടെ നേട്ടത്തിനാണെന്നുമുള്ള അവബോധം വൈദിക-സന്യസ്ത പരിശീലന കാലത്തുതന്നെ നൽകുവാനും മിഷനറി തീക്ഷ്ണത സെമിനാരികളിലും സന്യാസ-സന്യാസിനി അർത്ഥികളിലും നിറയ്ക്കുവാനും പരിശീലകർക്ക് സാധിക്കണം.

കേരളത്തിലെ സഭാ സമൂഹങ്ങൾ ഭദ്രാസന അടിസ്ഥാനത്തിലും വലിയ ഇടവകകളുടെ അടിസ്ഥാനത്തിലും മലങ്കര സഭയുടെ ബാഹ്യകേരള മിഷനുകളുടെ വളർച്ചയെ ലക്ഷ്യമാക്കി വിവിധ മിഷൻ സംരംഭങ്ങൾ ദത്തെടുക്കുവാൻ മുന്നിട്ടിറങ്ങണം. മലങ്കര സഭയിൽ രൂപപ്പെട്ടുവരുന്ന സന്നദ്ധ സുവിശേഷ സംഘാംഗങ്ങൾക്ക് ശക്തമായ മിഷനറി അവബോധം ലഭ്യമാകുന്നതിന്റെ ലക്ഷണം കാണുന്നുണ്ട്. ഓരോ മലങ്കര കത്തോലിക്കനും താനൊരു മിഷനറിയാണെന്ന അവബോധമുണ്ടാകണം. അതിനുള്ള കർമ്മപദ്ധതികൾ സഭയൊന്നാകെ കൂട്ടായ സഹകരണത്തിൽ നടപ്പാക്കണം.

മലങ്കര കത്തോലിക്കാ സഭയിലെ പൗലോസ് അപ്പസ്തോലനാണ് ബഥനി ആശ്രമത്തിലെ ബഹു. ബർക്കുമാൻസ് അച്ചൻ. അച്ചനെപ്പോലെ തീക്ഷ്ണതയുള്ള പ്രേഷിതർ സഭയുടെ വലിയ നന്മയും



ശ്രേഷ്ഠതയുമാണ്. പുതിയ രൂപതയും എക്സാർക്കേറ്റും രൂപീകൃതമാകുമ്പോൾ ബർക്കുമാൻസ് അച്ചനെയും പ്രേഷിതരായ ബഹു. വൈദികരെയും സന്യാസിനി- സന്യാസികളെയും ഒപ്പം സഭാ തീക്ഷ്ണതയുള്ള അത്മായരെയും മറക്കാതിരിക്കാം.

അഭി. ജേക്കബ് മാർ ബർണ്ണബാസ് പിതാവ് ഭാരതമൊന്നാകെ ചിതറിക്കിടന്ന മലങ്കര മക്കളെ ETRI അപ്പസ്തോലിക് വിസിറ്റേറ്റർ എന്ന നിലയിൽ ഒന്നിപ്പിക്കുന്നതിന് ഒത്തിരിയേറെ അദ്ധ്വാനിച്ചു. അദ്ദേഹത്തോടൊപ്പം കുറെയേറെ വൈദികരും സന്യസ്തരും അൽമായരും ഉണ്ടായിരുന്നു. മലങ്കര സഭയുടെ കൂട്ടായ്മയുടെ നന്മയാണ് ഒരു രൂപതയായും എക്സാർക്കേറ്റായും സർവ്വോപരി ഭാരതം മുഴുവനും കാനോനികമായ അധികാര പരിധി ലഭ്യമായതും. പുതിയ നിയോഗം ലഭിച്ച ബർണ്ണബാസ് പിതാവിനും അന്തോനിയോസ് പിതാവിനും എല്ലാ വിധ ആശംസകളും നേരുന്നു. മലങ്കര കത്തോലിക്കാ സഭയുടെ പ്രേഷിതമുഖം പൂർവ്വാധികം ശക്തിയോടെ ലോകത്തിന്റെ മുൻപാകെ വിളങ്ങട്ടെ.

# മാർത്തോമ്മാ ശ്ലീഹായും...

(പേജ് 15 തുടർച്ച)

എന്ന മെത്രാനായി 12 വൈദികർ വാഴിച്ചു. ഈ നിർഭാഗ്യ സംഭവങ്ങൾ അറിഞ്ഞ് റോം ഒരു കമ്മീസറിയെ (commission) കേരളത്തിലേക്ക് അയച്ചു. നിയമവിരുദ്ധമായ മെത്രാൻപട്ടം തിരുത്തി മാർത്തോമ്മാ മാനസാന്തരപ്പെടണമെന്ന് കമ്മീസറി ആവശ്യപ്പെട്ടു. എന്നാൽ ഇത് സുറിയാനിക്കാരുടെ ആത്മാഭിമാനത്തിന്റെ പ്രശ്നമായി കണ്ട മാർത്തോമ്മായും കൂട്ടരും മെത്രാൻപട്ടം നിയമപരമായ കൈവയ്പിലൂടെ സാധൂകരിച്ച് അദ്ദേഹത്തെ സുറിയാനിക്കാരുടെ മെത്രാനാക്കണമെന്ന് കമ്മീസറിയോട് അപേക്ഷിച്ചു. കാരണം അദ്ദേഹം മുഴുവൻ സുറിയാനിക്കാർക്കുംവേണ്ടിയാണ് നിയമവിരുദ്ധമായിട്ടാണെങ്കിലും വാഴിക്കപ്പെട്ടത്. പല സ്ഥലങ്ങളിലായി കമ്മീസറിയും മാർത്തോമ്മാകക്ഷിയുമായി സന്ധിസംഭാഷണങ്ങൾ നടന്നു. നിർഭാഗ്യവശാൽ അവ വിജയം കണ്ടില്ല. കേരള സുറിയാനി സഭ ആദ്യമായി ഒരു പിളർപ്പിന്റെ പ്രതിസന്ധിയിലേക്ക് നീങ്ങി.

1663-ൽ പോർട്ടുഗീസുകാരിൽനിന്ന് കൊച്ചി പിടിച്ചടക്കിയ ഡച്ചുകാർ, ഡച്ചുകാരല്ലാത്ത എല്ലാ യൂറോപ്യന്മാരും മലബാർ തീരം വിടണമെന്ന് ആജ്ഞാപിച്ചു. അതിനാൽ മാർപാപ്പയുടെ കമ്മീസറിയായിരുന്ന കർമ്മലീത്ത മെത്രാൻ സെബസ്ത്യാനിക്കും കേരളം വിടേണ്ടതായി വന്നു. അദ്ദേഹം ഇറ്റലിക്ക് പോകുന്നതിനു മുൻപായി, അലക്സാണ്ടർ II -ാമൻ മാർപാപ്പയുടെ കല്പന പ്രകാരം പകലോമറ്റം തറവാട്ടിലെതന്നെ പറമ്പിൽ ചാണ്ടി കത്തനാരെ സുറിയാനിക്കാരുടെ മെത്രാനായി 1663 ഫെബ്രുവരി 1-ന് വാഴിച്ചു. ശുശ്രൂഷയ്ക്കു ശേഷം മാർത്തോമ്മയെയും അദ്ദേഹത്തിന്റെ ആലോചകരായിരുന്ന ഇട്ടിത്തൊമ്മൻ കത്തനാരെയും മഹറോൻ ചൊല്ലി. അന്ന് കേരള സുറിയാനി സഭയിലെ ആദ്യത്തെ പിളർപ്പ് പൂർണ്ണമായി. അന്നുണ്ടായിരുന്ന 110 സുറിയാനി പള്ളികളിൽ 64 എണ്ണം ചാണ്ടി മെത്രാന്റെ കൂടെയും 24 എണ്ണം മാർത്തോമ്മ മെത്രാന്റെ കൂടെയും നിന്നു. ബാക്കി 22 പള്ളികളിൽ ഇരുകക്ഷികളും ഉണ്ടായിരുന്നു.

മാർത്തോമ്മാ മെത്രാൻ പിന്നീട് തന്റെ പട്ടം സാധൂകരിച്ച് കിട്ടാൻ യാക്കോബായ സഭയുമായി ബന്ധപ്പെട്ടു. അതിനാൽ മാർത്തോമ്മയുടെ കക്ഷി 'പുത്തൻകൂർ' എന്നും കത്തോലിക്കാസഭയിൽ തന്നെ തുടർന്ന ചാണ്ടി മെത്രാന്റെ കക്ഷി 'പഴയകൂർ' എന്നും അറിയപ്പെടാൻ തുടങ്ങി. പുത്തൻകൂർ സമൂഹം പിന്നീട് ചരിത്രത്തിന്റെ ഗതിയിൽ പല സഭകളിലായി നിലകൊള്ളുന്നു. ഓരോ വിഭാഗങ്ങൾക്കും പിന്നീട് അവരുടേതായ അനേകം പള്ളികൾ ആധുനിക കാലത്ത് സ്ഥാപിതമായി. എന്നാൽ നസ്രാണി ക്രിസ്ത്യാനികളെയും അവരുടെ ദേവാലയസമൂഹങ്ങളെയും ഐക്യപ്പെടുത്തുന്ന ശക്തമായ തായ്‌വേര് ഇന്നും മാർത്തോമ്മായുടെ ശ്ലൈഹിക പാരമ്പര്യം തന്നെയാണ്.

## ഇടയശബ്ദം (പേജ് 5 തുടർച്ച)

ഈ വലിയ നിയോഗം പ്രഖ്യാപിക്കുന്നതിന് ദൈവം നിയോഗിച്ചത് നമ്മുടെ സഭയുടെ തലവനും പിതാവുമായ ബസേലിയോസ് ക്ലീമിസ് പിതാവിനെയായിരുന്നു. ഭാരതസഭയുടെ മെത്രാൻ സമിതിയുടെ തലവനായിക്കുമ്പോഴാണ് ഈ ചരിത്ര പ്രസിദ്ധമായ സംഭംവം എന്നത് വലിയ അഭിമാനം തന്നെ ദൈവകരങ്ങളിൽ നമുക്ക് സർവ്വതും സമർപ്പിച്ച് മുന്നേറാം.

കേരള സഭയിലെ ഏറെ പുരാതനമായ ചില ദൈവാലയങ്ങളും അവയുടെ ചരിത്രവും പ്രാധാന്യവും പഠിക്കുകയെന്നതാണ് ഐക്യദീപം ഈ ലക്കത്തിൽ ചെയ്യുക. നമ്മെ സംബന്ധിച്ച് ഈ ദൈവാലയങ്ങളെ പരിചയപ്പെടുന്നത് ദൈവപരിപാലനയുടെ അനുഭവങ്ങൾ അറിയുന്നതിനു സഹായകമാണ്. ദൈവം ചരിത്രത്തിലൂടെയാണ് നമ്മോട് സംസാരിക്കുന്നത്. ഈ ദൈവാലയങ്ങൾ സന്ദർശിക്കുന്നതിനും പഠിക്കുന്നതിനും അനുഗ്രഹങ്ങൾ തേടുന്നതിനും ഇടയാകുമെന്ന് പ്രതീക്ഷിക്കുന്നു. കേരളത്തിലെ എല്ലാ പ്രധാന ദൈവാലയങ്ങളും നമുക്ക് ഉൾക്കൊള്ളിക്കാൻ കഴിയില്ലല്ലോ. എന്തെങ്കിലും കുറവുണ്ടെങ്കിൽ അത് മനസ്സിലാക്കണമെന്ന് ഐക്യദീപത്തിന്റെ വായനക്കാരോട് അഭ്യർത്ഥിക്കുന്നു.

പരി. മാർപാപ്പയുടെ വിലയിരുത്തൽ ഏറെ ശ്രദ്ധേയമാണ്. ആദിമസഭയിലെ പീഡനത്തേക്കാൾ രൂക്ഷമായ പീഡനങ്ങളാണ് ഈ കാലഘട്ടത്തിൽ ക്രൈസ്തവർ അഭിമുഖീകരിക്കുന്നതെന്ന് എടുത്തു പറഞ്ഞിരിക്കുന്നു. ഏറെ ക്രൂരമായ പീഡനങ്ങൾ, കുഞ്ഞുങ്ങൾപോലും ഈ പീഡനത്തിൽനിന്നും ഒഴിവാക്കപ്പെടുന്നില്ല എന്നത് ഏറെ സങ്കടകരമായ കാര്യമാണ്. പീഡനങ്ങളുടെ നടുവിൽ നാം ധൈര്യപൂർവ്വം മുന്നേറുക. യേശുവിന്റെ സ്നേഹത്തിൽ എല്ലാവരെയും കാണുവാനും ആ സ്നേഹം എല്ലാവർക്കും പങ്കുവയ്ക്കുവാനും നമുക്ക് ശ്രമിക്കാം. ക്ഷമയും സഹനവും പ്രാർത്ഥനയും നമുക്ക് ശക്തിപകരും. മദർ തെരേസ പറയുന്നു:

"മൗനം പാലിക്കുക
മൗനം പ്രാർത്ഥനയിലേക്ക് നയിക്കും
പ്രാർത്ഥന സ്നേഹത്തിലേക്കും
സ്നേഹം സേവനത്തിലേക്കും
സേവനം സമാധാനത്തിലേക്കും നമ്മെ നയിക്കും"

അമ്മയുടെ ഈ ജ്ഞാനം ജീവിതത്തിന്റെ ഭാഗമാക്കുവാൻ നമുക്ക് പരിശ്രമിക്കാം.

കുടുംബവേദി





ഫാ. ജോൺ പടിപ്പുരയ്ക്കൽ

# അബ്രഹാം – ദൈവഹിതമാരായുന്ന കുടുംബനാഥൻ

പൂർവ്വപിതാക്കന്മാരുടെ മാതൃകാപരവും പ്രാതിനിധ്യപരവുമായ ജീവിതങ്ങളുടെ സമാഹാരമായ ഉത്പത്തിപുസ്തകത്തിലൂടെ മിഴികളോടിക്കുമ്പോൾ 11-ാം അദ്ധ്യായത്തിൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിനെ പരിചയപ്പെടുന്നു. ദൈവസ്വരത്തിന് കാതോർക്കുകയും ദൈവം തിരുമനസ്സായി നൽകിയ ദേശം പങ്കുവയ്ക്കുമ്പോൾ മനസ്സിനിണങ്ങിയ ഭാഗം തെരഞ്ഞെടുക്കുവാൻ സഹോദരപുത്രനെ അനുവദിക്കുകയും ഭാര്യയുടെ മിഴി നനയുവാനിടവരുത്താതിരിക്കുകയും അതിഥിസൽക്കാരത്തിന് കുറവു വരുത്താതെ നല്ല അയൽക്കാരന്റെ മാതൃകയ്ക്ക് ഒരു മുന്നാസ്വാദനം നൽകുകയും ആരുടെയും നാശം ആഗ്രഹിക്കാതിരിക്കുകയും പുത്രവാത്സല്യത്തെ സൃഷ്ടികർത്താവിന്റെ ഇംഗിതവുമായി തട്ടിച്ചുനോക്കി ദൈവഹിതത്തിന് പ്രഥമസ്ഥാനം നൽകുകയും ചെയ്ത അബ്രഹാം എന്ന ‘കുടുംബനാഥൻ’ ഇന്ന് ഒരു ചോദ്യചിഹ്നമായി നമുക്ക് മുൻപിൽ നിൽക്കുന്നു.

“നിന്റെ ഭവനത്തെയും ദേശത്തെയും ബന്ധുക്കളെയും പിതൃഭവനത്തെയും വിട്ട് ഞാൻ കാണിച്ചുതരുന്ന നാട്ടിലേക്ക് പോവുക” (ഉല്പ. 12:1) എന്ന ദൈവ കല്പനയ്ക്ക് മറുചോദ്യമുയർത്താതെ തന്റെ പുരുഷായുസ്സിന്റെ സായാഹ്നത്തിൽ ഹാരാനിൽനിന്നും കാനാൻ ദേശത്ത് എത്തിച്ചേരുന്നു. “നീ സ്നേഹിക്കുന്ന നിന്റെ ഏകമകൻ ഇസഹാക്കിനെയും കൂട്ടിക്കൊണ്ട് മോറിയ ദേശത്തേക്ക് പോവുക. അവിടെ ഞാൻ കാണിച്ചുതരുന്ന മലമുകളിൽ നീ അവനെ എനിക്ക് ഒരു ദഹനബലിയായി അർപ്പിക്കണം” (ഉല്പ.22:2). ഈ അരുളപ്പാടിന് വ്യവസ്ഥകളോ ന്യായവാദങ്ങളോ ഒന്നും ഉരിയാടാതെ തന്റെ ‘ഏക’ മകനെയും കൂട്ടി യാത്രയാകുന്ന അബ്രാം എന്ന ‘അപ്പൻ’ ദൈവത്തെപ്പോലും അത്ഭുതപ്പെടുത്തുന്നു. ‘അബ്രാം’ എന്ന തന്റെ പേര് വിപുലപ്പെടുത്തി അബ്രഹാം എന്നാക്കിയപ്പോഴും (ഉല്പ.17:5) ‘സാറായി’ എന്ന തന്റെ ഭാര്യയുടെ പേര് വെട്ടിച്ചുരുക്കി ‘സാറാ’ എന്നാക്കിയപ്പോഴും (ഉല്പ. 17:15) എന്തിന്? എന്തുകൊണ്ട്? തുടങ്ങിയ ചോദ്യങ്ങളുമായി അബ്രഹാം ദൈവമുൻപിൽ വരുന്നില്ല. മറിച്ച് ദൈവ മുൻപിൽ സമ്പൂർണ്ണ സമർപ്പണം നടത്തുന്നു.




എത്തിച്ചേർന്ന ദേശത്തെല്ലാം ബലിപീഠം പണിതുകൊണ്ട് ക്രൈസ്തവന്റെ ജീവിതം ബലിപീഠവുമായി ഉൾച്ചേർന്നു കിടക്കുന്നു എന്ന് ഈ പിതാവ് നമ്മെ നിരന്തരം ഓർമ്മപ്പെടുത്തുന്നു. ഷെക്കെമിലും (ഉല്പ. 12:7) ബദേലിലും (ഉല്പ. 12:8) ബെബ്രോണിലും (ഉല്പ. 13:8) മോറിയ ദേശത്തുമായി (ഉല്പ. 22:9) നാലു ബലിപീഠങ്ങൾ നിർമ്മിച്ച 'വിശ്വാസികളുടെ പിതാവ്' ബലിപീഠം നിർമ്മാണത്തിലും മുൻപന്തിയിൽ നിൽക്കുന്നു. ദൈവം തനിക്കു കനിഞ്ഞു നൽകിയ സകല സമ്പാദ്യത്തിന്റെയും ദശാംശം അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്ന മെൽക്കിസെദേക്കിന് (ഉല്പ. 14:20) നൽകിക്കൊണ്ട് ദൈവാലയത്തിന് നൽകേണ്ട പങ്കിന് യാതൊരുവിധ കുറവും വരുത്തരുതെന്നും ഈ പിതാവ് നമ്മെ പഠിപ്പിക്കുന്നു.

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**വിൻസി, ന്യൂയോർക്ക്**

സഹോദരങ്ങൾ തമ്മിൽ കലഹമുണ്ടാകാൻ പാടില്ല എന്ന സത്യം തിരിച്ചറിഞ്ഞ അബ്രാം സ്വത്ത് പങ്കുവയ്ക്കുന്നതിലും കലഹത്തിന് ഇടം നൽകുന്നില്ല. വീതം വയ്ക്കുന്നതിന്റെ കാര്യം ലോത്തിനെ ഭരമേല്പിക്കുന്നു (ഉല്പ. 13:8). സഹോദരൻ തടവുകാരനാക്കപ്പെട്ടെന്നു കേട്ടപ്പോൾ തന്റെ വീട്ടിൽത്തന്നെ ജനിച്ച് വളർന്നവരും പയറ്റിത്തെളിഞ്ഞവരുമായ 318 പേരോടൊപ്പം 'ദാൻ' വരെ ലോത്തിന്റെ ശത്രുക്കളെ പിന്തുടർന്ന് കീഴ്പ്പെടുത്തിയ അബ്രാം (ഉല്പ. 14:14) ജലപുഷ്ടിയുള്ള ജോർദാൻ സമതലപ്രദേശം കൈക്കലാക്കിയ തന്റെ സഹോദരപുത്രനോട് യാതൊരുവിധ പകയോ വിദ്വേഷമോ ഇല്ലെന്ന് സ്വപ്രവർത്തിയിലൂടെ തെളിയിച്ചു. അങ്ങനെ 'സഹോദരന്റെ കാവൽക്കാരനാണോ ഞാൻ?' (ഉല്പ. 4:19) എന്ന കായേന്റെ ചോദ്യത്തിന് 'അതെ' എന്ന ഉത്തരം ഈ പിതാവ് നൽകി. ദൈവിക ദർശനം (ഉല്പ. 18) തിരിച്ചറിയുവാൻ കഴിഞ്ഞില്ലെങ്കിലും കൂടാരവാതിൽക്കലിരിക്കുമ്പോൾ മൂന്നാളുകൾ തനിക്കെതിർവശത്തായി നിൽക്കുന്നത് കണ്ട് എഴുന്നേറ്റ് ചെന്ന് അവരെ നിലംപറ്റെ താണുവണങ്ങി, കാലുകഴുകാൻ ജലം നൽകി, അവരെ സ്വീകരിച്ചിരുത്തി അപ്പം നൽകി, അവരുടെ വിശപ്പടക്കിയ അബ്രഹാം അതിഥി സൽക്കാരത്തിന്റെ മികവും വരച്ചുകാട്ടുന്നു.

സോദോമിന്റെയും ഗോമോറായുടെയും പതനത്തെക്കുറിച്ച് പറയുന്ന ദൈവത്തിനു മുൻപിൽ ഒരു കുഞ്ഞുകുട്ടിയുടെ നിഷ്കളങ്കതയോടുകൂടി നിന്ന്, നഗരത്തിൽ 50 നീതിമാന്മാരുണ്ടെങ്കിൽ ആ സ്ഥലത്തെ ശിക്ഷയിൽനിന്ന് ഒഴിവാക്കുമോ എന്ന് ആരാഞ്ഞുതുടങ്ങി. 45-ലേക്കും 40-ലേക്കും 30-ലേക്കും 20-ലേക്കും അവിടെനിന്ന് 10-ലേക്കും ചോദ്യമിറക്കിക്കൊണ്ടുവന്ന് ശിക്ഷയുടെ കാര്യത്തിൽ ദൈവത്തിൽനിന്നും ഇളവു നേടാൻ ആഗ്രഹിക്കുന്ന അബ്രഹാം മറ്റുള്ളവരുടെ വീഴ്ചയിൽ സന്തോഷിക്കാതെ അവരോട് ചേർന്ന് നിൽക്കുവാൻ നമ്മെ പഠിപ്പിക്കുന്നു.

തീയും വിറകുമുണ്ടല്ലോ! എന്നാൽ ദഹനബലിക്കുള്ള കുഞ്ഞാടെവിടെ? (ഉല്പ.22:7) എന്ന മകന്റെ ചോദ്യത്തിന് 'സ്വരമിടറാതെ' ബലിക്കുള്ള കുഞ്ഞാടിനെ ദൈവം തന്നെ തരും എന്ന് പറഞ്ഞ് ബാലനായ ഇസഹാക്കിന്റെ കൈപിടിച്ച് യാത്രയാകുന്ന അബ്രഹാം, 'വിശ്വാസം' സ്വജീവിതത്തിൽ കാത്തുസൂക്ഷിക്കേണ്ട അമൂല്യനിധിയല്ല, വരും തലമുറയിക്ക് പകർന്നു നൽകേണ്ട ചിരാതാണെന്ന് നമുക്ക് കാണിച്ചു തരുന്നു.

പറന്നകലുന്ന ലോകത്തിനു പിന്നാലെ ഓടി അടുക്കുവാൻ കിതയ്ക്കുന്നതിനിടയിൽ ദൈവത്തെയും സഹോദരങ്ങളെയും ആതിഥ്യമര്യാദകളുമൊക്കെ മറക്കുന്ന ഇന്നിന്റെ മക്കളായ നമുക്ക് ഈ പിതാവിന്റെ പാത പിൻചെന്നുകൊണ്ട് അദ്ദേഹത്തിനു കേൾക്കാനിടയായ 'വചനം' കേൾക്കുവാൻ ഇടയാകട്ടെ. "നിന്റെ ഏക പുത്രനെപ്പോലും എനിക്കു തരുവാൻ മടിക്കായ്ക കൊണ്ട് ഞാൻ ശപഥം ചെയ്യുന്നു, ഞാൻ നിന്നെ സമൃദ്ധമായി അനുഗ്രഹിക്കും" (ഉല്പ. 22:17).





# പ്രബോധനം

## തിരുവചനത്തിന്റെ പുനർവായന

**മാതൃസമാജങ്ങളിലും കുടുംബകൂട്ടായ്മകളിലും വായനയ്ക്കും പഠനത്തിനും ...**

### മെയ് 3

### ഉയിർപ്പിനുശേഷം 4–ാം ഞായർ

### ലൂക്കാ. 24:35–49

യേശുമിശിഹായുടെ ഉയിർപ്പിനുശേഷം തന്റെ ശിഷ്യന്മാർക്ക് വെളിപ്പെടുത്തുന്ന ഭാഗങ്ങളിലൊന്നാണ് ഇന്നത്തെ സുവിശേഷ പ്രതിപാദ്യം. മുറിക്കകത്ത് കതകടച്ചിരിക്കുന്ന ക്രിസ്തുശിഷ്യരുടെ മുൻപിൽ തന്റെ മുറിപ്പാടുകളും കുത്തിമുറിക്കപ്പെട്ട വിലാപ്പുറവും കാണിക്കുകയും ഉത്ഥാനത്തിന്റെ ഫലമായ സമാധാനം ആശംസിക്കുകയുമാണ് യേശു ചെയ്യുന്നത്. കർത്താവ് ഓരോരുത്തരെയും കാണുമ്പോൾ നിങ്ങൾക്ക് സമാധാനം' എന്ന് പറഞ്ഞുകൊണ്ടാണ് സംഭാഷണം ആരംഭിക്കുന്നത്.

കൈകളും കാലുകളും കാണിച്ച് സ്പർശിച്ചുനോക്കി, ക്രൂശിതനായവൻ തന്നെയാണ് ഉയിർത്തെഴുന്നേറ്റതെന്ന് ഗ്രഹിക്കുവാൻ യേശു ശിഷ്യന്മാരെ ക്ഷണിക്കുകയാണ്. മുറിവുകൾ ഉണങ്ങിയ ആളല്ല ക്രിസ്തു. അവന്റെ മുറിവുകൾ തുറന്നിരുന്ന അവസ്ഥയിലുമായിരുന്നു. ഉയിർത്തെഴുന്നേറ്റ കർത്താവിന് ശരീരം ഇല്ല എന്നു വാദിക്കുന്നവരുടെ വിമർശനങ്ങളെ അതിജീവിക്കുന്ന വിശ്വാസത്തിന്റെ ആഴമാണ് ഈ സുവിശേഷഭാഗത്ത് നമുക്ക് ലഭ്യമാകുന്നത്.

ഉത്ഥാനം ചെയ്തത് മരിച്ചവൻ തന്നെയാണെന്ന് സാക്ഷിക്കുമ്പോൾ ഉത്ഥിതൻ തന്റെ ശരീരത്തിൽ മരണത്തിന്റെ അടയാളങ്ങൾ സംവഹിക്കുന്നു. യോഹന്നാൻ ശ്ലീഹായുടെ വാക്കുകളിൽ കൊല്ലപ്പെട്ടിട്ടും ജീവിക്കുന്ന കുഞ്ഞാട് നമ്മുടെ വിശ്വാസത്തെ ഇന്നത്തെ സുവിശേഷത്തിൽ ഒരല്പംകൂടി ആഴത്തിലേക്ക് ക്ഷണിക്കുകയാണ്. ഉത്ഥാനം ചെയ്ത കർത്താവിനെ സ്വീകരിക്കുകയല്ല, മറിച്ച് മരിച്ചവൻ മരണത്തെ തോല്പിച്ച് ഉത്ഥാനം ചെയ്തു എന്ന് സ്വീകരിക്കണം. ചരിത്രത്തിലെ ക്രിസ്തു ചരിത്രാതീതനായി മനുഷ്യജീവിതം ആറടിമണ്ണിലവസാനിക്കാതെ മരണത്തിനുമപ്പുറത്തേക്ക് നീങ്ങുന്ന, നീളുന്ന, ഉജ്ജ്വലമാനമായ ശാശ്വത ജീവിതത്തിനുവേണ്ടിയുള്ളതാണ് എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ഈ വേദഭാഗം, ക്രിസ്തീയതയും ക്രൈസ്തവവിശ്വാസവും താളം തെറ്റിയ മനസ്സുകളുടെ വിഭ്രാന്തിയിൽനിന്ന് ഉതിർക്കുന്ന നിഗമനങ്ങളിൽ അല്ല ഉറപ്പിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. മറിച്ച് ചരിത്രത്തിൽ ജീവിച്ച് അനിവാര്യമായ മരണത്തെ പുൽകി, മരണമെന്ന യാഥാർത്ഥ്യത്തെ അതിജീവിച്ച ക്രിസ്തുവിൽ കേന്ദ്രീകൃതമാണ്. എന്നാൽ യേശു ശിഷ്യന്മാരെ കാണിക്കുന്നത് തന്റെ മുറിപ്പാടുകളാണ്. അവരെ ക്ഷണിക്കുന്നത് കുരിശിലെ പീഡാസഹനങ്ങളിലേക്കാണ്. കാരണം, പീഡനവും കുരിശും ദൈവിക പദ്ധതിയിലെ അനിവാര്യതയോ കുറുക്കുവഴിയോ ആയിരുന്നില്ല. മറിച്ച് ഇത് ദൈവഹിതമായിരുന്നു. ആ കുരിശിലാണ് ദൈവസ്നേഹത്തിന്റെ പാരമ്യത നമുക്ക് കാണാൻ കഴിയുന്നത്. ആ അടിപ്പിണരുകളിലാണ് ദൈവത്തിന് മനുഷ്യരക്ഷയിലുള്ള താല്പര്യത്തിന്റെ ആഴം നമുക്ക് അനുഭവവേദ്യമാകുന്നത്. ആ മുറിവുകളിലാണ് പാലത്തിൽ വീഴാതെ നാം കാത്തുസൂക്ഷിക്കപ്പെടുന്നത്. ആ രക്തത്തുള്ളികളിലാണ് നാം കഴുകി വിശുദ്ധരും നിർമ്മലരും ആക്കപ്പെടുന്നത്. അതിനാൽ മരിച്ചുയർത്തവൻ തന്റെ മുറിവുകൾ കാണാൻ വിലാപ്പുറത്ത് കരംവച്ച് സ്നേഹത്തിന്റെ സ്പന്ദനം അനുഭവിക്കുവാൻ നമ്മെയും ക്ഷണിക്കുകയാണ്. അടുത്തേക്ക് ചെല്ലാം, ശ്രദ്ധിച്ചു കേൾക്കാം. അവന്റെ അന്ത്യമൊഴികൾക്കായി കാതോർക്കാം. യേശു തന്റെ പിതാവിന്റെ സന്നിധിയിലേക്ക് വാങ്ങിപ്പോകുന്നതിനു മുമ്പ് പറയുന്ന അന്ത്യവചസുകളാണ് 44 മുതൽ 49 വരെയുള്ള ഭാഗത്ത് വിവരിക്കുന്നത്.

വേർപാടിന്റെ അവസരത്തിൽ നൽകുന്ന ഉപദേശം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. പഴയ നിയമത്തിൽ പിതാക്കന്മാരുടെ കാലഘട്ടം മുതൽ ഇത് സ്പഷ്ടമാണ്. മൂന്ന് കാര്യങ്ങളാണ് നമുക്ക് പ്രായോഗിക ജീവിതത്തിലേക്ക് അവൻ പറഞ്ഞുതരുന്നത്.

1. മനസ്സ് തുറക്കൂ – വി. ലിഖിതം ഗ്രഹിക്കൂ

യേശു തമ്പുരാന്റെ രക്ഷാകര വ്യാപാരങ്ങളെക്കുറിച്ചുള്ള സൂചനകളും വെളിപ്പെടുത്തലുകളും തിരിച്ചറിയാൻ സ്വായത്തമാക്കാൻ നാം നമുക്ക് മനസ്സിനെ ഒരുക്കണം, തുറക്കണം. പീഡാനുഭവ വിവരണങ്ങളിലും ഉത്ഥാന പ്രത്യക്ഷീകരണങ്ങളിലുമെല്ലാം സുവിശേഷകർ എടുത്തുപറയുന്ന കാര്യമാണ്. 'എഴുതപ്പെട്ടിരിക്കുന്ന പോലെ' എന്നോ മോശയുടെ നിയമത്തിലും പ്രവാചക ഗ്രന്ഥങ്ങളിലും പറഞ്ഞിരിക്കുന്നപോലെ എന്നോ പറഞ്ഞവയും മനസ്സ് തുറന്ന് ഹൃദയത്തിൽ വചനം ഗ്രഹിക്കുമ്പോഴാണ് ജ്വലനം ഉണ്ടാകുന്നത് എന്ന് എമ്മാവൂസ് അനുഭവം നമ്മെ പഠിപ്പിക്കുന്നു. ആയതിനാൽ മനസ്സ് തുറന്ന് ലിഖിതം ഗ്രഹിക്കുവാൻ നാം നമ്മെത്തന്നെ ഒരുക്കണം.

2. നിങ്ങൾ സാക്ഷികളാണ്

അടച്ച കതകിനു മറവിൽ ഒളിഞ്ഞിരിക്കുന്ന ഭയചകിതരുടെയും ചഞ്ചലചിത്തരുടെയും കൂട്ടമല്ല സഭ, മറിച്ച് ഇത് സാക്ഷികളുടെ സമൂഹമാണ്. സാക്ഷികളുടെ കൂട്ടായ്മയാണ്. ജീവിതംകൊണ്ട് യേശു

വിന്റെ ഉയിർപ്പിനും നിത്യജീവനും സാക്ഷ്യം വഹിക്കുവാൻ നാം പ്രതിജ്ഞാബദ്ധരാണ്. ക്രിസ്തുശിഷ്യന്റെ ജീവിതം സാക്ഷ്യം വഹിക്കാനുള്ളതാണ്. സാക്ഷ്യത്തിന്റെ അടയാളമാണ്.

3. ഉത്ഥാനത്തിൽനിന്നുള്ള ശക്തിക്കായി നഗരത്തിലായിരിക്കുവിൻ

ദൈവിക അന്തരീക്ഷത്തിൽ ആയിരുന്ന് നാം നമ്മെത്തന്നെ ഒരുക്കണം. ആത്മചൈതന്യത്താൽ നിറഞ്ഞു കവിയണം. വെറും മുക്കുവർ ആത്മപൂരിതരായി പ്രഘോഷണത്തിനിറങ്ങിയപ്പോൾ അത്ഭുതാവഹമായ രീതിയിൽ സുവിശേഷം നിറയപ്പെട്ടതിനു കാരണം അവരുടെ ഉള്ളിലുണ്ടായിരുന്ന ആത്മശക്തിയാണ്.

ഉത്ഥിതന്റെ മുറിവുകളിൽ സംരക്ഷണം നേടി, അവിടുത്തെ രക്തത്താൽ കഴുകി, ശുദ്ധമാക്കപ്പെട്ട്, മനസ്സ് തുറന്ന് ലിഖിതം ഗ്രഹിച്ച്, ആത്മശക്തിയാൽ പൂരിതരായി, അവിടുത്തെ വചനത്തിന്റെ സാക്ഷികളായി, ഈ ലോകത്തിൽ ക്രിസ്തുശിഷ്യരായി ജീവിക്കാം.

**ഫാ. സെബാസ്റ്റ്യൻ കുന്നുംപുറത്ത്**

## മെയ് 10

## ഉയിർപ്പിനുശേഷം അഞ്ചാം ഞായർ

## യോഹ. 16:16 – 24

ഉയിർപ്പിനുശേഷമുള്ള അഞ്ചാമത്തെ ഞായറാഴ്ചയാണ് നാം പ്രത്യേകമായി വിചിന്തനം ചെയ്യുന്ന വേദഭാഗം വി. യോഹന്നാൻ എഴുതിയ സുവിശേഷം 16-ാം അദ്ധ്യായം 16 മുതൽ 24 വരെയുള്ള തിരുവചനങ്ങളാണ്. യേശു തന്റെ മരണത്തെയും ഉത്ഥാനത്തെയും കുറിച്ച് സംസാരിക്കുന്ന ഭാഗമാണിത്. സന്തോഷമാകുന്നതും സന്തോഷമേകുന്നതുമായ സങ്കടങ്ങളെക്കുറിച്ചുള്ള വിവരണമാണ് സുവിശേഷത്തിൽ നാം കാണുന്നത്. തന്റെ ആസന്നമായ വേർപാടിന്റെ പശ്ചാത്തലത്തിലാണ് യേശു സംസാരിക്കുന്നത്. സന്തോഷമായി മാറുന്ന സങ്കടത്തിന്റെ ഇടവേള മാത്രമാണ് തന്റെ വേർപാട് എന്ന് യേശു ഓർമ്മിപ്പിക്കുന്നു. വളരെ മനോഹരമായ രീതിയിലാണ് യേശു തന്റെ വേർപാടിനെ അവതരിപ്പിക്കുന്നത്. 15-ാം അദ്ധ്യായത്തിൽ തായ്ത്തണ്ടിനോട് ശാഖ ചേർന്നുനിൽക്കേണ്ടതിനെപ്പറ്റി പഠിപ്പിച്ച്, 16-ാം അദ്ധ്യായത്തിൽ പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞ്, 17-ാം അദ്ധ്യായത്തിൽ പ്രവാചക പ്രാർത്ഥന നടത്തി തനിക്കുവേണ്ടിയും ശിഷ്യന്മാർക്കുവേണ്ടിയും വിശ്വാസികൾക്കുവേണ്ടിയും പിന്നെ തന്നെത്തന്നെ യഹൂദന്മാർക്ക് ഏല്പിച്ച് കൊടുക്കുന്നു.

16-ാം അദ്ധ്യായത്തിൽ പ്രത്യേകമായും സന്തോഷത്തിന് വഴിമാറുന്ന ദുഃഖത്തെക്കുറിച്ച് അവിടുന്ന് പഠിപ്പിക്കുന്നു. അതായത് ഉത്ഥാനത്തിന് മുൻപിൽ മുട്ടുമടക്കുന്ന മരണത്തെ അവിടുന്ന് പഠിപ്പിക്കുന്നു. ഇവിടെ കർത്താവ് നമ്മോട് ആവശ്യപ്പെടുന്ന ഒരു കാര്യം. ക്രിസ്തുശിഷ്യന്റെ വഴി (unique) ആണ്. അത് ലോകത്തിന്റെ വഴികളിൽ നിന്നും വേർപെട്ട് നിൽക്കുന്ന ഒന്നാണ്. ലോകത്തിന്റെ സന്തോഷം ശാശ്വതമായ ഒന്നല്ല. എന്നാൽ ക്രിസ്തുവിലുള്ള സന്തോഷം നിത്യമായതാണ് എന്ന് യേശു നമ്മെ പഠിപ്പിക്കുന്നു. ശിഷ്യന്റെ മുമ്പിൽ രണ്ട് വഴികളുടെ സാദ്ധ്യതയാണ് തന്റെ വേർപാടിന് മുമ്പായി യേശു അവതരിപ്പിക്കുന്നത്.

1. കുരിശ് ചുമന്ന് ക്രിസ്തുവിലേക്ക്
2. നൈമിഷിക സന്തോഷത്തിന്റെ വഴി

ഇതിൽ യഥാർത്ഥ സന്തോഷം ക്രിസ്തു പ്രദാനം ചെയ്യുന്ന കുരിശിന്റെ പാതയാണ്. ക്രിസ്തു നഷ്ടപ്പെടുമ്പോൾ ഒരുവന്റെ ജീവിതത്തിലുണ്ടാകുന്ന ശൂന്യതയാണ് കർത്താവ് ഇവിടെ വെളിപ്പെടുത്തുന്നത്. എന്നാൽ ക്രിസ്തു നമുക്ക് നൽകുന്ന സന്തോഷമോ നിത്യമായതാണ്. ഈ സന്തോഷം സ്വീകരിക്കുവാനാണ് അവന്റെ അനുയായികളായ നാമോരോരുത്തരും പരിശ്രമിക്കേണ്ടത്. ഇപ്രകാരം ക്രിസ്തു നമുക്ക് പ്രദാനം ചെയ്യുന്ന സന്തോഷത്തെ നമ്മിൽ നിന്നും എടുത്ത് കളയുവാൻ ആർക്കും സാധിക്കുകയില്ല. ഇപ്രകാരം കുരിശിൽ സന്തഷിക്കുവാൻ ക്രിസ്തുവിന്റെ നാമത്തിൽ പിതാവിനോട് എന്ത് ചോദിച്ചാലും അത് ലഭിക്കും. അതുവഴി നമ്മുടെ സന്തോഷം പൂർത്തിയാകും എന്നാണ് ക്രിസ്തു പഠിപ്പിക്കുന്നത്.

സന്തോഷം പൂർത്തിയാകണമെങ്കിൽ അതിൽ ക്രിസ്തു ഉണ്ടായിരിക്കണം. സന്തോഷത്തിലേക്ക് വഴിമാറുന്ന വേദനയെക്കുറിച്ച് കർത്താവ് പറയുന്നത് വിശ്വാസികൾക്ക് ജന്മം നൽകുന്ന സഭയുടെ പിറവിക്കു നിദാനമാകുന്ന കുരിശിലെ തന്റെ തന്നെ വേദനയെക്കുറിച്ചാണ്. നിങ്ങളിൽ ക്രിസ്തു രൂപപ്പെടുന്നതുവരെ ഞാൻ ഈറ്റുനോവനുഭവിക്കുകയാണ് എന്ന് (ഗലാ. 4:19) പൗലോസ് ശ്ലീഹാ പറയുന്നതും മറ്റൊരർത്ഥത്തിലല്ല. വിശ്വാസികളുടെ നവജാത സമൂഹത്തിലെ അംഗങ്ങൾക്ക് പിതാവുമായി പുത്രസഹജമായ ബന്ധമുണ്ടായിരിക്കും എന്ന് ഊന്നിപ്പറയാനും യേശു മറക്കുന്നില്ല. ശത്രുക്കളുടെ പീഡനങ്ങൾക്കു മുന്നിൽ ബലിയാടാകുന്ന നിസ്സഹായന്റെ മരണമായിട്ടല്ല, നിയതമായ ലക്ഷ്യബോധത്തോടും മുന്നൊരുക്കത്തോടും കൂടി സഭയ്ക്കു ജന്മം നൽകാനുള്ള ദൈവിക പദ്ധതിയാണ് യേശുവിന്റെ പീഡാസഹനം എന്ന് സമർത്ഥിക്കുകയാണ് സുവിശേഷകൻ.

പ്രിയമുള്ളവരെ നമുക്ക് ചിന്തിക്കാം, നമ്മുടെ സന്തോഷം എപ്രകാരമുള്ളവയാണ്. ക്രിസ്തുവിൽ പൂർത്തീകരിക്കപ്പെട്ടതോ അതോ?

**ഫാ. ഓസ്റ്റിൻ ജോൺ തെക്കേതിൽ**

## മെയ് 17

## ഉയിർപ്പിനുശേഷം ആറാം ഞായർ

## വി. യോഹന്നാൻ 16:5 – 11

യേശുവിന്റെ ദൃശ്യസാന്നിദ്ധ്യം നഷ്ടപ്പെടാൻ പോകുന്നു എന്ന ചിന്ത ശിഷ്യന്മാരെ ദുഃഖപൂരിതരാക്കുന്നു. എന്നാൽ തന്റെ ദൃശ്യസാന്നിദ്ധ്യം താൽക്കാലികമായി നഷ്ടപ്പെടുന്നതുവഴി സഹായക

നായ പരിശുദ്ധാത്മാവിലൂടെയുള്ള യേശുവിന്റെ അദൃശ്യസാന്നിദ്ധ്യം ശിഷ്യന്മാർക്ക് ലഭിക്കുമെന്ന് അവിടുന്ന് ഉറപ്പുകൊടുക്കുകയാണ്.

യോഹന്നാന്റെ വീക്ഷണത്തിൽ പരിശുദ്ധാത്മാവ് യേശുവിന്റെ ആത്മാവ് തന്നെയാണ്. പെന്തക്കുസ്താ യിൽ ഇത് വെളിപ്പെടുന്നുമുണ്ട്. ശിഷ്യന്മാരുടെ മേൽ നിശ്വസിച്ചുകൊണ്ട് യേശു അവർക്ക് പരിശുദ്ധാത്മാവിനെ നൽകുന്നത്. അവരുടെ മേൽ നിശ്വസിച്ചുകൊണ്ട് അരുളിചെയ്തു: "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ" (യോഹ. 20:22). പരിശുദ്ധാത്മാവ് യേശുവിന്റെ നിശ്വസനമാണ്. ശിഷ്യസമൂഹത്തിന്റെ അഥവാ സഭയുടെ ജീവനായി യേശു സഭയിൽ വസിക്കുന്നു.

യോഹന്നാന്റെ സുവിശേഷം 16:8–ൽ പറയുന്നു, "അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തെ ബോദ്ധ്യപ്പെടുത്തും." ലോകത്തെ, വിശ്വാസികളെ ബോദ്ധ്യപ്പെടുത്തുവാനാണ് പരിശുദ്ധാത്മാവ്. മൂന്ന് വിധത്തിലുള്ള ബോദ്ധ്യങ്ങളാണ് പരിശുദ്ധാത്മാവ് വിശ്വാസികളിൽ ഉളവാക്കുന്നത്.

1. പാപത്തെക്കുറിച്ച്, 2. നീതിയെക്കുറിച്ച്, 3. ന്യായവിധിയെക്കുറിച്ച്.

**പാപത്തെക്കുറിച്ച്** – യോഹന്നാന്റെ കാഴ്ചപ്പാടിൽ ഒരേയൊരു പാപമേയുള്ളൂ. അത് വിശ്വാസമില്ലായ്മ അഥവാ സ്നേഹമില്ലായ്മ ആണ്. യേശുവിലൂടെയുള്ള ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിനു മനുഷ്യൻ നൽകുന്ന പ്രത്യുത്തരമാണ് വിശ്വാസം. ദൈവം യേശുവിലൂടെ വെളിപ്പെടുത്തിയത് സ്നേഹമായിട്ടായതുകൊണ്ട് വിശ്വസിക്കുന്നവൻ സ്നേഹിക്കുന്നവനായി മാറും. വിശ്വാസമില്ലായ്മ സ്നേഹമില്ലായ്മയാണ്. ഈ പാപാവസ്ഥയെക്കുറിച്ച് പരിശുദ്ധാത്മാവിന്റെ ബോദ്ധ്യപ്പെടുത്തൽ വിശ്വാസികളിൽ നടക്കുമ്പോൾ അത് അവരിൽ പാപബോധം ഉളവാക്കും. ഈ പാപബോധം അവർക്ക് രക്ഷയ്ക്കു കാരണമായിത്തീരുകയും ചെയ്യും.

**നീതിയെക്കുറിച്ച്** – യോഹന്നാൻ ശ്ലീഹ 'നീതി' എന്ന വാക്കുപയോഗിക്കുന്നത് 'വിശുദ്ധി' എന്നർത്ഥത്തിലാണ്. "പാപങ്ങൾ എടുക്കാൻവേണ്ടിയാണ് അവൻ പ്രത്യക്ഷനായതെന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപമില്ല" (യോഹ. 3:5). യേശുവിന്റെ നീതി അവിടുത്തെ പാപമില്ലായ്മയാണ്, പരിശുദ്ധിയാണ്. അതോടൊപ്പം ഈ നീതി പാപത്തിന്മേൽ യേശു വരിച്ച വിജയവും ഉൾക്കൊള്ളുന്നതാണ്. "പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കുന്നതിനുവേണ്ടിയാണ് ദൈവപുത്രൻ പ്രത്യക്ഷനായത്" (1 യോഹ. 3:8). ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേരുന്നതിനുള്ള ഉൾവിളിയും യേശു പാപത്തിന്മേൽ നേടിയ വിജയത്തിലുള്ള പങ്കാളിത്തത്തെക്കുറിച്ചുള്ള ബോദ്ധ്യവും പരിശുദ്ധാത്മാവ് വിശ്വാസികളിൽ ഉളവാക്കുന്നു.

**ന്യായവിധിയെക്കുറിച്ച്** – വി. യോഹ.16:11–ൽ പറയുന്നു: "ഈ ലോകത്തിന്റെ അധികാരി വിധിക്കപ്പെട്ടിരിക്കുന്നതിനാൽ ന്യായവിധിയെക്കുറിച്ച് ബോദ്ധ്യപ്പെടുത്തും." ഈ ലോകത്തിന്റെ അധികാരി എന്ന് വിശേഷിക്കപ്പെടുന്നത് പൈശാചിക ശക്തിയാണ്. തിന്മയുമായുള്ള പോരാട്ടത്തിൽ ആത്യന്തിക വിജയം യേശുവിനാണ്. തന്റെ മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും യേശു പാപത്തെയും മരണത്തെയും പരാജയപ്പെടുത്തി. അങ്ങനെ പൈശാചികശക്തികൾ ന്യായവിധി ഏൽക്കുകയും പുറന്തള്ളപ്പെടുകയും ചെയ്തു. അതുകൊണ്ടുതന്നെയാണ് യേശു ഇങ്ങനെ പറഞ്ഞത്, "എങ്കിലും അവൻ എന്റെ മേൽ അധികാരമില്ല" (യോഹ. 14:30). പരിശുദ്ധാത്മാവിന്റെ സഹായത്തോടെ തിന്മയുടെ ശക്തിയുടെ മേൽ വിജയം വരിക്കാൻ വിശ്വാസികളെ പരിശുദ്ധാത്മാവ് സഹായിക്കുന്നു.

യോഹന്നാന്റെ സുവിശേഷം പരിശുദ്ധാത്മാവിനെ 'സഹായകൻ' എന്നാണ് വിളിക്കുന്നത്. യേശുവിൽ വിശ്വസിക്കുന്നവർക്കു മാത്രമേ സഹായകനെ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ലോകത്തിന്റെ സാഹചര്യങ്ങളിൽ ജീവിക്കുന്ന മനുഷ്യന് വിശ്വാസജീവിതം ഒരു വെല്ലുവിളിയാണ്. ഇവിടെ മനുഷ്യനെ ശക്തിപ്പെടുത്താൻ പ്രത്യേകമായി നൽകപ്പെടുന്ന ഒന്നാണ് സഹായകന്റെ പ്രവർത്തനം.

പരിശുദ്ധാത്മാവ് മൂന്ന് വിധത്തിലുള്ള സഹായകമാണ് നൽകുന്നത്. 1. പഠിപ്പിക്കുക 2. ബോധ്യപ്പെടുക 3. സാക്ഷ്യം വഹിക്കുക.

സഭയിൽ സഭാപ്രവർത്തന നിരതനായ പരിശുദ്ധാത്മാവ് മനുഷ്യബുദ്ധിക്കതീതമായ ക്രിസ്തുരഹസ്യങ്ങളുടെ അന്തഃസത്ത മനസ്സിലാക്കുവാൻ നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവിന്റെ പ്രബോധനപരമായ പ്രവർത്തനമാണ് സഭയുടെ ഔദ്യോഗിക പ്രബോധനത്തിന് ആധാരമായി നിലകൊള്ളുന്നത്. സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നവനാണ്. വിശ്വാസത്തിന് വിരുദ്ധമായ തിന്മയുടെ ശക്തികൾ നിരന്തരം പ്രവർത്തന നിരതമാണ്.

പലപ്പോഴും വിശ്വാസികൾക്ക് ഈ ശാന്തികൾക്ക് വശംവദരായി വിശ്വാസത്തിൽനിന്നും വ്യതിചലിച്ച് പാപത്തിനു വിധേയരായെന്നു വരാം. വിശ്വാസ

## യൂദാശ്ലീഹായോടുള്ള പ്രാർത്ഥന

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**വിൻസി, ന്യൂയോർക്ക്**

ത്തിൽനിന്നും വ്യതിചലിച്ച് പോകുന്നവരെ വീണ്ടും വിശ്വാസത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും വിശ്വാസത്തിൽ ഉറപ്പിക്കാനും പരിശുദ്ധാത്മാവിന്റെ ഈ പ്രവർത്തനം സഹായിക്കുന്നു.

സഹായകനെന്ന നിലയിൽ പരിശുദ്ധാത്മാവ് യേശുവിന് സാക്ഷ്യംവഹിക്കുന്നു. മാനുഷിക ബുദ്ധി കൊണ്ട് വിശ്വാസം പഠിച്ചാലും പ്രായോഗികമായി ആ വിശ്വാസം ജീവിക്കുക എളുപ്പമല്ല. ബുദ്ധിമുട്ടിയ സാഹചര്യങ്ങളിൽ ജീവിതരംഗങ്ങളിൽ യേശുവിനു സാക്ഷ്യംവഹിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു.

വിശ്വാസജീവിതത്തിൽ നിലനിൽക്കാനും വളരാനും നമ്മെ സഹായിക്കുന്നവനാണ് പരിശുദ്ധാത്മാവ്. വിശ്വാസത്തിൽ നിന്നല്ലാത്തതെല്ലാം പാപമാണെന്നും പാപത്തെ വിജയിച്ച മിശിഹായുടെ ഭാഗത്താണ് നീതിയെന്നും നമ്മെ ബോദ്ധ്യപ്പെടുത്താനും പാപം ചെയ്താൽ അനുതപിച്ച് ദൈവസ്നേഹത്തിലേക്ക് തിരിയുവാനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. യേശുവിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ മനസ്സിലാക്കി ദൈവത്തിന്റെ പദ്ധതിയോട് സഹകരിക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. മാമോദീസായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിനെ ഉദ്ദീപിപ്പിച്ച് ജീവിതം മുഴുവൻ പരിശുദ്ധാത്മാവിന്റെ ആലയമായി ജീവിക്കുവാൻ നമുക്ക് പരിശ്രമിക്കാം.

**ഫാ. ജോസഫ് കരിപ്പായിൽ**



## മെയ് 24

## പെന്തിക്കോസ്തി തിരുനാൾ
## ആത്മാവിൽ നിറയുവിൻ!

### യോഹ. 14:15 – 24

ഞാൻ പിതാവിനോട് അപേക്ഷിക്കുകയും എന്നേക്കും നിങ്ങളോടുകൂടെയിരിക്കാൻ മറ്റൊരു സഹായകനെ അവിടുന്ന് നിങ്ങൾക്ക് തരുകയും ചെയ്യും. (യോഹ. 14–16)

പാറക്ക്ലീത്ത സഹായകനായ പരിശുദ്ധാത്മാവ് (14:26) സത്യാത്മാവ് (16:13) എന്നൊക്കെ പരിശുദ്ധാത്മാവിനെ യോഹന്നാൻ സുവിശേഷകൻ വിശേഷിപ്പിക്കുന്നു. യേശു നിർവഹിച്ച രക്ഷണീയ കർമ്മം പരിപൂർണ്ണതയിൽ എത്തിക്കുക എന്നതാണ് പരിശുദ്ധാത്മാവിന്റെ ദൗത്യം. യേശു പിതാവിനെ ലോകത്തിനു വെളിപ്പെടുത്തി. കാരണം അവിടുന്ന് മനുഷ്യർക്കുള്ള ദൈവത്തിന്റെ അടയാളമായിരുന്നു. അതുപോലെ പരിശുദ്ധാത്മാവ് പുത്രനിലൂടെ അയയ്ക്കപ്പെട്ടിരിക്കുന്നു. കാരണം സത്യാത്മാവ് യേശുവിന്റെ പ്രാധാന്യമെന്തെന്ന് ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുന്നു.

പോൾ ആറാമൻ മാർപാപ്പ പറയുന്നു, സഭയ്ക്ക് പരിശുദ്ധാത്മാവിന്റെ നിത്യമായ പെന്തകോസ്ത അത്യന്താപേക്ഷിതമാണ്. സഭാമക്കളുടെ ഹൃദയത്തിൽ വിശ്വാസവും അധരങ്ങളിൽ വചനവും നിറയ്ക്കുന്നതിനും പരിശുദ്ധ ത്രിത്വത്തിന്റെ മൂന്നാമത്തെ ആളാണ്. അതുകൊണ്ട് സഭയ്ക്ക് എന്നും എല്ലായ്പ്പോഴും പരിശുദ്ധാത്മാവിന്റെ നടത്തിപ്പ് ഒഴിച്ചുകൂടാനാവാത്തതാണ്? ഈ പരിശുദ്ധാത്മാവ് പിതാവിൽനിന്നും പുറപ്പെടുകയും (ജോൺ. 15:16) പുത്രനിലൂടെ നൽകപ്പെടുകയും ചെയ്യുന്നു (ജോൺ 16:17). സ്നേഹമായ ഈ ആത്മാവിനെ മനുഷ്യബുദ്ധി കൊണ്ട് പൂർണ്ണമായി ഗ്രഹിക്കുവാനോ മനസ്സിലാക്കുവാനോ സാദ്ധ്യമല്ല. യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലൂടെ മാത്രമേ ഇത് നമുക്ക് മനസ്സിലാക്കാൻ കഴിയൂ.

പരിശുദ്ധാത്മാവ് തന്നെതന്നെ നമുക്ക് വെളിപ്പെടുത്തിത്തരുന്നത് തന്റെ ദാനങ്ങളിലൂടെയാണ്. അത് ഏതൊക്കെയാണെന്ന് പൗലോസ് ശ്ലീഹാ ഗലാത്തിയോർക്കെഴുതിയ ലേഖനത്തിൽ പറയുന്നു. "സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം" (ഗലാ.5:22–23). ഓരോ ക്രൈസ്തവനിലുമുള്ള ഈ ഒൻപതു ദാനങ്ങൾ കണ്ടുകൊണ്ടാണ് അവനുമായി ബന്ധപ്പെട്ടു നിൽക്കുന്നവരും ഇടപഴകുന്നവരും പരിശുദ്ധാത്മാവുമായി സമ്പർക്കത്തിലേർപ്പെടുന്നത്. അതുകൊണ്ടുതന്നെ എവിടെയൊക്കെ സ്നേഹം നിറഞ്ഞൊഴുകുന്നുവോ അവിടെയെല്ലാം പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യമുണ്ട്. ഓരോ ക്രൈസ്തവനും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്നവനാകണം.

പുതിയ കാര്യങ്ങളൊന്നും പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നില്ല. "എനിക്കുള്ളവയിൽനിന്ന് സ്വീകരിച്ച്

നിങ്ങളോട് പ്രഖ്യാപിക്കും" (യോഹ. 16-14). സഭാമകനായ പരിശുദ്ധാത്മാവ് ഇന്ന് എങ്ങനെയാണ് നമ്മുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നത്.

1. യേശു വെളിപ്പെടുത്തിയ രക്ഷാകര രഹസ്യങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമ്മെ സഹായിക്കുന്നു.

2. സത്യത്തിന്റെ പൂർണ്ണതയിലേക്ക് നമ്മെ നയിക്കുന്നു.

3. സ്വാതന്ത്ര്യത്തിലേക്കുള്ള ഏക വഴിയും പരിശുദ്ധാത്മാവാണ്. യേശുവും നിക്കോദേവൂസുമായുള്ള സംഭാഷണത്തിൽ യേശു പഠിപ്പിക്കുന്നു പരിശുദ്ധാത്മാവ് മാത്രമാണ് മനുഷ്യനെ സ്വാതന്ത്ര്യത്തിലേക്ക് നയിക്കുന്നത്.

4. സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുന്നു എന്നുള്ളതാണ് പരിശുദ്ധാത്മാവിന്റെ അടുത്ത പ്രത്യേകത.

യേശുനാഥൻ വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവ് നിറഞ്ഞവരാണ് നാമെങ്കിൽ തീർച്ചയായും നാം സത്യത്തിൽ ചരിക്കുന്നവരും സ്വതന്ത്രരും യേശുവിന്റെ രക്ഷാകര പദ്ധതിയിൽ അടിയുറച്ചുവിശ്വസിക്കുന്നവരുമായിരിക്കും. ദൈവാത്മാവ് നിറഞ്ഞവനാണ് നീയെങ്കിൽ വളർത്തിയെടുക്കേണ്ട മറ്റൊരു ഗുണമാണ് സ്വീകരിക്കുകയും കൊടുക്കുകയും ചെയ്യുകയെന്നത്. അപ്പോഴാണ് നീ ദൈവീകരാവുക. നിന്നിൽ ജീവനുണ്ടാവുക.

**ഫാ. ജോൺ പടിപ്പുരയ്ക്കൽ**

## മെയ് 31

## പെന്തിക്കോസ്തിയ്ക്കു ശേഷം ഒന്നാം ഞായർ

## യോഹ. 6:25-33

പെന്തകുസ്തയുടെ പരിശുദ്ധിയിൽ നിറഞ്ഞുനിൽക്കുകയാണ് എല്ലാവരും. പരിശുദ്ധാത്മാവിന്റെ നൽവരങ്ങൾ ജീവിതം മുഴുവൻ നിറയാനും സ്വീകരിച്ച നൽവരങ്ങൾ ലോകം മുഴുവനും പകർന്നു കൊടുക്കുവാനും സുവിശേഷത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും ആഴങ്ങൾ തിരയാനും ഈ ദിവസങ്ങളിൽ നമുക്ക് പരിശ്രമിക്കാം.


യേശു അപ്പം വർദ്ധിപ്പിച്ചതിനുശേഷം നൽകുന്ന സംഭവ വികാസങ്ങളിലൂടെയാണ് ഇന്നത്തെ സുവിശേഷഭാഗം പോകുന്നത്. അത്ഭുതങ്ങളിൽ മനംമയങ്ങി ഭൗതീകതയിലേക്ക് പോകുന്ന മനുഷ്യന്റെ സ്വഭാവത്തെ വളരെ വ്യക്തമായി സുവിശേഷ ഭാഗത്തിൽ വരച്ചുകാട്ടുന്നു. അന്ധനു കാഴ്ച, മുടന്തനു സൗഖ്യം, ബധിരനു കേഴ്‌വി, അഞ്ചപ്പംകൊണ്ട് അയ്യായിരം പേരെ തൃപ്തിപ്പെടുത്തുന്നു. ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർ മറ്റൊരു ലോകത്തിലേക്ക് പോകുകയായിരുന്നു. ഈ അത്ഭുതത്തിന്റെ, അതിസ്വാഭാവികതയുടെ ലോകത്തുനിന്നുമാണ് യേശു അവരെ തിരിച്ചുകൊണ്ടുവരുന്നത്. യേശു അവരോട് പറയും, നിങ്ങൾ അദ്ധ്വാനിക്കേണ്ടത് ലോകത്തിൽനിന്നു ലഭിക്കുന്ന ഈ നശ്വരമായ അപ്പത്തിനുവേണ്ടിയല്ല, മറിച്ച് അനശ്വരമായ അപ്പത്തിനുവേണ്ടി അദ്ധ്വാനിക്കുവിൻ എന്ന്.

എന്താണ് ഈ അപ്പം? പ്രഥമവും പ്രധാനവുമായ അർത്ഥം, ദൈവിക വെളിപാട് എന്നാണ്. "ഞാൻ നിങ്ങൾക്കായി ആകാശത്തുനിന്നും അപ്പം വർഷിക്കും എന്ന്" പുറപ്പാട് ഗ്രന്ഥത്തിൽ നാം കാണുന്നുണ്ട്. പഴയ നിയമത്തിൽ ഇസ്രായേൽ ജനം മരുഭൂമി യാത്രയിൽ അലഞ്ഞുതിരിയുമ്പോൾ, അവർക്കായി അപ്പം തേടി മോശ അലഞ്ഞു. അങ്ങനെ കണ്ടെത്തിയ അപ്പവുമായി വന്നപ്പോൾ ജനം ചോദിച്ചു, "എന്താണിത്?" മോശ പറഞ്ഞു, "മന്ന". ഹെബ്രായ ഭാഷയിൽ 'ദൈവം തന്നതാണിത്' എന്നാണ് അർത്ഥം. ദൈവം തന്ന അപ്പത്തെ സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം എന്നു വിളിക്കാൻ തുടങ്ങി. കാരണം ദൈവത്തിനുള്ള പര്യായപദമാണ് സ്വർഗ്ഗം. മനുഷ്യരെ തീറ്റിപ്പോറ്റാനുള്ള ദൈവത്തിന്റെ മനസ്സാണിത് വരച്ചുകാട്ടുന്നത്.

പുതിയ നിയമത്തിലെ 'മന്ന'യാണ് ക്രിസ്തു. ദൈവത്തിന്റെ മനുഷ്യസ്നേഹത്തിന്റെ പുതിയ വെളിപാട്; ജീവിക്കുന്ന അപ്പം. പ്രിയപ്പെട്ടവരെ ക്രിസ്തുവാണ് സമാധാനത്തിന്റെയും ശാന്തിയുടെയും നിത്യതയുടെയും സ്രോതസ്സ് എന്നുള്ള തിരിച്ചറിവാണ് നമ്മുടെയൊക്കെ ജീവിതത്തിൽ രക്ഷയുടെ അനുഭവം ഉണ്ടാക്കിത്തരുന്നത്.

നമ്മുടെ വ്യക്തിജീവിതങ്ങളിലേക്ക് തിരിച്ചുവരാം. നമ്മുടെ കൂടെ ജീവിക്കുന്നവർക്ക്, നമ്മുടെ കുടുംബങ്ങളിൽ രക്ഷ പ്രദാനം ചെയ്യുന്ന 'ജീവന്റെ അപ്പ'മായി മാറാൻ നമുക്ക് സാധിക്കുന്നുണ്ടോ. നമ്മുടെയൊക്കെ സാധാരണമായ ചുറ്റുപാടുകളിൽ ഭൗതികതയുടെ ചാപല്യങ്ങൾക്കപ്പുറം, അനശ്വരതയുടെ വിശുദ്ധി കാണിച്ചു കൊടുക്കുവാൻ കഴിയുന്നുണ്ടോ? നമ്മൾ ഇന്ന് വണങ്ങുന്ന വിശുദ്ധാത്മാക്കളൊക്കെ അവരുടെ പരിമിതങ്ങളായ ജീവിതസാഹചര്യങ്ങളിൽ മറ്റുള്ളവർക്ക് അനശ്വരതയുടെ അപ്പങ്ങളായി മാറിയവരായിരുന്നു. നമുക്ക് ഉറച്ച് ഒരു തീരുമാനമെടുക്കാം. പെന്തകുസ്തായിലൂടെ നമുക്ക് ലഭിച്ച പരിശുദ്ധാത്മാവിന്റെ നൽവരങ്ങളിൽ ഉച്ചുനിന്നുകൊണ്ട് ഞാൻ ജീവിക്കുന്ന ചുറ്റുപാടുകളിൽ ഉത്ഥിതനായ ക്രിസ്തുവിന്റെ സാക്ഷികളായി മാറും എന്ന്. ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. എബി കിഴക്കേക്കുറ്റ് ഒ.എഫ്.എം.**



**യൂദാശ്ലീഹായോടുള്ള പ്രാർത്ഥന**

മിശിഹായുടെ ചാർച്ചക്കാരനും/ വിശ്വസ്തദാസനുമായ വി. യൂദാതദേവൂസേ/ ഒറ്റിക്കൊടുത്തവന്റെ പേരുമൂലം മഹിമയേറിയ അപ്പസ്തോലനായ അങ്ങ്/ വിസ്മരിക്കപ്പെടുവാൻ കാരണമായി./ എന്നാൽ കത്തോലിക്കാസഭ മുഴുവനും/ അങ്ങയെ നിരാശരുടേയും അസാദ്ധ്യകാര്യങ്ങളുടെയും / മദ്ധ്യസ്ഥനായി ബഹുമാനിക്കുകയും / അങ്ങയോട് അഭ്യർത്ഥിക്കുകയും ചെയ്യുന്നുവല്ലോ./ നിരവധി ക്ലേശങ്ങൾ അനുഭവിക്കുന്ന എനിക്ക് / അങ്ങയുടെ മദ്ധ്യസ്ഥതയിൽ **(ഇവിടെ ആവശ്യം പറയുക)** / ഈ അനുഗ്രഹം സാധിച്ചു തരണമേ. / എന്റെ എല്ലാ ആവശ്യങ്ങളിലും / വിശിഷ്യ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന ആപത്തിലും / എന്നെ പ്രത്യേകം സംരക്ഷിക്കണമേ. / ഈ ഉപകാരം ഞാൻ എന്നും ഓർത്തുകൊള്ളാമെന്നും / എന്റെ പ്രത്യേക മദ്ധ്യസ്ഥനായി / അങ്ങയെ നിരന്തരം ബഹുമാനിച്ചു കൊള്ളാമെന്നും / ഞാൻ വാഗ്ദാനം ചെയ്യുന്നു.

**ഒരു വിശ്വാസി, പെരിങ്ങര**




## ശെമ്മാശപട്ടം സ്വീകരിച്ചു



ഏപ്രിൽ 10–ാം തീയതി ശെമ്മാശപട്ടം സ്വീകരിച്ച ഡീ. ഡാനിയേൽ തോട്ടാപ്പുര, ഡീ. തോമസ് മുണ്ടോട്ട്, ഡീ. ജോൺ പടിപ്പുരയ്ക്കൽ, ഡീ. ഫിലിപ്പ് തറയിലേത്ത് എന്നിവർ അഭിവന്ദ്യ പിതാവിനോടൊപ്പം.

## വ്രതവാഗ്ദാനം നടത്തി



ഏപ്രിൽ 14–ാം തീയതി പ്രഥമ വ്രതവാഗ്ദാനം നടത്തിയ ബഥനി സന്യാസിനി സമൂഹത്തിലെ ബഹു. സിസ്റ്റേഴ്സ് അഭി. തോമസ് മാർ കൂറിലോസ് പിതാവിനോടൊപ്പം.

## വ്രതവാഗ്ദാനം നടത്തി




ഏപ്രിൽ 7–ാം തീയതി നിത്യവ്രതവും പ്രഥമവ്രത വാഗ്ദാനവും നടത്തിയ ബഹു. ഹോളിസ്പിരിറ്റ് സിസ്റ്റേഴ്സ് അഭിവന്ദ്യ പിതാവിനോടൊപ്പം.

## അതിരൂപതാ മാതൃസമാജം സംഗമം




ഏപ്രിൽ 17–ാം തീയതി സെന്റ് ജോൺസ് മെത്രോപ്പോലീത്തൻ കത്തീഡ്രലിൽവച്ച് നടത്തപ്പെട്ട അതിരൂപതാ മാതൃസമാജം സംഗമം അഭി. തോമസ് മാർ കൂറിലോസ് പിതാവ് ഉദ്ഘാടനം ചെയ്യുന്നു.

**ഉപകാരസ്മരണ**



**ഒരു വിശ്വാസി**

**ഉദ്ദിഷ്ടകാര്യത്തിന് ഉപകാരസ്മരണ**



**അരുൺ തോമസ് കിച്ചിരേത്ത്**



# ആവണക്ക്

സിജി മാത്യു, ബോധന

കാലം ചെന്നതോടെ ആയുർവ്വേദത്തിന്റെ പുരോഗതിയ്ക്ക് മങ്ങൽ ഏൽക്കുകയും ഇതര വൈദ്യശാസ്ത്രങ്ങളുടെ മുന്നേറ്റം ആയൂർവ്വേദചികിത്സാരീതികൾക്ക് തടസ്സമായെങ്കിൽപ്പോലും വീണ്ടും ആയൂർവ്വേദ ചികിത്സാ സമ്പ്രദായത്തെ പുത്തൻ തലമുറ ഏറ്റെടുക്കുന്നു എന്നുള്ളതു ആയൂർവ്വേദചികിത്സയുടെയും ഓഷധസസ്യപ്രാധാന്യത്തിന്റെ പ്രസക്തിയും വിളിച്ചറിയിക്കുന്നു എന്നതു വളരെ സന്തോഷം നിറഞ്ഞ കാര്യമാണ്. ആയതിനാൽ ഈ ആയുർവേദ ചികിത്സയോടൊപ്പം തന്നെ ഔഷധസസ്യങ്ങളുടെ വ്യാപനവും നമ്മൾക്ക് അനിവാര്യമാണ് കഴിഞ്ഞ ലക്കങ്ങളിൽ പല ഓഷധസസ്യങ്ങളെക്കുറിച്ചും നമ്മൾക്ക് അറിയാൻ സാധിച്ചു. വീണ്ടും മറ്റൊരു ഔഷധച്ചെടിയെ പരിചയപ്പെടാം-ആവണക്ക്.



അധികം ഉയരത്തിൽ വളരാത്ത ആവണക്ക് ഉഷ്ണമേഖല പ്രദേശങ്ങളിലായി കൂടുതൽ വളർന്നു കാണപ്പെടുന്നു. വെളുത്ത ആവണക്ക് സാധാരണയായമി ഔഷധങ്ങൾക്കായി ഉപയോഗിക്കുന്നു. ഇതിന്റെ വിത്തും വേരും ഔഷധത്തിനായി ഉപയോഗിക്കുന്നു. ആവണക്കിൻ വേരുകൊണ്ടുള്ള കഷായം വയറ്റിൽ വേദന, കൃമി, മൂത്രാശയരോഗങ്ങൾ, വാതരോഗങ്ങൾ എന്നിവ ശമിപ്പിക്കും. ആവണക്കിലയും എള്ളും ശതകുപ്പയും തുല്യമായി അരച്ച് എടുക്കുന്ന മിശ്രിതം തിളപ്പിച്ചു. വേദനയുള്ള ഭാഗത്ത് തോരാതെ പുരട്ടുന്നതു വേദനയ്ക്ക് ശമനം കിട്ടാൻ ഉത്തമമാണെന്ന് ആയുർവേദം പറയുന്നു. ആവണക്കിൻ വേര് അരച്ച് തിളപ്പിച്ച് കവിളിൽ പുരട്ടുന്നതു പല്ലു വേദനയ്ക്കും അതുകൊണ്ടുണ്ടാക്കുന്ന നീരിനും വേദനയ്ക്കും ശമനം കിട്ടുന്നതിന് അത്യുത്തമമാണ്. ആവണക്കിൻ കുരു ആട്ടിയെടുക്കുന്ന ആവെണക്കണ്ണ ഉഷ്ണം ശമിപ്പിക്കുന്നതിനും. രക്തവാതം മൂലം കാൽവെടിച്ചുകീറുന്നതിനും ഇതു പുരട്ടുന്നതു നല്ലതാണ്. ദഹന സംബന്ധമായ അസുഖങ്ങൾക്കും ഭഷ്യവിഷത്തിനും പരിഹാരമായി ശുദ്ധമായ ആവണക്കെണ്ണ സേവിച്ച് വയറിളക്കി അസുഖം മാറ്റുന്നതിനും ആവണക്കിൻ വേര് കഷായത്തിൽ വെണ്ണ ചേർത്തു സേവിച്ചാൽ ശോധന ലഭിക്കുന്നതും സന്ധിവാദത്തിനും വളരെ ഫലപ്രദമായ ലേപനമാണ്. ഇത്രത്തോളം ഔഷധ ഗുണമുള്ള ഈ ചെടിയെ നമ്മുടെ പറമ്പുകളിൽ സംരക്ഷിക്കാൻ എല്ലാവർക്കും സാധിക്കട്ടെ.

# അമ്മ മനസ്സ്



റാണി മാത്യു പ്ലാന്തോട്ടത്തിൽ
മാതൃസമാജം അതിരൂപതാ സെക്രട്ടറി

വിവേകമുള്ള മക്കൾ പിതാവിന്റെ ഉപദേശം കേൾക്കുന്നു. 2015 ഏപ്രിൽ 17-നു നടന്ന മാതൃസംഗമത്തിൽ നമ്മുടെ അഭിവന്ദ്യ പിതാവ് കൂറിലോസ് മെത്രാപ്പോലീത്താ അമ്മമാരെ അഭിസംബോധന ചെയ്തു നടത്തിയ ലളിതമായ അനുഗ്രഹപ്രഭാഷണത്തിലെ ഏതാനും സന്ദേശങ്ങൾ പങ്കുവയ്ക്കുന്നു.

നമ്മൾ ഇപ്പോൾ ഉയിർപ്പിന്റെ പ്രത്യാശയിലാണ്. ആദിമസഭയിൽ ക്രൈസ്തവ വിശ്വാസികൾ ഈസ്റ്റർ മുതൽ 40 ദിവസത്തേക്ക് പരസ്പരം കാണുമ്പോൾ അഭിവാദ്യം ചെയ്തിരുന്നത് 'ക്രിസ്തു സത്യമായി ഉയിർത്തെഴുന്നേറ്റിരിക്കുന്നു' എന്നാണ്. പ്രത്യുത്തരമായി 'അങ്ങനെ ഞാൻ വിശ്വസിച്ച് ഏറ്റുപറയുന്നു.' ഇന്ന് ഈസ്റ്ററിന് എത്ര പ്രാധാന്യം നാം നൽകുന്നു? അമ്പതു നോമ്പു വീടൽ നമുക്ക് ആഘോഷമാണോ? അതോ കർത്താവ് ഇന്നും ജീവിക്കുന്നു എന്ന ബോദ്ധ്യമാണോ. എല്ലാ പ്രതിസന്ധികളെയും അതിജീവിച്ച് മുന്നേറാൻ എന്നെ സഹായിക്കുന്ന ശക്തി ഇന്നും എന്റെ കൂടെയുണ്ട് എന്ന സന്തോഷമാണോ?

വിചിന്തനം ചെയ്യാനായി അഭിവന്ദ്യ പിതാവ് ഒരു സംഭവകഥയും കൂട്ടിച്ചേർത്തു. ഒരു പിതാവിന്റെ ഏക മകൻ രണ്ടാം ലോകമഹായുദ്ധത്തിൽ മരിച്ചതായി അപ്പന് ടെലിഗ്രാം ലഭിച്ചു. ഈ അപ്പൻ വളരെ വിഷമത്തോടെ മകന്റെ ചിത്രവുമായി പ്രാർത്ഥനാമുറിയിൽ കയറി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടാം ദിവസം വീണ്ടും ഒരു ടെലിഗ്രാം - മകൻ മരിച്ചിട്ടില്ല. കാലിൽ വെടിയുണ്ടകൾ തുളച്ചുകയറി ഗുരുതരാവസ്ഥയിൽ ആയിരുന്നു. അവൻ ഇഴഞ്ഞുനീങ്ങി രക്ഷപെടുന്നതിനിടയിൽ അവന്റെ മേലധികാരിയെ കൂടെ രക്ഷപെടുത്തി. അതിന് അവനെ ആദരിക്കുകയും ചെയ്യുന്നുണ്ടെന്ന് ആ ടെലിഗ്രാമിൽ രേഖപ്പെടുത്തിയിരുന്നു. ആ പിതാവ് നാട്ടിലെല്ലാം ഓടിനടന്ന് കാണുന്ന എല്ലാവരോടും പറഞ്ഞു: എന്റെ മകൻ മരിച്ചിട്ടില്ല; അവൻ ജീവിക്കുന്നു. ആ പിതാവിന്റെ സന്തോഷം നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.



രണ്ടാമതായി അഭിവന്ദ്യ പിതാവ് നമ്മെ ഓർമ്മിപ്പിക്കുക "പ്രാർത്ഥനയാണ് നമ്മുടെ ബലം; കണ്ണീരോടെ പ്രാർത്ഥിക്കണം. വി. കുർബാനയുടെ മുമ്പിൽ മണിക്കൂറുകളോളം പ്രാർത്ഥിച്ച് കുടുംബത്തെ ദൈവം ആഗ്രഹിക്കുന്ന വഴിയിലേക്ക് നടത്തണം. കുടുംബം ദൈവം ആഗ്രഹിക്കുന്ന വഴിയിലൂടെയല്ല ചരിക്കുന്നതെങ്കിൽ പ്രാർത്ഥന മാത്രമേ കരണീയമായിട്ടുള്ളൂ." പുനരൈക്യ വാർഷികദിനം അടുത്തു വരുന്നു. അവിടെ വരുന്ന മക്കളെല്ലാം ദൈവം കൂടെയുള്ള കൂട്ടായ്മയാണ് എന്ന അനുഭവം എല്ലാവർക്കും തോന്നണം. അതിനായി ഒരു പ്രാർത്ഥനാ ശൃംഖല രൂപപ്പെടുത്തുന്നത് നല്ലതാണ്. ഓരോ മാസത്തിലെയും 20-ാം തീയതി രാത്രി 12 മണി മുതൽ പിറ്റേന്ന് രാത്രി 12 മണി വരെ ജപമാല മുടങ്ങാതെ ചൊല്ലണം. ഒരാൾ 30 മിനിട്ട് നേരം അങ്ങനെ 48 പേർ 30 മിനിട്ടുവച്ച് ജപമാല ചൊല്ലി കാഴ്ചവയ്ക്കുക. ഏപ്രിൽ 20-ാം തീയതി രാത്രി 12 മണിക്ക് അഭിവന്ദ്യ പിതാവ് ആരംഭിച്ച ജപമാല 12.30-ന് തങ്കമ്മ ടീച്ചർ തുടർന്നു. അങ്ങനെ ഓരോരുത്തരായി ചൊല്ലി ഏപ്രിൽ മാസത്തെ പ്രാർത്ഥന നമ്മൾ വിജയകരമായി പൂർത്തിയാക്കിക്കഴിഞ്ഞു.

ഇനി മെയ് 20, ജൂൺ 20, ജൂലൈ 20, ആഗസ്റ്റ് 20 ഇങ്ങനെ തുടർന്നുകൊണ്ടിരിക്കണം. എല്ലാവർക്കും ഈ പ്രാർത്ഥനാ ശൃംഖലയിൽ പങ്കാളികളാകാം.


മൂന്നാമതായി പറഞ്ഞു: ഇത് പീഡനങ്ങളുടെ കാലമാണ്. പ്രത്യേകിച്ച് സ്ത്രീകളെയും കുട്ടികളെയും പീഡിപ്പിക്കുന്നു. മോശമായി ചിത്രീകരിക്കുന്നു. വാർത്തകൾ പ്രചരിപ്പിക്കുന്നു. ഇവയെ എതിർക്കാനുള്ള മനോഭാവം ഉണ്ടാക്കിയെടുക്കണം. പ്രതികരണശേഷി ഇല്ലാതാകുന്നതാണ് ഇന്നത്തെ ദാരുണമായ അവസ്ഥയ്ക്കു കാരണം.

കുറ്റാരോപണത്തിനും പ്രതികാര ചിന്തയ്ക്കും പ്രേരിപ്പിക്കപ്പെടുമ്പോൾ മനഃപൂർവ്വമായി അതിനെ അതിജീവിക്കാൻ ഉത്സാഹിക്കുക. പരദൂഷണത്തിനായി നാവുയരുമ്പോൾ സ്നേഹത്തിന്റെ വികാരം നമ്മെ നിയന്ത്രിക്കണം. നമ്മുടെ ഇടയിൽ സന്നിഹിതരല്ലാത്ത വ്യക്തികളെ വിമർശിക്കുകയും കുറ്റാരോപണം നടത്താതിരിക്കുകയും ചെയ്യുക. ആരുടെയും തിന്മകളെക്കുറിച്ച് കേൾക്കാൻ ഒരുമ്പെടുകയില്ല എന്ന തീരുമാനം കൈക്കൊള്ളുക. ആത്യന്തികമായി തിന്മയ്ക്കുമേൽ നന്മയുടെ മാർഗ്ഗമേ ജയിക്കൂ. അന്ധകാരമല്ല, പ്രകാശമേ നിലനിൽക്കൂ. ഇതിനായി നമുക്ക് തിരിതെളിക്കാം. അന്യരുടെ ദോഷങ്ങൾ കേൾക്കാതിരിക്കാം. നമുക്ക് ആരെയും വിധിക്കണ്ട. യേശുവിന്റെ മനോഭാവം നമുക്കും കൈക്കൊള്ളാൻ ശ്രമിക്കാം. അതിനായി പരിശ്രമിക്കാം. ●






**ഫാ. എൽദോ മോഴശ്ശേരിൽ**





പാദ്രേ പിയോ എന്ന മഹാനായ വിശുദ്ധൻ കർത്താവിന്റെ പഞ്ചക്ഷത ചിഹ്നങ്ങൾ (seig-mata) സ്വശരീരത്തിൽ സ്വീകരിച്ച അപൂർവ്വ വ്യക്തിത്വങ്ങളിൽ ഒരാളാണ്. ആ വിശുദ്ധന്റെ ജീവിതം അഭ്രപാളിയിൽ മനോഹരമായി പകർത്തിയത് ഇറ്റാലിയൻ സംവിധായകൻ സർജിയോ കാൺറ്റലീത്തോ എന്ന അനുഗ്രഹീത കലാകാരൻ. മറ്റേത് മാധ്യമങ്ങളേക്കാളും ഫലപ്രദമായി സിനിമ എന്ന മാധ്യമത്തിന് ജീവചരിത്രങ്ങളെ മനുഷ്യമനസുകളിലേക്ക് പ്രേഷണം നടത്താൻ കഴിയും എന്നതിന്റെ തെളിവാണ് പാദ്രേ പിയോ എന്ന ഈ ചിത്രം.

ചിത്രം തുടങ്ങുന്നത് വത്തിക്കാനിൽ നിന്നുള്ള ഗ്രാന്റ് വിസിറ്ററായ ഒരു ബിഷപ് പാദ്രേ പിയോയെ കാണാൻ വരുന്നതും മരിക്കുന്നതിനു മുൻപ് വിവാദ പുരുഷനായ ഈ വിശുദ്ധൻ സഭയും ലോകവും കാണുന്നതുപോലെ മായാജാല പ്രവർത്തകൻ മാത്രമോ അതോ കർത്താവിന്റെ പീഡാനുഭവമായി അഭേദ്യമായി സംയോജിച്ച് മറ്റൊരു ക്രിസ്തുവായി തീർന്നവനോ എന്നന്വേഷിക്കുവാൻ അധികാരികൾ അയച്ചവനാണ്. ഈ ഗ്രാന്റ് വിസിറ്റർ പിയോ അദ്ദേഹവുമായുള്ള അഭിമുഖത്തിന് തയ്യാറാകുന്നു. അദ്ദേഹത്തെ ഗ്രാന്റ് വിസിറ്ററായ മോൺസിത്തോർ മുൻവിധികളോടും പ്രകോപനപരമായ പ്രസ്താവനകൾകൊണ്ടും പ്രയാസപ്പെടുത്തുന്നു. പിയോ ഒരു മായാജാല പ്രവർത്തകനും സാത്താന്റെ കൂട്ടാളിയുമാണെന്ന് ആരോപിക്കുകയും ചിത്രീകരിക്കുകയും ചെയ്യുന്നു. വളരെ സൗമ്യനായി ശാന്തനായി അദ്ദേഹം മോൺസിത്തോർ പറഞ്ഞ ആരോപണങ്ങൾക്ക് കാതോർക്കുന്നു. പീലാത്തോസ് യേശുവിനോട് ചോദിച്ചതുപോലെ, “എന്താണ് സത്യം?” എന്ന് ആ ബിഷപ്പ് പാദ്രേ പിയോയോട് ചോദിക്കുന്നു. അതിനൊരു നിർവചനം കൊടുക്കുന്നതിനു പകരം തന്റെ ജീവിതമാകുന്ന സുവിശേഷം ആ മോൺസിത്തോറിന്റെ മുൻപിൽ തുറക്കുന്നു. (സത്യം നിർവചിക്കപ്പെടുന്നതിനേക്കാൾ എളുപ്പം അനുഭവിക്കുന്നതാണ്. അതുകൊണ്ടാണ് യേശു പീലാത്തോസിന്റെ മുൻപിൽ മൗനം പാലിച്ചത്.)

ഈ ചിത്രത്തെക്കുറിച്ച് എഴുതാൻ എന്നെ പ്രേരിപ്പിച്ച ഘടകം മറ്റൊന്നുമല്ല. ഈ ചിത്രം വിശുദ്ധനെക്കുറിച്ചുള്ള അതിശയോക്തികലർന്ന ഒന്നല്ല. മറിച്ച് പച്ചയായ മനുഷ്യന് എങ്ങനെ വിശുദ്ധമായ പ്രവർത്തികളിൽ ഉയരാം എന്നതാണ്. എല്ലാ മനുഷ്യരെയും പോലെ പ്രചോദിപ്പിക്കപ്പെടുന്നവനും കരച്ചിൽ വരുമ്പോൾ കരയുവാനും ചിരിക്കാനുള്ള അവസരത്തിൽ പൊട്ടിച്ചിരിക്കുവാനും ഈ വിശുദ്ധന് കഴിഞ്ഞു. വളരെ നർമ്മബോധമുള്ള പിയോയേയാണ് ഈ ചിത്രത്തിൽ വരച്ചുകാട്ടുന്നത്.

ആതുരസേവനരംഗത്ത് പിയോ പ്രശോഭിച്ചുനിന്നു. പാവങ്ങളുടെ ആവശ്യങ്ങൾ മനസ്സിലാക്കി അദ്ദേഹം പണവും ഭക്ഷണവും വീടുകളിൽ എത്തിച്ചിരുന്നു. പിന്നീട് പാവങ്ങൾക്കുവേണ്ടി ശൂന്യമായ മൂലധനത്തിൽനിന്ന് ഒരു ആശുപത്രി പണിതുയർത്തി അദ്ദേഹം പറഞ്ഞിരുന്നത് മാതാവ് തന്റെ ഹൃദയം തുറക്കുന്നതുപോലെ നല്ലവരായ വിശ്വാസികളുടെ പണസഞ്ചിയും തുറക്കുമെന്ന്. അതുപോലെ തന്നെ സംഭവിച്ചു. സാത്താന്റെ പിടിയിൽ അമർന്നവരെ രക്ഷിക്കുമ്പോൾ അദ്ദേഹം നിരന്തരമായി വേദനകൾക്കും വിധേയനായി. രണ്ടാം ലോകമഹായുദ്ധത്തിലേക്ക് ഇറ്റാ







ലിയൻ സ്വേച്ഛാധിപതി ബനിറ്റോ മുസോളിനി രാജ്യത്തെ വലിച്ചിഴച്ചപ്പോൾ, ഇറ്റലി കൊടും ദാരിദ്ര്യത്തിന്റെ കയത്തിലേക്ക് കൂപ്പുകുത്തി വീണു. എവിടെയും രോഗവും വേദനയും പട്ടിണിയുമാണ് കാണാൻ കഴിഞ്ഞത്. ഒരു ദിവസം ക്രൂശിതനായ കർത്താവിന്റെ മുൻപിൽ ഇരുന്ന് പ്രാർത്ഥിച്ച പിയോ ഇപ്രകാരം യാചിച്ചു: "കർത്താവേ, ഞാൻ നിന്നെ എത്രയോ അധികമായി സ്നേഹിക്കുന്നു എന്ന് നീ അറിയുന്നു. നീ എല്ലാം അറിയുന്നു. ഈ ലോകത്തിന്റെ പീഡകൾ എന്റെ തോളിൽ വഹിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നീ ചെയ്തതുപോലെ നിനക്കതറിയാം എനിക്ക് അറിഞ്ഞുകൂടാ." ഈ സംഭാഷണം പൂർത്തീകരിക്കുന്നതിനു മുൻപ് ക്രൂശിതരൂപത്തിൽനിന്ന് രക്തം വാർന്നൊഴുകി. ആ പീഡാനുഭവക്കാഴ്ച കാൽവരിയിലെ ബലി തന്നെയായിരുന്നു. അവിടെവച്ച് പിയോ കർത്താവിന്റെ പഞ്ചക്ഷതങ്ങൾ സ്വീകരിച്ചു.

പാദ്രേ പിയോയെ സംബന്ധിച്ചിടത്തോളം സഭാ അംഗങ്ങൾക്കോ അധികാരികൾക്കോ അദ്ദേഹത്തിന്റെ വിശുദ്ധിയെക്കുറിച്ച് ബോധ്യം വന്നില്ല. അദ്ദേഹം നിരന്തരം പീഡിപ്പിക്കപ്പെട്ടു. അദ്ദേഹത്തെ വി. കുർബ്ബാന ചൊല്ലുന്നതിൽ നിന്നും കുമ്പസാരം കേൾക്കുന്നതിൽനിന്നും ദൈവജനത്തെ കാണുന്നതിൽനിന്നും സഭ വിലക്കി. അത് പിയോയെ അത്യധികം വേദനിപ്പിച്ചു. പിയോ സാത്താന്റെ ശക്തികൊണ്ടാണ് അത്ഭുതങ്ങൾ പ്രവർത്തിക്കുന്നതെന്നും അദ്ദേഹം ഒരു തട്ടിപ്പുകാരനാണെന്നും മുദ്രകുത്തി. മാന്ത്രികവിദ്യക്കാരനായ ഈ വൈദികന്റെ രഹസ്യച്ചുരൾ അഴിക്കാനാണ് വത്തിക്കാൻ ഒരു സംഘത്തെ നിയമിച്ചത്.

സ്ത്രീകളോട് പിയോ വലിയ സ്നേഹം കാട്ടിയിരുന്നു. കാരണം അമ്മമാരുടെ വേദന അവിടുത്തേക്ക് വലിയ വേദന നൽകി. അവർക്ക് വേണ്ടി പ്രാർത്ഥിച്ചു. തന്റെ മാതാവിനെ ഒത്തിരി സ്നേഹിച്ച ആ വിശുദ്ധൻ മറ്റുള്ള സ്ത്രീകളിലും തന്റെ അമ്മയെ കണ്ടു. ഇത് യേശുതമ്പുരാൻ കാണിച്ച മാതൃകയാണ്. സ്ത്രീകൾക്ക് സഭാതല പ്രവർത്തനങ്ങളിൽ രണ്ടാം സ്ഥാനം നൽകുന്നത് ഉചിതമല്ല. നമ്മുടെ പള്ളികളിൽ ഭൂരിഭാഗം വരുന്നത് സ്ത്രീകളാണ്. പക്ഷേ ഇടവക സമിതികളിൽ അവരുടെ സ്വാധീനം വളരെ കുറവാണ്. പ്രാർത്ഥിക്കുക, പുഞ്ചിരിച്ചുകൊണ്ട് പ്രാർത്ഥിക്കുക എന്ന് അദ്ദേഹം എപ്പോഴും പറഞ്ഞിരുന്നു. മറ്റുള്ളവർ വേദനിപ്പിക്കുമ്പോൾ അദ്ദേഹം കൂടുതൽ പ്രാർത്ഥനയിൽ മുഴുകി. ചിലപ്പോഴൊക്കെ പൊട്ടിത്തെറിക്കുകയും ചെയ്തു. അദ്ദേഹം വി. കുർബാന ചൊല്ലിയിരുന്നത് മണിക്കൂറുകളാണ്. സമയം നോക്കി ചൊല്ലാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നില്ല. (ദൈവത്തിനുവേണ്ടി കുറച്ച് സമയം കൊടുക്കാൻ നമുക്ക് മടിയാണ്. ഈ മനോഭാവത്തെ പിയോ വളരെ വെറുത്തിരുന്നു.)



താൻ പറയുന്നതൊന്നും വിശ്വസിക്കാതെ മോൺസിഞ്ഞോർ അദ്ദേഹത്തെ കുറ്റപ്പെടുത്തി സംസാരിച്ചുകൊണ്ട് തന്നെ ഇരിക്കുന്നു. അപ്പോഴും പിയോ പറയുന്നു, നമ്മൾ നേരത്തെ കണ്ടിട്ടുണ്ടെന്ന്. അവസാനം പാദ്രേ പിയോ പറയുന്നു, മോൺസിഞ്ഞോർ ഒരു വൈദികനായിരുന്നപ്പോൾ യുദ്ധത്തിൽ പരിക്കു പറ്റി അഭയം തേടേണ്ടിവന്നു. ഒരു പട്ടാളക്കാരന് നേരെ വാതിലടച്ചതും ആ യുവപട്ടാളക്കാരന്റെ ദീനരോദനം ഇപ്പോഴും ആ കാതിൽ മുഴങ്ങുന്നുണ്ടെന്നും ഈ സംഭവം മോൺസിഞ്ഞോർ ബിഷപ്പിന്റെ മനഃസാക്ഷിയിൽ ഇപ്പോഴും ഒരു വേദനയായി അവശേഷിക്കുന്നുണ്ടെന്നും. ഈ കാര്യം കേട്ടുകഴിഞ്ഞപ്പോൾ മോൺസിഞ്ഞോർ പൊട്ടിക്കരഞ്ഞുപോയി. താൻ വർഷങ്ങൾക്കു മുൻപ് പ്രവർത്തിച്ച ഈ തിന്മ പിയോ വെളിപ്പെടുത്തിയപ്പോൾ ആ ബിഷപ്പ് പിയോയുടെ വിശുദ്ധി മനസ്സിലാക്കി. കർത്താവിന്റെ നോട്ട്ബുക്ക് ചിലപ്പോഴൊക്കെ പിയോയെ കർത്താവ് കാട്ടിയിരുന്നുവെന്ന് ആ ബിഷപ്പ് തിരിച്ചറിയുന്നു. അങ്ങനെ അദ്ദേഹം യഥാർത്ഥത്തിൽ ഒരു വിശുദ്ധനാണെന്ന് സഭ തരിച്ചറിയുന്നു. പക്ഷേ ഒരിക്കലും പിയോ സഭ തന്നോട് കാണിച്ച പ്രവർത്തിയോട് വിദ്വേഷം കാണിച്ചില്ല. പകരം അദ്ദേഹത്തിന്റെ വിശുദ്ധിക്കുവേ




ണ്ടിയാണ് സഭ അങ്ങനെ ചെയ്തതെന്ന് അദ്ദേഹം പറഞ്ഞു. ക്രിസ്തു ചിലപ്പോഴൊക്കെ നമ്മുടെ ഇടയിൽ വന്നിരിക്കാറുണ്ട്. നാം അവിടുത്തെ തിരിച്ചറിയാറില്ല. എമ്മാവൂസിലെ ശിഷ്യന്മാരെപ്പോലെ ചിലപ്പോഴൊക്കെ നാം അന്ധരുമാണ്. അവസാനരംഗത്തിൽ പാദ്രേ പിയോ ആകാശത്തിലെ നക്ഷത്രങ്ങളെ നോക്കിപ്പറയുന്നു,

How many gifts...
how many good things
how many miracles you gave me...
you came to live...
and to suffer, inside my body
me in you and you in me
What a great mystery
Thank you, my Lord
Alright... I am ready
Take me when you want
... Fadre Pie from Pictrelcina
.... and promise
to be faithful for all my life
and the life of the minor friends.

■





# ഉള്ളതു പറഞ്ഞാൽ...



പാരവയ്പ്പും പരദൂഷണവും ആയി നിറഞ്ഞാടുന്ന ടി.വി. സീരിയലുകൾ... അതുകഴിഞ്ഞാൽ "ഇപ്പം പുറത്തുവിടും, എന്റെ കൊച്ചിന്റെ തന്ത ഒരു മന്ത്രി, എന്നെ ഉപയോഗിച്ചു" എന്നീ സ്ഥിരം പദപ്രയോഗങ്ങളുമായി സംസ്ഥാനത്ത് ലൈംഗിക അരാജകത്വത്തിന്റെ ബ്രാൻഡ് അംബാസിഡറായ ഒരു സ്ത്രീ... അതിനു പിറകെ കോലും ക്യാമറയുമായി 'കാളപെറ്റു' എന്നു കേട്ടാൽ 'കയറെടുക്കുന്ന' കുറെ മാധ്യമ പ്രവർത്തകരും, ഒരു പണിയുമില്ലാതെ വന്നിരുന്ന് ജല്പനം നടത്തുന്ന കുറെ രാഷ്ട്രീയ നിരീക്ഷകന്മാരും... എല്ലാം കൂടെ നല്ല രസമാ സന്ധ്യയാകുമ്പോൾ ടി.വി. തുറന്നാൽ.



അഡ്വ. വിനോദ് മാത്യു വിൽസൺ



# സെൻസറിംഗ്




സ്വന്തമായി അഭിപ്രായം പറയണമെങ്കിൽ ഒരു ചാനൽ തുടങ്ങണം എന്ന സ്ഥിതിയാണ് നമ്മുടെ നാട്ടിൽ. മത, ഭാഷാ, ജാതി, രാഷ്ട്രീയ അടിസ്ഥാനത്തിലാണ് ചാനലുകൾ. രാജേഷ് സ....തയുടെ തുറന്നു പറച്ചിലിലൂടെ നമ്മൾ എന്താണ് കരുതേണ്ടത്? അത് പ്രമോദ്... മുഖ്യമന്ത്രി രാജിവയ്ക്കണം.. അവിടെ പോയിരുന്നു... കണ്ടിരുന്നു... കേട്ടിരുന്നു... ഒരുമിച്ച് ഭക്ഷണം കഴിച്ചിരുന്നു... ശ്ശെടാ.. ഇവന്റെ റിപ്പോർട്ടിംഗ് കേട്ടാൽ തോന്നും കേൾക്കുന്ന എനിക്കും ടി ടി റിപ്പോർട്ടറുടെ അഭിപ്രായം ആണെന്ന്.

സാധാരണ ഒരു വീട്ടമ്മ "സാർ എന്നെ അയാൾ പീഡിപ്പിച്ചു" എന്ന് ഏതേലും ഏമാനോട് പോയി പരാതി പറഞ്ഞാൽ, നടന്ന പീഡനത്തേക്കാൾ ഭീകരമായ പള്ളും പഴിയും കേൾക്കേണ്ടി വരും, അതേ ഏമാനിൽനിന്ന്.

ഏതോ ചാനലിലെ അവതാരികയായിരിക്കുകയാണ് ടി വനിത ഇപ്പോൾ. അപ്പോൾ ഇവൾ ഒക്കെ അവതരിപ്പിക്കുന്ന പരിപാടി ഒരു ഉളുപ്പും ഇല്ലാതെ മലയാളി തൊണ്ട തൊടാതെ വിഴുങ്ങും എന്നു മനസ്സിലായിട്ടല്ലേ ടി സ്ത്രീയെ അവതാരികയാക്കിയത്. രാത്രികാലങ്ങളിൽ ബസ് സ്റ്റാൻഡുകളിലും റെയിൽവേ സ്റ്റേഷനുകളിലും കാണുന്ന പലരും നാളെ ടെലിവിഷൻ അവതാരികമാർ ആയാൽ അത്ഭുതപ്പെടാറില്ല.

ഇത്രയും നാൾ കൂടെനിന്ന് എല്ലാം അനുഭവിച്ചിട്ട് ഒരു ദിവസം ഇറങ്ങി, സാറ് മോശക്കാരനാണെന്നും, വലിയ കഥകൾ എന്റെ പക്കൽ ഉണ്ടെന്നും പറയുന്നത് എത്രയോ മ്ലേച്ഛം. കുറ്റകൃത്യം കണ്ടാൽ അത് അപ്പോൾതന്നെ വിളിച്ച് പറയുന്നതല്ലേ മാന്യത. അങ്ങനെയുള്ള ആളുകൾ പറയുന്നത് ബ്രേക്കിംഗ് ന്യൂസ് ആയി എഴുതിവിടുന്നത് അതിനേക്കാൾ മ്ലേച്ഛം.

കുറ്റവാളിയെ സെലിബ്രിറ്റി ആക്കുന്നതും സെലിബ്രിറ്റിയെ കുറ്റവാളിയാക്കുന്നതും ഏതാണ്ട് പട്ടിയെ പൂച്ചയാക്കുന്നതുപോലെയാണ്. ചരിത്രം രേഖപ്പെടുത്തുന്നവർപോലും സംശയിക്കും അവർ കുറ്റവാളിയാണോ അതോ സെലിബ്രിറ്റിയാണോ എന്ന് തിരിച്ചറിയാൻ... ഇതാണ് നമ്മുടെ മാധ്യ സംസ്കാരം.



## വിവാഹിതരായി

**റോഷ് സാക്** വടക്കത്രയും **പിങ്കി ആൻ സാമും** തമ്മിലുള്ള വിവാഹം ഏപ്രിൽ 15–ാം തീയതി തൃക്കോമല സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽവച്ച് **അഭി. തോമസ് മാർ കൂറിലോസ്** പിതാവിന്റെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.



## വിവാഹിതരായി


ചക്കാലക്കുഴിയിൽ സി. ജെ. ജോണിന്റെയും ത്രേസ്യാമ്മ ജോണിന്റെയും മകൻ **ജോണും** വടക്കേടം വി. ജെ. ജോണിന്റെയും ലിസാമ്മ ജോണിന്റെയും മകൾ **അനു**വും തമ്മിലുള്ള വിവാഹം 2015 ജനുവരി 17–ാം തീയതി മുണ്ടിയാക്കൽ സെന്റ് തോമസ് മലങ്കര കത്തോലിക്കാ ദേവാലയത്തിൽവച്ച് **അഭി. വിൻസെന്റ് മാർ പൗലോസ്** പിതാവിന്റെ കാർമ്മികത്വത്തിൽ ആശീർവദിക്കപ്പെട്ടു.

Date of Publication: 28-04-2015 **AIKYADEEPAM MONTHLY** REG. NO. G/KL/TLA/40/2015-17
Price ₹ 10/- Marygiri, Tiruvalla, Kerala. Ph: 0469-2600626. Fax: 0469-2600822 **R.N.I. 35982/80**
**May 2015**



## Unique features of BCN

- Ragging Free Campus
- Wi-Fi Green Campus with in the city
- Sophisticated Class Rooms & Labs
- Well Structured Library & Computer lab
- Excellent & Experienced Faculty
- National Conferences & Workshops
- Multi Specialty Hospital facility
- Tie-up with Apollo, Care, Max, Fortis Hospitals
- Affiliated to CCNCA, XBHE, AIOH, AIEACH
- IELTS Coaching for Abroad Job
- Special English Coaching
- Guaranteed Placements in India & Aboard
- Affordable Fee Structure
- Banking & ATM Facilities
- Safe Hostel Facilities inside the Campus
- Round the Clock Security Service
- Excellent Mess Facility
- Air Cooled Hostel Rooms







# Bethany College of Nursing, Bhilai

***Managed by Bethany Fathers***

Recognised by Indian Nursing Council & C.G. Nursing Council, Raipur
Affiliated to C.G. Ayush and Health Science University, Raipur

**BORSI, DURG, CHHATTISGARH, 491001**

**Tel: 0788 - 2329949, 2344025**
**07566661234, 08349764658**
**Email: bethanycollegeofnursing@gmail.com**
**www.bcn-bhilai.com**

## Admission Open for 2015-2016 Session

# B.Sc. Nursing (4 years)
# M.Sc. (2 years)
**(CHN, MHN, MSN, PED.N, CHN, OBG)**

*Application are available from 15th April on wards in all Bethany Institutions:*



**Mount Bethany School**
Mylapra, Pathanamthitta. Mob: 08819851234
**Girideepam Bethany School**
Vadavathoor, Kottayam. Tel: 0481-2578789
**Cherupushpa Bethany School**
Chunakkara Alappuzha. Mob:0945922765
**Mar Ivanios Bethany School**
Kalayapuram, Kottarakkara. Mob:09497377517
**Navajeevan Bethany Vidyalaya**
Nalachira, TVM-15. Mob: 7566661234

FORMING NURSES WHO CARE WITH CHARITY & COMMITMENT

*Printed and Published by Fr. Thomas Kodinattumkunnel, Published from Marygiri, Archbishop's House, Tiruvalla, Kerala and Printed at Dona Press, Kottayam. Kerala, Chief Editor : Fr. Varghese Chamakalayil*